# ടൈംസ് ഓഫ് അമേരിക്കൻമലയാളി
## സാംസ്കാരികം

TIMES OF AMERICAN MALAYALI

2026
ഏപ്രിൽ





Chief Editor: **George Thazhakara**
Tel: + 944 73 55710, 8921587848
e-mail:**georgethazhakara@gmail.com**


www.timesofamericanmalayali.com




എന്റെ പ്രിയപ്പെട്ട നാട്ടുകാരേ, നമസ്കാരം.


മൻ കി ബാത്‌ലേക്ക് ഏവർക്കും ഒരിക്കൽക്കൂടി സ്വാഗതം. ഇ ൗ മാർച്ച് മാസം ആഗോളതലത്തിൽ വളരെ പ്രക്ഷുബ്ധമായിരുന്നു. കോവിഡ് കാരണം മുൻപ് ലോകം മുഴുവൻ വളരെക്കാലം നിരവധി പ്രശ്നങ്ങൾ നേരിട്ടിരുന്നുവെന്ന് നമുക്കെല്ലാവർക്കും ഓർമ്മയുണ്ടല്ലോ. കൊറോണ പ്രതിസന്ധിയിൽ നിന്ന് കരകയറിയ ശേഷം, ലോകം പുരോഗതിയുടെ പുതിയ പാതയിലേക്ക് മുന്നേറുമെന്ന് നമ്മൾ എല്ലാവരും പ്രതീക്ഷിച്ചു . എന്നാൽ, ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ തുടർച്ചയായി യുദ്ധത്തിന്റെയും സംഘർഷത്തിന്റെയും സാഹചര്യങ്ങൾ ഉയർന്നുവന്നിരിക്കുന്നു. നിലവിൽ, ഒരു മാസമായി നമ്മുടെ അയൽപക്കത്ത് ഒരു ഭയാനകമായ യുദ്ധം നടന്നുവരുന്നു. നമ്മുടെ ലക്ഷക്കണക്കിന് കുടുംബാംഗങ്ങൾ ഈ രാജ്യങ്ങളിൽ താമസിക്കുന്നു, പ്രത്യേകിച്ച് ഗൾഫ് രാജ്യങ്ങളിൽ ജോലി ചെയ്യുന്നു. അവിടെയുള്ള ഒരു കോടിയിലധികം വരുന്ന ഭാരതീയർക്ക് എല്ലാത്തരം സഹായങ്ങളും നൽകുന്ന ഗൾഫ് രാജ്യങ്ങളോട് ഞാൻ നന്ദിയുള്ളവനാണ്.


**കോടതി കഥകൾ – 36**
പ്ലീഡർ അയ്യങ്കാരുടെ
രാമേശ്വരം കൗപീനം
**അഡ്വ. വർഗീസ് പി. തോമസ്** .......... **4**




ഗുമസ്തൻ താണുപിള്ളയ്ക്കു പ്രായം അറുപതിനോടടുത്ത്. വെളുപ്പിനേ പ്ലീഡർ അയ്യങ്കാർ കുളിച്ചുതൊഴുതു പൂജാമുറിയിൽ കയറിയാൽ നാമജപങ്ങൾ മുക്കാൽ മണിക്കൂർ നടത്തി ഭസ്മംതൊട്ട് പുറത്തുവരും. പിന്നെ പത്തു മണി വരെ ഓഫിസിലിരുന്നു കേസുകൾ പഠിക്കും. എട്ടു മണിയോടെ ഗുമസ്തൻ താണുപിള്ള എത്തിയിരിക്കും.


**പുസ്തക പരിചയം**
ചിത്രമെഴുത്ത് കെ.എം.വറുഗീസിന്റെ
ചരിത്രകഥകൾ
**ഡോ.പോൾ മണലിൽ** .......... **6**



**മറ്റു പംക്തികൾ**

# ചരിത്രവഴികളിലൂടെ സഞ്ചരിച്ച
# കെ.എൻ.പണിക്കർ

**(1942 മെയ് 2–2026 മാർച്ച് 09)**

**ജോർജ് തഴക്കര**



**ആ**ധുനിക ഇന്ത്യയിലെ പ്രമുഖ ചരിത്രകാരനും ഇടതുചിന്തകനും സാംസ്കാരിക പ്രവർത്തകനുമായിരുന്നു ഡോ.കെ.എൻ.പണിക്കർ.

രാജസ്ഥാൻ സർവ്വകലാശാല അദ്ധ്യാപകൻ, ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പബ്ലിക് അഡ്മിനിസ്ട്രേഷൻ റിസേർച്ച് ഓഫീസർ, ജെ.എൻ.യു സെന്റർ ഫോർ ഹിസ്റ്റോറിക്കൽ സ്റ്റഡീസ് അസോഷ്യേറ്റ് പ്രൊഫസർ, ചരിത്രവിഭാഗം അദ്ധ്യക്ഷൻ, സ്കൂൾ ഓഫ് സോഷ്യൽ സയൻസസ് ഡീൻ, ആർക്കൈവ്സ് ഓഫ് കണ്ടംപററി ഹിസ്റ്റോറിക്കൽ ചെയർമാൻ, കാലടി സംസ്കൃത സർവ്വകലാശാല വൈസ് ചാൻസിലർ, കേരള ഹിസ്റ്റോറിക്കൽ കൗൺസിൽ അദ്ധ്യക്ഷൻ എന്നീ നിലകളിൽ അദ്ദേഹം പ്രവർത്തിച്ചു.

"ഇന്ത്യയുടെ കഴിഞ്ഞ അരനൂറ്റാണ്ടിൽ ചരിത്രം അനിഷേധ്യമായും ഒരു സമരമുഖമായി മാറി എന്ന് കാണാൻ കഴിയും. കെ.എൻ. ഉൾപ്പെടുന്ന പ്രമുഖ ചരിത്രകാരന്മാർ ഈ പോർമുഖത്ത് കുറേക്കാലമായി സജീവസാന്നിദ്ധ്യമാണ്. ഈ സമരവീഥിയിൽ ദൃഢപ്രത്യയത്തോടെ നിലയുറപ്പിച്ചുകൊണ്ട് കെ.എൻ. മുന്നോട്ടുവെച്ച ചരിത്രവാദമുഖങ്ങളുടെ യുക്തിഭദ്രതയും കെട്ടുറപ്പും പ്രത്യേകം പ്രസ്താവ്യമാണ്. ഇത്തരം പ്രത്യയശാസ്ത്ര പടക്കളങ്ങളിലുള്ള പണിക്കരുടെ സാന്നിദ്ധ്യം അദ്ദേഹത്തിന്റെ ഔന്നത്യം ഉത്തരോത്തരം ഉയർത്തുന്നു. ഇക്കാലത്ത് നമ്മുടെ രാജ്യത്ത് കെ.എന്നിനെപ്പോലെയുള്ള വ്യക്തികൾ അപൂർവ്വമത്രേ" എന്ന റൊമില ഥാപ്പറിന്റെ പ്രസ്താവത്തിൽ നിന്നും കെ.എൻ.പണിക്കർ ആധുനിക ഇന്ത്യാചരിത്രത്തിൽ എത്രയധികം സ്വാധീനം ചെലുത്തിയെന്നു മനസ്സിലാക്കുവാൻ കഴിയും.

ഇംഗ്ലീഷിലും മലയാളത്തിലുമായി മുപ്പതിലധികം കൃതികൾ എഴുതിയിട്ടുള്ള കെ.എൻ.പണിക്കർ ബൗദ്ധികചരിത്രം, പ്രാദേശിക ചരിത്രം എന്നീ ശാഖകൾ രൂപപ്പെടുത്തുന്നതിൽ നിർണ്ണായക പങ്കുവഹിച്ചു. ജനകീയ ചരിത്ര രചനയ്ക്കു രീതിശാസ്ത്രം രൂപപ്പെടുത്തുന്നതിൽ വലിയ പങ്കു വഹിച്ചു.

ഗുരുവായൂർ തൈക്കാട് കണ്ടിയൂർ കുടുംബത്തിൽ 1936ൽ ജനിച്ചു. തൈക്കാട് കൃഷ്ണൻ നായരുടെയും ഇച്ചുക്കുട്ടി അമ്മയുടെയും മകൻ. പരസ്പര സഹായികളായി കഴിഞ്ഞ വിവിധ മതസ്ഥരുടെ ജീവിതവുമായി ബന്ധപ്പെട്ടാണ് പണിക്കരുടെ ബാല്യകാല വളർച്ച. തറവാടിന്റെ പടിഞ്ഞാറു ഭാഗത്ത് ഒരു മുസ്ലീം പള്ളി. വടക്കു ഭാഗത്ത് ഒരു ക്രിസ്ത്യൻ കുടുംബം. കിഴക്ക് ഭാഗത്ത് ഒരു നായർ തറവാടും തെക്കുഭാഗത്ത് ഒരു ഈഴവ കുടുംബവും. സാമൂഹിക ബന്ധത്തിന്റെ ആദ്യപാഠങ്ങൾ അവിടെനിന്നും ലഭിച്ചു. ഹിന്ദു കുടുംബത്തിലെ അംഗമായിരുന്നുവെങ്കിലും ഹിന്ദുവിശ്വാസത്തിന് അവിടെ വലിയ പ്രാധാന്യം ഉണ്ടായിരുന്നില്ല. പിതൃക്കളുടെ മുന്നിൽ വിളക്കുവയ്ക്കും. മച്ചിനു മുന്നിൽ നടത്തിയിരുന്ന സന്ധ്യാപ്രാർത്ഥന എന്നിവയിൽ മതപരമായ ആചാരങ്ങൾ അവസാനിച്ചിരുന്നു. അപൂർവ്വമായി മാത്രമെ അമ്മ ക്ഷേത്രത്തിൽ പോകുമായിരുന്നുള്ളു. എന്നാൽ അടുത്തുള്ള മുസ്ലീം പള്ളിയിൽ അരിയും എണ്ണയും തേങ്ങയും മറ്റും കൊടുത്തു വിടുമായിരുന്നു. അതൊരിക്കലും നേർച്ചയായിരുന്നില്ല. മറ്റൊരു മതത്തിനോടുള്ള മനോഭാവം എങ്ങനെയായിരിക്കണമെന്ന് ചെറുപ്രായത്തിൽ തന്നെ പണിക്കർ അമ്മയിൽ നിന്നും പഠിച്ചു. കൂട്ടുകുടുംബമായിരുന്നതിനാൽ അമ്മയുടെ സഹോദരിമാരും അവരുടെ കുട്ടികളും അവിടെയാണ് വളർന്നത്. അമ്മയുടെ സഹോദരിയോടൊപ്പമായിരുന്നു പണിക്കർ ക്ഷേത്രത്തിൽ പൊയ്ക്കൊണ്ടിരുന്നത്.

➲6




**പ്രധാനമന്ത്രി ശ്രീ. നരേന്ദ്ര മോദി 2026 മാർച്ച് 29ന് രാവിലെ 11 മണിയ്ക്ക് ആകാശവാണിയിലൂടെ നടത്തിയ പ്രക്ഷേപണത്തിന്റെ മലയാള പരിഭാഷ**

132

# മനസ്സ് പറയുന്നത്

എന്റെ പ്രിയപ്പെട്ട നാട്ടുകാരേ, നമസ്കാരം.

മൻ കി ബാത്‌ലേക്ക് ഏവർക്കും ഒരിക്കൽക്കൂടി സ്വാഗതം. ഇ ഈ മാർച്ച് മാസം ആഗോളതലത്തിൽ വളരെ പ്രക്ഷുബ്ധമായിരുന്നു. കോവിഡ് കാരണം മുൻപ് ലോകം മുഴുവൻ വളരെക്കാലം നിരവധി പ്രശ്നങ്ങൾ നേരിട്ടിരുന്നുവെന്ന് നമുക്കെല്ലാവർക്കും ഓർമ്മയുണ്ടല്ലോ. കൊറോണ പ്രതിസന്ധിയിൽ നിന്ന് കരകയറിയ ശേഷം, ലോകം പുരോഗതിയുടെ പുതിയ പാതയിലേക്ക് മുന്നേറുമെന്ന് നമ്മൾ എല്ലാവരും പ്രതീക്ഷിച്ചു. എന്നാൽ, ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ തുടർച്ചയായി യുദ്ധത്തിന്റെയും സംഘർഷത്തിന്റെയും സാഹചര്യങ്ങൾ ഉയർന്നുവന്നിരിക്കുന്നു. നിലവിൽ, ഒരു മാസമായി നമ്മുടെ അയൽപക്കത്ത് ഒരു ഭയാനകമായ യുദ്ധം നടന്നുവരുന്നു. നമ്മുടെ ലക്ഷക്കണക്കിന് കുടുംബാംഗങ്ങൾ ഈ രാജ്യങ്ങളിൽ താമസിക്കുന്നു, പ്രത്യേകിച്ച് ഗൾഫ് രാജ്യങ്ങളിൽ ജോലി ചെയ്യുന്നു. അവിടെയുള്ള ഒരു കോടിയിലധികം വരുന്ന ഭാരതീയർക്ക് എല്ലാത്തരം സഹായങ്ങളും നൽകുന്ന ഗൾഫ് രാജ്യങ്ങളോട് ഞാൻ നന്ദിയുള്ളവനാണ്.

**ഭാരതത്തിന്റെ ശക്തി അതിന്റെ കോടിക്കണക്കിന് ജനങ്ങളിലാണ്. ഇന്ന്, മൻ കി ബാത് എന്ന പരിപാടിയിൽ, നമ്മുടെ രാജ്യത്തെ ജനങ്ങളുടെ പങ്കാളിത്തമനോഭാവത്തെ പ്രതിഫലിപ്പിക്കുന്ന ഒരു സംരംഭത്തെക്കുറിച്ച് ഞാൻ നിങ്ങളോട് പറയാൻ ആഗ്രഹിക്കുന്നു. ഈ സംരംഭം ഗ്യാൻ ഭാരതം സർവേ യാണ്, ഇത് നമ്മുടെ മഹത്തായ സംസ്കാരവുമായും സമ്പന്നമായ പൈതൃകവുമായും ബന്ധപ്പെട്ടിരിക്കുന്നു. രാജ്യത്തുടനീളമുള്ള മാനുസ്ക്രിപ്റ്റുകളെ അതായത് കൈയെഴുത്തുപ്രതികളെക്കുറിച്ചുള്ള വിവരങ്ങൾ ശേഖരിക്കുക എന്നതാണ് ഇതിന്റെ ലക്ഷ്യം. ഈ സർവേയിൽ പങ്കെടുക്കാനുള്ള ഒരു മാർഗം ഗ്യാൻ ഭാരതം ആപ്പ് വഴിയാണ്. നിങ്ങൾക്ക് ഒരു മാനുസ്ക്രിപ്റ്റോ, കൈയെഴുത്തുപ്രതിയോ, അല്ലെങ്കിൽ അതിനെക്കുറിച്ചുള്ള വിവരങ്ങളോ ഉണ്ടെങ്കിൽ, ദയവായി അതിന്റെ ഫോട്ടോ ഗ്യാൻ ഭാരതം ആപ്പിൽ ഷെയർ ചെയ്യുക.**

സുഹൃത്തുക്കളേ,

നിലവിൽ യുദ്ധം നടക്കുന്ന പ്രദേശം നമ്മുടെ ഊർജ്ജ ആവശ്യങ്ങളുടെ ഒരു പ്രധാന കേന്ദ്രമാണ്. ഇക്കാരണത്താൽ, പെട്രോളും ഡീസലും സംബന്ധിച്ച് ലോകമെമ്പാടും ഒരു പ്രതിസന്ധി ഉണ്ടായിരിക്കുകയാണ്. നമ്മുടെ ആഗോള ബന്ധങ്ങൾ, വിവിധ രാജ്യങ്ങളിൽ നിന്ന് നമുക്ക് ലഭിക്കുന്ന പിന്തുണ, സഹകരണം, കഴിഞ്ഞ ദശകത്തിൽ രാജ്യം കെട്ടിപ്പടുത്ത കരുത്ത് എന്നിവയാണ് ഭാരതത്തിനെ ഈ സാഹചര്യങ്ങളെ ധൈര്യപൂർവ്വം നേരിടാൻ പ്രാപ്തമാക്കിയത്.

സുഹൃത്തുക്കളേ,

ഇത് ശരിക്കും വെല്ലുവിളി നിറഞ്ഞ സമയമാണ്. ഇന്ന്, മൻ കി ബാത് വഴി, ഞാൻ എന്റെ എല്ലാ നാട്ടുകാരോടും ഒരിക്കൽ കൂടി അഭ്യർത്ഥിക്കുന്നത്, നമ്മൾ ഒന്നിച്ച് ഈ വെല്ലുവിളിയെ മറികടക്കണമെന്നാണ്. ഈ വിഷയത്തെ രാഷ്ട്രീയവൽക്കരിക്കുന്നവർ അങ്ങനെ ചെയ്യുന്നതിൽ നിന്ന് വിട്ടുനിൽക്കണം. ഇത് 140 കോടി പൗരന്മാരുടെ താൽപ്പര്യങ്ങളെ സംബന്ധിച്ച കാര്യമാണ്; സ്വാർത്ഥ രാഷ്ട്രീയത്തിന് ഇവിടെ സ്ഥാനമില്ല. അതിനാൽ, കിംവദന്തികൾ പ്രചരിപ്പിക്കുന്നവർ രാജ്യത്തിന് കാര്യമായ ദോഷം വരുത്തുന്നു. എല്ലാ പൗരന്മാരോടും ജാഗ്രത പാലിക്കാനും കിംവദന്തികളിൽ വഴിതെറ്റാതിരിക്കാനും ഞാൻ അഭ്യർത്ഥിക്കുന്നു. സർക്കാർ നിരന്തരമായി നൽകുന്ന വിവരങ്ങൾ വിശ്വസിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ പ്രവർത്തിക്കുകയും ചെയ്യുക. എല്ലായ്പ്പോഴും എന്നപോലെ, നമ്മുടെ 140കോടി പൗരന്മാരുടെ ശക്തിയാൽ കഴിഞ്ഞ പ്രതിസന്ധികളെ മറികടന്നതുപോലെ, ഇത്തവണയും, ഈ ദുഷ്കരമായ സാഹചര്യത്തിൽ നിന്ന് നമ്മൾ ഒരുമിച്ച് വിജയിക്കുമെന്ന് എനിക്ക് ഉറപ്പുണ്ട്.

എന്റെ പ്രിയപ്പെട്ട നാട്ടുകാരേ,

ഭാരതത്തിന്റെ ശക്തി അതിന്റെ കോടിക്കണക്കിന് ജനങ്ങളിലാണ്. ഇന്ന്, മൻ കി ബാത് എന്ന പരിപാടിയിൽ, നമ്മുടെ രാജ്യത്തെ ജനങ്ങളുടെ പങ്കാളിത്തമനോഭാവത്തെ പ്രതിഫലിപ്പിക്കുന്ന ഒരു സംരംഭത്തെക്കുറിച്ച് ഞാൻ നിങ്ങളോട് പറയാൻ ആഗ്രഹിക്കുന്നു. ഈ സംരംഭം ഗ്യാൻ ഭാരതം സർവേയാണ്, ഇത് നമ്മുടെ മഹത്തായ സംസ്കാരവുമായും സമ്പന്നമായ പൈതൃകവുമായും ബന്ധപ്പെട്ടിരിക്കുന്നു. രാജ്യത്തുടനീളമുള്ള മാനുസ്ക്രിപ്റ്റുകളെ അതായത് കൈയെഴുത്തുപ്രതികളെക്കുറിച്ചുള്ള വിവരങ്ങൾ ശേഖരിക്കുക എന്നതാണ് ഇതിന്റെ ലക്ഷ്യം. ഈ സർവേയിൽ പങ്കെടുക്കാനുള്ള ഒരു മാർഗം ഗ്യാൻ ഭാരതം ആപ്പ് വഴിയാണ്. നിങ്ങൾക്ക് ഒരു മാനുസ്ക്രിപ്റ്റോ, കൈയെഴുത്തുപ്രതിയോ, അല്ലെങ്കിൽ അതിനെക്കുറിച്ചുള്ള വിവരങ്ങളോ ഉണ്ടെങ്കിൽ, ദയവായി അതിന്റെ ഫോട്ടോ ഗ്യാൻ ഭാരതം ആപ്പിൽ ഷെയർ ചെയ്യുക. ഓരോ എൻട്രിയുമായി ബന്ധപ്പെട്ട വിവരങ്ങൾ നൽകുന്നതിനു മുമ്പ് പരിശോധിച്ചുറപ്പിച്ചിരിക്കണം. ആയിരക്കണക്കിന് കൈയെഴുത്തുപ്രതികൾ ഇതിനോടകംഷെയർ ചെയ്തതിൽ എനിക്ക് സന്തോഷമുണ്ട്. ഉദാഹരണത്തിന്, അരുണാചൽ പ്രദേശിലെ നാംസായിയിലെ ചാവോ നന്തിസിംധ് ലോകാങ്, തായ് ലിപിയിലുള്ള കൈയെഴുത്തുപ്രതികൾ പങ്കിട്ടു. അമൃത്സറിലെ അമിത് സിംഗ് റാണ, നമ്മുടെ മഹത്തായ സിഖ് പാരമ്പര്യവുമായും പഞ്ചാബി ഭാഷയുമായും അടുത്ത ബന്ധമുള്ള ഗുരുമുഖി ലിപിയിലുള്ള കൈയെഴുത്തുപ്രതികൾ ഷെയർ ചെയ്തു. ചില സ്ഥാപനങ്ങൾ പാം ലീഫിൽ എഴുതിയ മാനുസ്ക്രിപ്റ്റ് സംഭാവന ചെയ്തിട്ടുണ്ട്. രാജസ്ഥാനിലെ അഭയ് ജെയിൻ ലൈബ്രറി കോപ്പർ പ്ലേറ്റുകളിൽ എഴുതിയ ധാരാളംപുരാതന മാനുസ്ക്രിപ്റ്റുകൾ ഷെയർ ചെയ്തു. അതേസമയം, ലഡാക്കിലെ ഹാമിസ് മൊണാസ്ട്രി വിലയേറിയ ടിബറ്റൻ കൈയെഴുത്തുപ്രതികളെക്കുറിച്ചുള്ള വിവരങ്ങൾ നൽകിയിട്ടുണ്ട്. ഞാൻ കുറച്ച് ഉദാഹരണങ്ങൾ മാത്രമാണ് നൽകിയിരിക്കുന്നത്. ഈ സർവേ ജൂൺ പകുതി വരെ തുടരും. നമ്മുടെ സംസ്കാരവുമായി ബന്ധപ്പെട്ട ഏടുകൾ കണ്ടെത്താനും പങ്കിടാനും ഞാൻ നിങ്ങളെല്ലാവരോടും അഭ്യർത്ഥിക്കുന്നു.

എന്റെ പ്രിയപ്പെട്ട നാട്ടുകാരേ,

ഭാരതം ലോകത്തിൽഏറ്റവും കൂടുതൽ യുവതീയുവാക്കളുള്ള രാജ്യമാണ്. രാജ്യത്തെ യുവാക്കളുടെ ശക്തി രാഷ്ട്രനിർമ്മാണത്തിൽ പ്രയോജനപ്പെടുത്തുന്നത് വളരെ സഹായകമാകും. രാഷ്ട്രനിർമ്മാണത്തിന്റെ ഈ ഉത്തരവാദിത്തം നിറവേറ്റുന്നതിൽമേരാ യുവ ഭാരത്അഥവാ മൈ ഭാരത് സംഘാതൻ ഒരു പ്രധാന പങ്ക് വഹിക്കുന്നു. ഈ സംഘടന രാജ്യത്തെ യുവാക്കളെ വിവിധ പോസിറ്റീവ് പ്രവർത്തനങ്ങളുമായി ബന്ധിപ്പിക്കുന്നു. അടുത്തിടെ, മൈ ഭാരത് ബജറ്റ് ക്വസ്റ്റ് സംഘടിപ്പിച്ചു. രാജ്യത്തുടനീളമുള്ള യുവാക്കളെ ബജറ്റ് പ്രക്രിയയുമായും നയരൂപീകരണവുമായും ബന്ധിപ്പിക്കുക എന്നതായിരുന്നു ഇതിന്റെ ലക്ഷ്യം. രാജ്യത്തുടനീളമുള്ള ഏകദേശം 12 ലക്ഷം യുവാക്കൾ ക്വിസിൽ പങ്കെടുത്തു. ക്വിസിനെ തുടർന്ന്, ഏകദേശം 1,60,000 പേരെ ഉപന്യാസ മത്സരത്തിനായിതെരഞ്ഞെടുത്തു. ഈ ഉപന്യാസങ്ങളിൽ ചിലത് വായിക്കാനുള്ള അവസരം എനിക്കും ലഭിച്ചു. എന്റെ യുവ സുഹൃത്തുക്കൾ രാജ്യത്തിന്റെ വികസനത്തിന് സംഭാവന ചെയ്യാൻ എത്രമാത്രം ആഗ്രഹിക്കുന്നുവെന്ന് ഇതിൽനിന്നും മനസ്സിലാക്കാം. തെലങ്കാനയിലെ സൂര്യാപേട്ടിൽ നിന്നുള്ള കോട്‌ല രഘുവീർ റെഡ്ഡി, ഉത്തർപ്രദേശിലെ ബരാബങ്കിയിൽ നിന്നുള്ള സൗരഭ് ബൈസ്വാർ, ബീഹാറിലെ ഗോപാൽഗഞ്ചിൽ നിന്നുള്ള സുമിത് കുമാർ എന്നിവർ കർഷക ക്ഷേമവുമായി ബന്ധപ്പെട്ട വിഷയങ്ങളെക്കുറിച്ച് എഴുതി. പഞ്ചാബിലെ മൊഹാലിയിൽ നിന്നുള്ള ആഞ്ചലും ഒഡീഷയിലെ കേന്ദ്രപാടയിൽ നിന്നുള്ള ഓം പ്രകാശ് രത്തും സ്ത്രീകൾ നയിക്കുന്ന വികസനം എങ്ങനെ മുന്നോട്ട് കൊണ്ടുപോകാം എന്നതിനെക്കുറിച്ചുള്ള തങ്ങളുടെ അഭിപ്രായങ്ങൾ പങ്കുവെച്ചു. ഹരിയാനയിലെ യമുനനഗറിൽ നിന്നുള്ള പ്രഥം ബരാർ എഴുതിയത് ഹരിതവും വൃത്തിയുള്ളതുമായ ഭാരതമാണ് സമൃദ്ധഭാരതത്തിലേക്കുള്ള പാത എന്നാണ്. ഇത് അദ്ദേഹത്തിന്റെ ഗഹന ചിന്തയെ പ്രതിഫലിപ്പിക്കുന്നു. ഗ്രാമപ്രദേശങ്ങളിലെ കായിക പ്രതിഭകളെ തിരിച്ചറിയാൻ കൂടുതൽ ശ്രമങ്ങൾ നടത്തണമെന്ന് ഡൽഹിയിൽ നിന്നുള്ള ശംഖ് ഗുപ്ത നിർദ്ദേശിക്കുന്നു. നൈപുണ്യ വികസനവും ബിസിനസ് ചെയ്യുന്നത് ലളിതമാക്കലും എന്ന വിഷയത്തിൽ ഞങ്ങളുടെ യുവ സഹപ്രവർത്തകർ അവരുടെ ആശയങ്ങൾ പങ്കുവെച്ചിട്ടുണ്ട്. ആശയങ്ങൾ പങ്കുവയ്ക്കുന്ന എല്ലാ യുവാക്കളെയും ഞാൻ അഭിനന്ദിക്കുന്നു. രാജ്യത്തെ മുന്നോട്ട് കൊണ്ടുപോകുന്നതിൽ ഈ ആശയങ്ങൾ നിർണായകമാണ്.

എന്റെ പ്രിയപ്പെട്ട നാട്ടുകാരേ,

ഈ മാസം രാജ്യത്തുടനീളമുള്ള ക്രിക്കറ്റ് ആരാധകർക്ക് ആവേശവും ഉത്സാഹവും നിറഞ്ഞതാണ്. ടി20 ലോകകപ്പിൽ ഭാരതം ചരിത്ര വിജയം നേടിയപ്പോൾ, രാജ്യമെമ്പാടും സന്തോഷത്തിന്റെ തിരമാല അലയടിച്ചു. നമ്മുടെ ടീമിന്റെ ഗംഭീര വിജയത്തിൽ നമുക്കെല്ലാവർക്കും വളരെ അഭിമാനമുണ്ട്. കഴിഞ്ഞ മാസം അവസാനം, കർണാടകയിലെ ഹൂബ്ലിയിൽ ഒരു ആവേശകരമായ മത്സരം നടന്നു. ഈ മത്സരത്തിൽ ജമ്മു കശ്മീർ ക്രിക്കറ്റ് ടീം രഞ്ജി ട്രോഫി നേടി. ഏഴ് പതിറ്റാണ്ടോളം നീണ്ട കാത്തിരിപ്പിന് ശേഷം ടീം ആദ്യത്തെ രഞ്ജി ട്രോഫി കിരീടം നേടിയത് സന്തോഷകരമാണ്. കളിക്കാരുടെ വർഷങ്ങളായുള്ള നിരന്തര പരിശ്രമത്തിന്റെ ഫലമാണ് ഈ അഭൂതപൂർവമായ വിജയം. ടീം ക്യാപ്റ്റൻ പാരസ് ഡോഗ്ര ശ്രദ്ധേയമായ പ്രകടനം കാഴ്ചവച്ചു. ഈ വിജയത്തിൽ അദ്ദേഹത്തിന്റെ നേതൃത്വം നിർണായക പങ്ക് വഹിച്ചു. രഞ്ജി സീസണിൽ60 വിക്കറ്റുകൾ നേടിയ യുവ കശ്മീരി ബൗളർ ആഖിബ് നബിയുടെ പ്രകടനം രാജ്യമെമ്പാടും വ്യാപകമായി ചർച്ച ചെയ്യപ്പെടുന്നു. ഈ വിജയം ടീമിലെ കളിക്കാരെയും പരിശീലകരെയും അതോടൊപ്പം ജമ്മു കശ്മീരിലെ ജനങ്ങളെയും ആവേശഭരിതരാക്കി. ക്രിക്കറ്റ് മൈതാനത്തിലെ ഈ ശ്രദ്ധേയമായ പ്രകടനത്തിനുശേഷം അവിടത്തെ യുവാക്കൾക്കിടയിൽ കായിക ➲10

## കോടതിക്കഥകൾ – 36

# പ്ലീഡർ അയ്യങ്കാരുടെ രാമേശ്വരം കൗപീനം



അഡ്വ.വർഗീസ് പി. തോമസ്

**ഗു**മസ്തൻ താണുപിള്ളയ്ക്കു പ്രായം അറുപതിനോടടുത്ത്. വെളുപ്പിനേ പ്ലീഡർ അയ്യങ്കാർ കുളിച്ചുതൊഴുതു പൂജാമുറിയിൽ കയറിയാൽ നാമജപങ്ങൾ മുക്കാൽ മണിക്കൂർ നടത്തി ഭസ്മംതൊട്ട് പുറത്തുവരും. പിന്നെ പത്തു മണി വരെ ഓഫിസിലിരുന്നു കേസുകൾ പഠിക്കും. എട്ടു മണിയോടെ ഗുമസ്തൻ താണുപിള്ള എത്തിയിരിക്കും.

മധ്യകേരളത്തിലെ ഒരു ജില്ലാ കോടതി. ആ ബാറിലെ അംഗമായിരുന്നു പ്ലീഡർ അയ്യങ്കാർ. അദ്ദേഹത്തിന്റെ പൂർവികർ രാമേശ്വരം ദേശക്കാർ. ചെറുപ്പത്തിലേ പിതാവിനൊപ്പം സെൻട്രൽ ട്രാവൻകൂറിലെത്തി. തുടർവിദ്യാഭ്യാസം ഇവിടെ നടത്തി. അയ്യങ്കാർ മെട്രിക്കുലേഷൻ കഴിഞ്ഞ് പ്ലീഡർ പരീക്ഷ പാസായി. അങ്ങനെ വക്കീൽ തൊഴിലിന് ആരംഭം കുറിച്ചു. പിൽക്കാലത്ത് തൊഴിലിൽ പ്രാഗല്ഭ്യം തെളിയിച്ചു. ഭാര്യയുണ്ട്, മക്കളില്ല, പ്രാരബ്ധമില്ല, പ്രായമെത്തിയപ്പോൾ ശിഷ്യരില്ല, സ്വസ്ഥം ഗൃഹഭരണം.

പ്ലീഡർ പരീക്ഷ പാസായതിനാൽ ചില നിബന്ധനകളോടെ പ്രാക്ടീസ് ചെയ്യാൻ അനുവാദം ഉണ്ടായിരുന്നു. കീഴ്ക്കോടതികളിൽ മാത്രം തൊഴിൽ ചെയ്യാൻ അനുമതി നൽകിയിരുന്നു. അഡ്വക്കറ്റ് എന്ന നാമം ഔദ്യോഗികമായ പേരിനു മുൻപ് ചേർക്കാൻ അനുവദിച്ചിരുന്നില്ല. അക്കാലത്ത് ബി.എൽ കഴിഞ്ഞാലും പ്രാക്ടീസ് ചെയ്യാൻ ബാർ കൗൺസിൽ പരീക്ഷ പാസാകണമായിരുന്നു. അഡ്വക്കറ്റ് എന്ന സ്ഥാനം പേരിനൊപ്പം ചേർക്കാൻ അർഹത നിയമബിരുദം ഉള്ളവർക്കു മാത്രമായി നിജപ്പെടുത്തിയിരുന്നു. പ്ലീഡർ ആയിരുന്ന അദ്ദേഹത്തിന് അഡ്വക്കറ്റ് ധരിക്കുന്ന ഗൗൺ ധരിക്കാതെ ഓവർകോട്ടും റോബും അണിയാമായിരുന്നു. സത്യവാങ്മൂലം സാക്ഷ്യപ്പെടുത്തുന്നതിന് അഡ്വക്കറ്റിന് ഉണ്ടായിരുന്ന അധികാരം പ്ലീഡർക്ക് ഇല്ലായിരുന്നു. പൊതുവേ എല്ലാവരെയും വക്കീൽ എന്നു വിളിച്ചിരുന്നു.

**അഡ്വക്കറ്റ് ആക്ട് നിലവിൽ വന്നപ്പോൾ പ്ലീഡർമാർക്ക് നിഷേധിക്കപ്പെട്ട പല അവകാശങ്ങളും തിരികെ നൽകി. അതിപ്രഗല്ഭരായ പ്ലീഡർമാർ വക്കീൽ തൊഴിലിൽ ശോഭിച്ചിരുന്നു. അങ്ങനെയിരിക്കെ നമ്മുടെ കഥാപാത്രമായ അയ്യങ്കാർക്കു പ്രായാധിക്യം മൂലമോ എന്തോ ഓർമശക്തി മന്ദം മന്ദം കുറഞ്ഞുതുടങ്ങി. പഴയകാലത്ത് ഡിമൻഷ്യയോ അൽസ്ഹൈമേഴ്സോ എന്നൊക്കെ പറയുന്ന അസുഖത്തെപ്പറ്റി ജനം തികച്ചും അജ്ഞരായിരുന്നു.**

**പ്ലീഡർ അയ്യങ്കാർക്ക് പ്രായം ഏതാണ്ട് എൺപത്തഞ്ചു കഴിഞ്ഞു. ജില്ലാ കോടതി ആസ്ഥാനത്തുനിന്നും ഏകദേശം ഒന്നര കിലോമീറ്റർ പടിഞ്ഞാറു ദിശയിലാണ് അയ്യങ്കാരുടെ വാസസ്ഥലമായ തിരുവില്വാമഠം.**

അഡ്വക്കറ്റ് ആക്ട് നിലവിൽ വന്നപ്പോൾ പ്ലീഡർമാർക്ക് നിഷേധിക്കപ്പെട്ട പല അവകാശങ്ങളും തിരികെ നൽകി. അതിപ്രഗല്ഭരായ പ്ലീഡർമാർ വക്കീൽ തൊഴിലിൽ ശോഭിച്ചിരുന്നു. അങ്ങനെയിരിക്കെ നമ്മുടെ കഥാപാത്രമായ അയ്യങ്കാർക്കു പ്രായാധിക്യം മൂലമോ എന്തോ ഓർമശക്തി മന്ദം മന്ദം കുറഞ്ഞുതുടങ്ങി. പഴയകാലത്ത് ഡിമൻഷ്യയോ അൽസ്ഹൈമേഴ്സോ എന്നൊക്കെ പറയുന്ന അസുഖത്തെപ്പറ്റി ജനം തികച്ചും അജ്ഞരായിരുന്നു.

പ്ലീഡർ അയ്യങ്കാർക്ക് പ്രായം ഏതാണ്ട് എൺപത്തഞ്ചു കഴിഞ്ഞു. ജില്ലാ കോടതി ആസ്ഥാനത്തുനിന്നും ഏകദേശം ഒന്നര കിലോമീറ്റർ പടിഞ്ഞാറു ദിശയിലാണ് അയ്യങ്കാരുടെ വാസസ്ഥലമായ തിരുവില്വാമഠം. മഠത്തിനോടു ചേർന്ന് പ്രത്യേകം തയാറാക്കിയ മുറിയിൽ ഓഫിസ്. ദിവസവും കോടതിയിലേക്കും തിരിച്ചും യാത്ര അന്നത്തെ സ്വകാര്യവാഹനം മനുഷ്യൻ ചവിട്ടുന്ന സൈക്കിൾ റിക്ഷകൾ.

പ്രഭാതഭക്ഷണത്തിന് കൃത്യം പത്തുമണിക്ക് ഭക്ഷണമേശയ്ക്കു മുൻപിൽ അയ്യങ്കാർ എത്തും. ഭാര്യയോട് സ്ഥിരമുള്ള ചോദ്യം ഉരുവിടും:

"താത്തീ എനക്ക് പാൽക്കഞ്ഞി തയ്യാറാക്കിയോ?"

"ഉനക്ക് റൊമ്പ വിശപ്പായോ? ശീഘ്രം കൊണ്ടുവരുന്നു."

താത്തി സ്ഥിരമുള്ള പല്ലവിയോടെ പാൽക്കഞ്ഞി മേശപ്പുറത്തു കൊണ്ടുവയ്ക്കും.

അയ്യങ്കാർ തൃപ്തിയായി ശാപ്പിട്ടു കഴിഞ്ഞ്, നേരെ വക്കീലോഫിസിലേക്കു വീണ്ടും കയറും. പിന്നെ ഡ്രസ് ധരിക്കുന്നു. സഹായത്തിന് താണുപിള്ളയെ നീട്ടിവിളിക്കും. ഇരിപ്പിടത്തിൽ നിന്നോടിയെത്തുന്ന താണുപിള്ള, വക്കീലദ്ദേഹത്തിന്റെ തലയിൽ തലപ്പാവ് കെട്ടിവയ്ക്കും, താറുചുറ്റി (തിരുവാച്ചി)യുള്ള മുണ്ട് ഉടുപ്പിച്ച് കൊടുക്കും.

എന്നാൽ അടിവസ്ത്രമായ കൗപീനത്തിന്റെ രണ്ടു വള്ളികൾ അരയ്ക്കു ചുറ്റും മുറുക്കിക്കെട്ടി കൗപീനത്തിന്റെ നീണ്ട വാലറ്റം വലിച്ച് ചരടിൽ തിരുകുന്നതു സ്വാമി സ്വയമേ ചെയ്യും. അകമേ വെള്ളഷർട്ടും പുറമേ ഓവർകോട്ടും ധരിക്കാൻ കൈകൾ നീട്ടുമ്പോൾ താണുപിള്ള സഹായിക്കും. ഷർട്ടിന്റെ കഴുത്തുഭാഗത്ത് റോബ് പുറകിൽനിന്നു കെട്ടിക്കൊടുക്കും. ഇതെല്ലാം കഴിഞ്ഞ് തിരുനെറ്റിയിൽ ത്രിശൂലത്തിൽ ചുണ്ണാമ്പും ഭസ്മവും കുങ്കുമവും ചേർത്തു ചാലിച്ച്, രണ്ടു വെളുത്ത വരകൾ ഇരുവശവും മധ്യവര ചുവപ്പിച്ചും ചാർത്തും.

വൈഷ്ണവരും ഷൈണവരും തമ്മിൽ തിരിച്ചറിയുന്നത് ഈ വരയുടെ പ്രത്യേകതയിൽ കൂടിയാണ്. വിഷ്ണുഭക്തർ വൈഷ്ണവരെന്നും ശിവഭക്തർ ഷൈണവർ എന്നും അറിയപ്പെടുന്നു. ചിലരുടെ തിരുനെറ്റിയിൽ ഏകവര മാത്രം ചാർത്തിയാൽ അവരെ വൈഷ്ണവർ എന്നു പറയുന്നു. ഈ വ്യത്യാസങ്ങൾ താണുപിള്ളയോട് പല ആവർത്തി അയ്യങ്കാർ പറയുമ്പോഴും 'അതെ! അതെ' എന്നുള്ള മറുപടിയല്ലാതെ, 'പലതവണ കേട്ടതാ വക്കീലദ്ദേഹം' എന്ന് ഒരിക്കൽപോലും തിരിച്ചുപറയില്ല.

ഒരുക്കമെല്ലാം കഴിഞ്ഞ്: "എടോ താണുപിള്ളെ ശീഘ്രം താൻ പക്കത്തു പോയി സൈക്കിൾറിക്ഷ വിളിച്ചുകൊണ്ടുവാ" എന്നു പറയുമ്പോൾ ധൃതിയിൽ ഒരു ഫർലോങ് നടന്ന് മെയിൻ റോഡ് മുട്ടുന്ന മുക്കിലെത്തി റിക്ഷ വിളിച്ചുകൊണ്ടുവരും. കോടതികളിലെ ജോലികഴിഞ്ഞാൽ അയ്യങ്കാർ കോടതി പരിസരത്തു വരുന്ന ഏതെങ്കിലും റിക്ഷയിൽ മഠത്തിലേക്കു യാത്രയാകും. ഗുമസ്തൻ കോടതിയിലേക്കും വീട്ടിലേക്കും കേസുകെട്ടുകൾ ചുമന്നുകൊണ്ടുപോകും.

വലിയ അവധിക്ക് അയ്യങ്കാരും സഹധർമിണിയും ബന്ധുക്കളെ കാണാൻ സ്വദേശമായ രാമേശ്വരത്തേക്ക് യാത്ര തിരിക്കും. ഇത് എല്ലാ വർഷവും പതിവുള്ളതാണ്. മടങ്ങി പോരുമ്പോൾ ഇരുപതു കൗപീനം വാങ്ങിയിരിക്കും. വാങ്ങിക്കൊണ്ടുവരുന്നതിൽ അഞ്ചെണ്ണം അയ്യങ്കാരുടെ ആത്മമിത്രവും സഹപാഠിയും സമപ്രായക്കാരനുമായ പ്ലീഡർ റപ്പായിക്കും അഞ്ചെണ്ണം ഗുമസ്തൻ താണുപിള്ളയ്ക്കും സമ്മാനിക്കും.

റപ്പായി വക്കീലും അര രസികനാണ്. പക്ഷേ എല്ലും മുള്ളുമുള്ള ജീവികളുടെ മാംസവും മൃഗങ്ങളുടെ ശരീരവും എരിവും പുളിയും വെവ്വേറെ ചേർത്തു വേവിച്ചു കഴിക്കുമ്പോഴുണ്ടാകുന്ന രുചിയെപ്പറ്റി, അയ്യങ്കാരോട് ചിലപ്പോഴൊക്കെ റപ്പായി പറയുക പതിവുശൈലിയാണ്. കൂടെ ബ്രാണ്ടി കൂടിയുണ്ടെങ്കിൽ 'റൊമ്പ പെരിയ സന്തോഷം' എന്ന് തമിഴുചുവയിൽ റപ്പായി വക്കീൽ അടിക്കും. അയ്യങ്കാർ "നീ ശാപ്പിടുവത് ശരിഭക്ഷണമല്ലടെയ്" എന്ന് അയ്യങ്കാർ മറുപടി പറയും. അങ്ങനെ പേശുന്നതു റപ്പായിക്കും ഇഷ്ടമാണ്.

അയ്യങ്കാർ ഒരിക്കൽ കൊണ്ടുവന്ന അഞ്ചു കൗപീനം റപ്പായിക്കു കൊടുത്തിട്ട് അതിന്റെ സവിശേഷതയെപ്പറ്റി പുകഴ്ത്തിപ്പറഞ്ഞു:

"എടെയ് റപ്പായി! ഈ കൗപീനത്തിന്റെ ഗുണമെന്തെന്ന് നിനക്ക് തെരിയുമോ? നല്ല കദർനൂലിൽ നെയ്തെടുത്തതാണ്. ധരിക്കുമ്പോൾ റൊമ്പ സുഖം തോന്നും. കൗപീനം അരയിലുണ്ടെന്ന് ഒരിക്കലും തോന്നില്ല. ഹെർക്കുലീസോ, ഭീമനോ, ഗോല്യാത്തോ, ഏഴടി ഉയരമുള്ള റഷ്യക്കാരനോ ഉപയോഗിച്ചാലും സുരക്ഷിതം. സൂക്ഷിച്ചാൽ ഒരു വർഷത്തോളം പിന്നേം കെട്ടി നടക്കാം. റൊമ്പമായി ലാസ്റ്റു ചെയ്യും."

"സ്വാമി നല്ല സുഖമാണെങ്കിൽ... ഇതഴിക്കാതെ നടക്കുന്നതല്ലേ നല്ലത്? അതു സ്വാമിയുടെ അനുഭവപരിചയമായിരിക്കും. ആട്ട്, സ്വാമീ... താങ്കൾക്ക് എങ്ങനെ ഞങ്ങളുടെ ബൈബിളിലെ ഗോലിയാത്തിനെ പിടികിട്ടി."

"നിനക്ക് തെരിയുമോ? ഒരു നല്ല വക്കീലാകണമെങ്കിൽ ബൈബിളും ഖുർആനും ഭാഗവതവും നല്ലവണ്ണം വായിച്ചു പഠിക്കണം. റപ്പായി! നിനക്കറിയാമല്ലോ, എല്ലാ സമുദായത്തിലുമുള്ള കക്ഷികൾ എനിക്കുണ്ടെന്ന്. ഈ ഗ്രന്ഥങ്ങളിലെ സാരാംശങ്ങൾ നമുക്കു പ്രയോഗിക്കാൻ അവസരങ്ങൾ വരും. അതു തക്കത്തിൽ പ്രയോഗിക്കാനും അറിയണം." റപ്പായിയോടു സ്വാമി ഉപദേശിച്ചു.

"സ്വാമീ... അതുമൂലം വല്ല പ്രയോജനവും ആർക്കെങ്കിലും കിട്ടിയിട്ടുണ്ടോ?" തീരെ പുച്ഛഭാവത്തോടെ റപ്പായി ചോദിച്ചു.

"റപ്പായീ... നീ കവളപ്പെടാതെ! ഒരു സമുദായക്കേസിൽ പ്രതിഭാഗത്തിനു വേണ്ടി ഹൈക്കോടതിയിൽ തൈക്കാടനാണ് ഹാജരായത്. ആദിയോടന്ത്യം വാദം നടന്നപ്പോൾ ജഡ്ജിക്ക് വാദിപക്ഷത്തോടായിരുന്നു അനുകൂല സമീപനം. കാനോനിക നിയമത്തെപ്പറ്റി ബൈബിൾ അടിസ്ഥാനത്തിൽ ദീർഘമായി തൈക്കാടൻ വാദിച്ചു. ജഡ്ജി വാദത്തിൽ ആകൃഷ്ടനായി. ബൈബിളിലെ കാര്യങ്ങൾ ആധികാരികമായി പറയാൻ സാധിക്കുന്നതെങ്ങനെ എന്നു ചോദിച്ചു. മൂന്നു പ്രാവശ്യം ബൈബിൾ വായിച്ചു പഠിച്ചിട്ടുണ്ടെന്നു മറുപടി പറയുക മാത്രമല്ല, ഈ കേസിൽ ഹാജരാകുന്ന ക്രൈസ്തവ അഭിഭാഷകർ ഒരു വട്ടമെങ്കിലും ബൈബിൾ വായിച്ചു പഠിച്ചിരുന്നെങ്കിൽ ഈ കേസ് രാജിയായേനെ എന്നു മറുപടിയും പറഞ്ഞു. റപ്പായി! നിനക്കറിയാമോ? എതിരായി നിന്ന ജഡ്ജിയെപ്പോലും അനുകൂലമാക്കുവാൻ തൈക്കാട് സ്വാമിക്കു സാധിച്ചു. അങ്ങനെ സിംഗിൾ ബഞ്ച് തൈക്കാടന്റെ പക്ഷത്തിന് അനുകൂലമായി വിധിച്ചു. പക്ഷേ തൈക്കാടന്റെ ബൈബിളിലെ അറിവ് പ്രയോജനം ചെയ്തു. റപ്പായി... നീ ഒരാവർത്തി എങ്കിലും ബൈബിൾ വായിക്കണം."

"സ്വാമി! സാരാംശം എല്ലാം കേട്ടു. കൗപീനമല്ലേ നമ്മുടെ വിഷയം. അതിനെപ്പറ്റി ഒരു പ്രബന്ധം തയാറാക്കിയാലോ?"

"റപ്പായി! പരിഹസിച്ച് കളിചൊല്ലേണ്ട. കൗപീനം സന്യാസത്തിന്റെ സിംബലാണ്. എല്ലാ 'നേഷനും' തുണിയിൽ നിർമിച്ച കൊടിയുണ്ട്. ആ കൊടികൾക്കെല്ലാം രണ്ടറ്റത്തും ചരടുമുണ്ട്. നമ്മുടെ ഭാരതത്തിന് പൈതൃകമായി ലഭിച്ച ഈ കൗപീനമാണ് ഇപ്പോൾ ലോകരാഷ്ട്രങ്ങളുടെ കൊടിയടയാളം. അതിന്റെ പേറ്റന്റ് നമുക്കുള്ളതാ. നിനക്കറിയാമല്ലോ, മനുഷ്യന്റെ മോക്ഷത്തിലേക്കുള്ള ഒരവസ്ഥ സന്യാസമാണെന്ന്. വിരക്തിയിലൂടെ ലോകമോഹങ്ങളെ ഉപേക്ഷിക്കുന്ന അവസ്ഥ. നഗ്നത മറയ്ക്കാൻവേണ്ടി അല്പം തുണ്ടുതുണി മാത്രം മതി. നീ കൗപീനത്തെ റൊമ്പമായി പരിഹസിക്കുന്നു."

"സ്വാമീ! ഞാൻ കേട്ടിട്ടുണ്ട് കഠിന തപസ് അനുഷ്ഠിക്കാൻ രണ്ടു കൗപീനവുമായി കൊടുംകാട്ടിലേക്കു കയറിയ നിഷ്ഠയുള്ള സന്യാസിയെപ്പറ്റി."

'നീ കേട്ടറിവോ കണ്ടറിവോ ശൊല്ലുന്നത്? നീ വക്കീലല്ലേ? ഇന്ത്യൻ തെളിവു നിയമത്തിൽ എന്തെടെ, ശൊല്ലുന്നത്? കേട്ടറിവിന് ആധികാരികത ഉണ്ടോ? നീ പറ, ഞാൻ കേൾക്കട്ടെ." സ്വാമി നിയമം പറഞ്ഞ് കൂട്ടുകാരനെ കുടുക്കി.

"പെരിയസ്വാമീ... കളി എന്നോടു വേണ്ട. എന്റെ കഥയിലെ സന്യാസിയെ സ്വാമി തെളിവെടുപ്പു നിയമത്തിൽ കൊണ്ടിട്ടിട്ട്, കോടതിയിലെപ്പോലെ ചോദ്യംചെയ്യരുത്. കഥ ആദ്യം കേൾക്ക്. അതിലെന്തെങ്കിലും കഴമ്പുണ്ടോ എന്നു ചിന്തിക്ക്. മുൻവിധി നല്ലതല്ല, പെരിയസ്വാമീ?..." തമാശിൽ റപ്പായി തിരിച്ചടിച്ചു.

റപ്പായി സ്വാമിയെ നീട്ടിവിളിച്ച് ശാന്തതയോടെ കഥ കേൾക്കാൻ ഉപദേശിച്ചു. സ്വാമി ശാന്തനായി റപ്പായിയുടെ മുഖത്തേക്കു നോക്കി കഥ തുടരാൻ തലയാട്ടി.

"സ്വാമീ... എന്റെ കഥയിലെ സന്യാസി കൊടുംകാട്ടിൽ കയറി നിഷ്ഠയോടെ തപസിരുന്നു. ആകെ രണ്ടു കൗപീനമേ കൈയിൽ ഉണ്ടായിരുന്നുള്ളൂ. പക്ഷേ കാമാസക്തി ഉണ്ടായിരുന്നു. കൗപീനമുപേക്ഷിച്ചു വിവാഹത്തിലേക്കു പ്രവേശിച്ചു. കുട്ടികളായി, സന്യാസത്തിൽനിന്നു ➲13

# ഏപ്രിൽ

## ജനനം

**ജനനം**

01 കർദ്ദിനാൾ ജോസഫ് പാറേക്കാട്ടിൽ 1912
പ്രൊഫ. ഹൈമവതി തായാട്ട് 1925
03 വിദ്വാൻ ടി.പി.രാമകൃഷ്ണൻപിള്ള 1904–1993
04 ഫാ. ക്ലമന്റ് പിയാനിയോസ് 1714
കെ.സരസ്വതിയമ്മ 1919,
06 വി.കെ.എൻ 1932–2004
08 തോപ്പിൽഭാസി 1924
10 എ.ടി.കോവൂർ (അബ്രഹാം തോമസ്) 1898–1978
12 പി.എം.ആന്റണി 1951–2011
കുമാരനാശാൻ 1873–1924
പോഞ്ഞിക്കര റാഫി 1924
പ്ലാബോ നെരുദ 1904–1973
എസ്.എൽ.പുരം സദാനന്ദൻ 1927–2005
13 കേസരി ബാലകൃഷ്ണപിള്ള 1889
എം.എൻ.സത്യാർത്ഥി 1913–1998
ഡി.വിനയചന്ദ്രൻ 1946–2013
14 ഡോ.ബിആർ.അംബേദ്കർ ജയന്തി 1891
15 ഉള്ളാട്ടിൽ ഗോവിന്ദൻകുട്ടിനായർ 1906
കെ.കെ.നീലകണ്ഠൻ (ഇന്ദുചൂഡൻ) 1923
കെ.രാധാകൃഷ്ണൻ 1942
16 വെൺമണി മഹൻ (കദംബൻ നമ്പൂതിരി) 844
മൂർക്കോത്തു കുമാരൻ 1874
എ.കെ.പിള്ള 1893
17 തകഴി ശിവശങ്കരപ്പിള്ള 1912–1999
സ്വാതിതിരുനാൾ 1813
18 പണ്ഡിറ്റ് പി.ഗോപാലൻനായർ 1868
സി.ബി.കുമാർ (ചക്രപാണി ഭാസ്കര) 1910
മുട്ടത്തുവർക്കി 1918– 1989
20 കാണിപ്പയ്യൂർ ശങ്കരൻ നമ്പൂതിരിപ്പാട് 1891
വേദബന്ധു 1901
കെ.എം.ജോർജ് 1914
22 ചിത്രമെഴുത്ത് കെ.എം.വറുഗീസ് 1889
ലെനിൻ 1870– 1924
ടി.എം.വറുഗീസ് 1886
ജഗതി വേലായുധൻ നായർ 1928
വയലാ വാസുദേവൻപിള്ള 1945– 2011
23 വില്യം ഷേക്സ്പിയർ 1616
കാക്കനാടൻ (ജോർജ് വർഗീസ്) 1935
24 ടി.എൻ.ഗോപിനാഥൻനായർ 1918
ജി.എൻ.പിള്ള 1930
25 വാഗ്ഭടാനന്ദൻ 1885
വി.ആർ.കൃഷ്ണനെഴുത്തച്ഛൻ 1909– 2004
26 തരവത്ത് അമ്മാളുവമ്മ 1873
കല്ലന്മാർതോടി രാമുണ്ണിമേനോൻ 1900
സുധാകരൻ തേലേക്കാട് 1939
27 സി.പി.അച്യുതമേനോൻ 1862
എൻ.മോഹനൻ 1933
28 സി.എ.കിട്ടുണ്ണി 1905
ഇടപ്പള്ളി കരുണാകരമേനോൻ 1905
ഇ.നാരായണൻ നമ്പ്യാർ 1936
പ്രൊഫ.ഇ.കെ.ദിവാകരൻപോറ്റി 1918– 2005
പി.വി.തമ്പി 1937–2006
29 രാജാരവിവർമ്മ 1849
30 ചേലനാട്ട് അച്യുതമേനോൻ 1894
പി.നാരായണനായർ 1906
പി.ജി.പുരുഷോത്തമൻപിള്ള 1921
എം.പി.മന്മദൻ 1914
നടുവത്ത് അച്ഛൻനമ്പൂതിരി (ദിവാകരൻ നമ്പൂതിരി) 1841

## ചരമം

01 02 ഗുരുകുഞ്ഞുക്കുറുപ്പ് 1981–1973
02 ഉണ്ണിക്കൃഷ്ണൻ പുതൂർ 1933– 2014
03 സി.പി.അച്യുതമേനോൻ 1862–1937
പി.കെ.ബാലകൃഷ്ണൻ 1925–1991
ബെഞ്ചമിൻ ബെയ്‌ലി 1791–1871
കലാമണ്ഡലം പത്മനാഭൻനായർ 2007
04 ഒ.എം.സി.നാരായണൻ നമ്പൂതിരി 1910–1989
05 പുത്തൻകാവ് മാത്തൻ തരകൻ 1903–1993
ചുമ്മാർ ചൂണ്ടൽ 1940–1994
നാരായണൻ നമ്പ്യാർ ഇ. 1936–1994
06 കെ.കെ.രാജ 1893– 1969
അർണോസ് പാതിരി 1681– 1732
കുട്ടിക്കൃഷ്ണമാരാർ 1900–1973
08 പി.ഭാസ്കരനുണ്ണി 1926–1994
മലേഷ്യ രാമകൃഷ്ണപിള്ള 1910–1990
ജയകാന്തൻ 2015
09 സി.ഭാസ്കരൻ 1945–2011
10 തകഴി ശിവശങ്കരപ്പിള്ള 1912–1999
സി.വി.കുഞ്ഞുരാമൻ 1871–1949
ഒളപ്പമണ്ണ (സുബ്രഹ്മണ്യൻ നമ്പൂതിരി) 1923–2000
11 ഇടപ്പള്ളി കരുണാകരമേനോൻ 1905–1965
11 എം.എച്.ശാസ്ത്രികൾ (മഹാദേവശാസ്ത്രികൾ) 1911–2012
12 എൻ.ഡി.കൃഷ്ണനുണ്ണി 1906–1998
ആർ.എം.മനയ്ക്കലാത്ത് 1921–1997
15 ഗുന്തർ ഗ്രാസ് 1927–2015
ടി.ആർ.ശ്രീനിവാസ് 1943–1993
16 പ്രൊഫ.ടി.വി.ഈച്ചരവാരിയർ 2006
17 ആഗമാനന്ദസ്വാമി 1896–1961
ജി.ഭാർഗവൻ പിള്ള 1933–2009
പി.എം.എ.അനീസ് 1936–2010
ഗബ്രിയേൽ ഗാർസിയ മാർക്കേസ് 1927–2014
18 ആർ.ഈശ്വരപിള്ള 1854–1940
18 വിദ്വാൻ പി. കേളുനായർ 1901–1929
21 ഇ.വി.ജി (ഗോപാലൻ ഇ.വി) 1916–1995
ടി.കെ.രാമകൃഷ്ണൻ 1922–2006
22 ചേറ്റൂർ ശങ്കരൻനായർ 1857– 1934
23 വി.സാംബശിവൻ 1929–1996
24 നന്തനാർ 1926– 1974
പുത്തേഴത്ത് ഭാസ്കരമേനോൻ 1930–2010
25 ഹെർമ്മൻ ഗുണ്ടർട്ട് 1814–1893
ഡോ.കെ.രാഘവൻപിള്ള 1920–1987
കലാമണ്ഡലം കേശവൻ 1936–2009
നെല്ലിക്കൽ മുരളീധരൻ 1948–2010
27 ടി.കെ.മാധവൻ 1885– 1930
പുതുപ്പള്ളി രാഘവൻ 1910–2000
സി.എൻ.അഹമ്മദ് മൗലവി 1905–1993
എ.കുത്ബുദ്ദീൻ 2010
28 മഞ്ചേരി രാമയ്യർ 1877–1958
29 എം.വി.ദേവൻ 1928–2014
30 ഇ.എം.കോവൂർ 1906–1983
തേറമ്പിൽ ശങ്കുണ്ണിമേനോൻ 1910–1991
വി.ടി.നന്ദകുമാർ 1925 –2000

# 100 വർഷം മുമ്പ്

**ഏപ്രിൽ 1**

തലശ്ശേരി ധർമ്മടം റെയിൽവേ സ്റ്റേഷൻ ഉദ്ഘാടനം ചെയ്തു.

**ഏപ്രിൽ 05**

മദ്യവുമായുള്ള എല്ലാ ബന്ധങ്ങളും ഉപേക്ഷിക്കണമെന്ന് ജനങ്ങളെ ഉദ്ബോധിപ്പിക്കുന്നതിനു വേണ്ടിയുള്ള പ്രക്ഷോഭണത്തിന്റെ ഉദ്ഘാടനം ചങ്ങനാശ്ശേരി ആനന്ദാശ്രമത്തിൽ നടന്നു.

**ഏപ്രിൽ 16**

സ്വരാട് പ്രതിദിനപത്രമായി പ്രസിദ്ധീകരിച്ചു തുടങ്ങി.

ഏപ്രിൽ 21 എറണാകുളത്തു നിന്ന് കെ.അയ്യപ്പന്റെ പത്രാധിപത്യത്തിൽ സഹോദരൻ എന്ന പ്രതിവാരപത്രം പ്രസിദ്ധപ്പെടുത്തിതുടങ്ങി.

**ഏപ്രിൽ 22**

തിരുവിതാംകൂറിൽ ഓണക്കൂർ ക്ഷേത്രത്തിൽ എല്ലാ ഹിന്ദുക്കൾക്കും പ്രവേശനം അനുവദിക്കുന്നതു വരെ ആ ക്ഷേത്രത്തിൽ പോവുകയോ വഴിപാട് കഴിക്കുകയോ ഇല്ലായെന്ന് അവിടുത്തെ നായന്മാർ തീരുമാനിച്ചു.

തൃശൂരിൽ നിന്ന് സാഹിത്യസോപാനം മാസിക പ്രസിദ്ധീകരിച്ചുതുടങ്ങി.

**ഏപ്രിൽ 29**

പറവൂരിനടുത്ത് കെടാമംഗലത്ത് കെ.അയ്യപ്പന്റെ അധ്യക്ഷതയിൽ പറവൂർ സഹോദരസംഘത്തിന്റെ പ്രത്യേകയോഗം കൂടുകയും നാനാജാതി മതസ്ഥർ ഉൾപ്പെടുന്ന ഒരു മിശ്രഭോജനം നടത്തുകയും ചെയ്തു.

www.timesofamericanmalayali.com
അമേരിക്കൻ മലയാളിയുടെ സമ്പൂർണ്ണ വാർത്താപത്രിക
ഫിച്ചർ, സ്മരണ, കഥ, കവിത തുടങ്ങിയ സർഗാത്മക സൃഷ്ടികൾ ക്ഷണിക്കുന്നു.
പ്രശസ്തരുടെ സ്മരണകൾ അമേരിക്കൻ മലയാളികൾക്ക് ഈ പംക്തിയിലൂടെ ജീവിതാനുഭവങ്ങൾ അവതരിപ്പിക്കാം.
കൂടുതൽ വിവരങ്ങൾക്ക് + 94473 55710, 89215 87848 georgethazhakara@gmail.com




പുസ്തക പരിചയം

**ചിത്രമെഴുത്ത് കെ. എം. വർഗീസിന്റെ ചരിത്രകഥകൾ**
സമാഹരണം, സംശോധനം
**ഡോ.പോൾ മണലിൽ**
എം.ഒ.സി.പബ്ലിക്കേഷൻസ്, കോട്ടയം
വില: 600 രൂപ



# ചിത്രമെഴുത്തിന്റെ ഐതിഹ്യമാല 5

ഡോ. പോൾ മണലിൽ

### ചെങ്കോലും മുരളിയും

### I

ഞാൻ എത്തിച്ചേർന്നിരിക്കുന്നതായ ഈ നവീന സങ്കേതസ്ഥലം എത്രയോ മോഹനതരം. പ്രഭാതത്തിൽനിന്നു മദ്ധ്യാഹ്നത്തിലേക്ക്, കുട്മളാവസ്ഥയിൽനിന്നു വികസ്വരാവസ്ഥയിലേക്ക്, കൗതുകപ്രദമായ ഒരു ജീവിതദശയിലേക്കുള്ള ഒരു സുകുമാരപരിവർത്തനം, ഒരു വ്യതിയാനം, പരിപൂർണ്ണ യൗവ്വനത്തിന്റെ പരമപ്രഭാവംതന്നെ.

എന്റെ ചെറുതോണി തികച്ചും നവീകൃതമായിരിക്കുന്നു. അതു കൊടുങ്കാറ്റിനെ ഭയപ്പെടുന്നില്ല. തരംഗഗർജ്ജനങ്ങളിൽ ഭീതിപ്പെടുന്നില്ല. ഭയങ്കര നീർച്ചുഴികളിൽ ഭ്രമിക്കുന്നുമില്ല. നവ്യതേജസ്സോടുകൂടിയ എന്റെ യാനപാത്രം അതിന്റെ ജൈത്രയാത്രയെ തുടർന്നുപോകുകതന്നെ ചെയ്യുന്നു.

അനിഷ്ടകരമോ അനാസ്വാദ്യതരമോ ആയ യാതൊന്നിനേയും ഞാൻ എന്റെ ചുറ്റും കാണുന്നില്ല. എല്ലായിടത്തും സംഗീതദ്ധ്വനി. എവിടെയും മനോഹാരിത്വം. ഏതുഭാഗത്തും സുഗന്ധധോരണി. എല്ലായ്പ്പോഴും ആഹ്ലാദലഹരി. യാത്രയോ നിർബാധം. വഴിയോ ഉന്മേഷപ്രദം. സ്ഥിതിയോ സുരക്ഷിതം.

മുന്നോട്ടുമുന്നോട്ടു പോകുകതന്നെ. നേത്രാനന്ദകരമായ നദീപാർശ്വങ്ങൾ ഇതാ എനിക്കായി സ്വാഗതംപറയുന്നു. പ്രപഞ്ചദേവതയുടെ വിസ്തൃതപക്ഷങ്ങൾ എന്റെ ആശാനിശ്വാസങ്ങളെ വഹിച്ചുകൊണ്ട് അഗോചരതയിലേക്കു നീണ്ടുപോകുന്നു.

എന്റെ ചുറ്റും കാണുന്നതെല്ലാം സൗന്ദര്യപൂരിതവും സന്തോഷകരവുമല്ലയോ; ഇതിനപ്പുറം ഇതിലും മനോജ്ഞമായിരിക്കും. അതിനപ്പുറം അതിലുമധികം ഹൃദയാകർഷകമായിരിക്കും. മുമ്പോട്ടു വയ്ക്കുന്ന ഓരോ കാൽച്ചുവടും സുഖാനുഭോഗസമൃദ്ധിയിലേയ്ക്ക് എനിക്കു വഴിതെളിക്കുന്നു.

ഉന്മേഷപൂർവം ഒഴുകിപ്പോകുന്നതായ ജീവിതനദീമധ്യത്തിലൂടെ നർമ്മയാത്രചെയ്യുന്ന ഞാനാവട്ടെ, ഇക്കാണായ സർവ ചരാചരങ്ങളുടേയും മഹാരാജാവല്ലാതെ മറ്റാരാണ്. സർവവും എന്റെ നേതൃത്വത്തിൽ; എന്റെ ചെങ്കോലിൻകീഴ്.

ഏതെങ്കിലും വഴിക്ക് ഒഴുകിപ്പൊയ്ക്കൊള്ളുന്നതിനായി ഞാൻ എന്റെ തൂമണിത്തോണിയിൽ സ്വസ്ഥമായിരുന്നു. ആനന്ദവൈശ്യത്താൽ ഞാൻ ഉദാസീനനായി വർത്തിച്ചു. തുഴ തോണിയുടെ ഒരു കോണിലും ചെങ്കോൽ എന്റെ വലംകൈയിലുമായിരുന്നു.

പുഴവക്കത്തെ പുൽച്ചെടികളുടെ ഇടയിലൂടെ അപ്പോൾ ഒരു യാചകമുഖം പ്രത്യക്ഷമായി. കൈയിൽ ഭിക്ഷാടനോപകരണമായ ഒരു പിത്തളമുരളിയും കടച്ചിരട്ടയും, തോളിൽ ഒരു നാറത്തുണിക്കെട്ടും. ഒരു വൃത്തിഹീനനായ മനുഷ്യൻ, ഒരു പാട്ടുകാരൻ; ഒരു ഏഴ.

'നിർത്തണേ, നിർത്തണേ, അടുത്തുവരണേ' ആ ഭിക്ഷു തുടർന്നു നിലവിളിച്ചു-'പ്രഭോ, ഉപവാസംകൊണ്ടും വഴിനടപ്പുകൊണ്ടും ഞാൻ വല്ലാതെ തളർന്നിരിക്കുന്നു. തോണിയുടെ ഒരു കോണിൽ എന്നെ വഹിച്ചു സങ്കേതസ്ഥലത്തേയ്ക്കു നയിക്കണമേ.'

എന്ത്? ഒരു യാചകനുവേണ്ടി ഞാൻ ബദ്ധപ്പെടുകയോ? ഒരു നിസ്സാരനായ മനുഷ്യപ്പുഴുവിനുവേണ്ടി ഞാൻ എന്റെ സ്വൈരയാത്രയെ ഭഞ്ജിക്കയോ? എന്റെ വലംകൈയിൽനിന്നു ചെങ്കോൽ വിടർത്തുകയോ. തെണ്ടിത്തിരിയുന്ന ഒരു യാചകനെ തീണ്ടിത്തൊട്ട് എന്റെ തോണിയുടെ പരിശുദ്ധിയെ നശിപ്പിക്കുകയോ? ഞാൻ ക്രോധാവേശനായി നിഷേധസ്വരത്തിൽ ഉത്തരം പറഞ്ഞു.

ആ യാചകൻ കണ്ണുനീർ വാർത്തു തുടർന്നു നിലവിളിച്ചു—'മകനേ, മഹാരാജാവെ, അവിടത്തെ തോണിയുടെ വാതിൽക്കതകുകൾ അല്പനേരത്തേയ്ക്ക് എനിക്കായി തുറന്നുതരണേ. എന്റെ കാലടികൾ കുഴഞ്ഞും ഭുജങ്ങൾ ക്ഷീണിച്ചുമിരിക്കുന്നു. എന്റെ ഹൃദയം വിങ്ങുകയും, കണ്ഠം വരളുകയും ചെയ്യുന്നു. എന്റെ ശിരസ്സോ അതിവേദനപ്പെടുന്നു. അല്പനേരത്തെ വിശ്രമത്തിനായി, ഒരു നിമേഷനേരത്തെ ആശ്വാസത്തിനായി, ഈ ഏഴയ്ക്ക് ഉൾപ്രവേശം അനുവദിക്കണേ. മറുകരയിൽ എത്തുവോളം ഒരു കോണിൽ ഒരടിസ്ഥലം മാത്രമെങ്കിലും അനുവദിച്ചുതരണെ.'

ഞാൻ ചെവിപൊത്തി. മുഖം തിരിച്ചു. തോണി കീഴ്പോട്ടേയ്ക്കും പോയി. ആ ദരിദ്രവൃദ്ധനാവട്ടെ, എന്നേ അമർഷാവേശനാക്കിത്തീർക്കുമാറ് അവൻ എന്റെ സഹോദരനും സ്നേഹിതനുമാണെന്ന് അവകാശം പുലമ്പി.

ആ അശുദ്ധനിലോ എന്റെ പിതൃത്വം. ആ ഇരപ്പാളിയിലോ എന്റെ സഹോദരത്വം!

കഷ്ടം! ആ ഹീനനായ യാചകൻ ആർ? മഹാരാജാവായ ഞാൻ ആർ? ഞാൻ തോണിയുടെ കിളിവാതിൽ അഭിമാനഗർവത്തോടുകൂടി ആഞ്ഞടച്ചിട്ട് എന്റെ ചെങ്കോൽ ചുഴറ്റിക്കളിച്ചു.

### II

ആകാശമണ്ഡലം ഇരുണ്ടുതുടങ്ങുന്നതെന്താണ്? അന്തരീക്ഷഗർഭത്തിൽ കാർമേഘപിണ്ഡങ്ങൾ തുടിച്ചിളകുന്നത് എന്തുകൊണ്ടായിരിക്കും. ദൂരസ്ഥങ്ങളായ വന്മരക്കൊമ്പുകളുടെ ഇടയിലൂടെ യുദ്ധഗാനങ്ങൾ പാടിക്കൊണ്ടു മാരുതദേവത എന്റെ സമീപത്തേയ്ക്ക് എന്തിനായി പാഞ്ഞണയുന്നു. ഞാൻ അറിഞ്ഞിട്ടില്ലാത്തതും എനിക്കു വിധേയമാവാത്തതുമായ ഒരു മഹാശക്തി എന്റെ ചുറ്റും ഉണ്ടായിരിക്കയോ? എനിക്ക് അഗ്രാഹ്യമായതും എന്നിലും അതീതമായതുമായ ഒരു ബ്രഹ്മാണ്ഡശക്തിയെപ്പറ്റി നഭോമണ്ഡലം എന്നോടു ഗർജ്ജിക്കയോ? എന്തൊരു കഥ! എന്തൊരു വൃത്താന്തം! എത്രയോ ഭയങ്കരം.

**ആകാശമണ്ഡലം ഇരുണ്ടുതുടങ്ങുന്നതെന്താണ്? അന്തരീക്ഷഗർഭത്തിൽ കാർമേഘപിണ്ഡങ്ങൾ തുടിച്ചിളകുന്നത് എന്തുകൊണ്ടായിരിക്കും. ദൂരസ്ഥങ്ങളായ വന്മരക്കൊമ്പുകളുടെ ഇടയിലൂടെ യുദ്ധഗാനങ്ങൾ പാടിക്കൊണ്ടു മാരുതദേവത എന്റെ സമീപത്തേയ്ക്ക് എന്തിനായി പാഞ്ഞണയുന്നു. ഞാൻ അറിഞ്ഞിട്ടില്ലാത്തതും എനിക്കു വിധേയമാവാത്തതുമായ ഒരു മഹാശക്തി എന്റെ ചുറ്റും ഉണ്ടായിരിക്കയോ? എനിക്ക് അഗ്രാഹ്യമായതും എന്നിലും അതീതമായതുമായ ഒരു ബ്രഹ്മാണ്ഡശക്തിയെപ്പറ്റി നഭോമണ്ഡലം എന്നോടു ഗർജ്ജിക്കയോ? എന്തൊരു കഥ! എന്തൊരു വൃത്താന്തം! എത്രയോ ഭയങ്കരം.**

**കോൾ ഇളകി. കൊടുമുഴക്കം വ്യാപിച്ചു. കൊടുങ്കാറ്റു വർദ്ധിച്ചു. കൂരിരുൾ പരന്നു. അയ്യോ! കര എവിടെയാണ്? രക്ഷാസ്ഥാനം എവിടെ യാണ്? ജീവരക്ഷയ്ക്കായി ഞാൻ എന്റെ ചെറുതോണിയെ എവിടേയ്ക്കു നയിക്കേണ്ടു? പായ്മരക്കയറുകളെല്ലാം ചിന്നിപ്പോയിരിക്കുന്നു. ഘോരതരംഗങ്ങളുടെ സംഘട്ടനപരമ്പരയിൽ പലകച്ചേർപ്പുകളെല്ലാം ഞെരിഞ്ഞമരുന്നു.**

കോൾ ഇളകി. കൊടുമുഴക്കം വ്യാപിച്ചു. കൊടുങ്കാറ്റു വർദ്ധിച്ചു. കൂരിരുൾ പരന്നു. അയ്യോ! കര എവിടെയാണ്? രക്ഷാസ്ഥാനം എവിടെ യാണ്? ജീവരക്ഷയ്ക്കായി ഞാൻ എന്റെ ചെറുതോണിയെ എവിടേയ്ക്കു നയിക്കേണ്ടു? പായ്മരക്കയറുകളെല്ലാം ചിന്നിപ്പോയിരിക്കുന്നു. ഘോരതരംഗങ്ങളുടെ സംഘട്ടനപരമ്പരയിൽ പലകച്ചേർപ്പുകളെല്ലാം ഞെരിഞ്ഞമരുന്നു.

അയ്യോ! അത്യഗാധമായ ആപൽഗർത്തത്തിൽ ഞാൻ എന്നേയ്ക്കുമായി നശിച്ചുപോകയോ? അന്തരംഗത്തെ അതിവേദനപ്പെടുത്തുന്നതായ ഈ ഘോരവിപത്തിൽ ഞാൻ തികച്ചും ഒടുങ്ങിപ്പോകയോ?

ഹാ, ദൃശ്യപ്രപഞ്ചത്തിന്റെ നേതാവ്, കിരീടം ധരിച്ച രാജാവ്, ചെങ്കോൽ പിടിച്ച മഹാബലശാലി ഇതാ ഭയംകൊണ്ടു വിറകൊള്ളുന്നു.

ഞാൻ മഹാരാജവോ? ഞാൻ സംരക്ഷകനോ? ഞാനോ നാഥൻ? ഞാനോ ദേവൻ?

### III

എന്റെ കണ്ണുതുറന്നു. എന്റെ അഹംബുദ്ധി നശിച്ചു. എന്റെ ദുരഭിമാനത്തിന്റെ മൂടുപടം നീങ്ങി; നഗ്നത തികച്ചും കാണുമാറായി. എന്റെ ചുറ്റും നിരന്നു കാണുന്നതായ ഓരോ വസ്തുക്കളേയും ഞാൻ സൂക്ഷ്മാവലോകനം ചെയ്തു.

എല്ലാം ഒരു പരാശക്തിയുടെ മുമ്പിൽ തലകുനിക്കുന്നു. ഒന്നിനെ അനുസരിക്കുന്നു. ഒന്നിനെ ആരാധിക്കുന്നു.

അല്ലയോ ഇടിമുഴക്കമെ, ഭവാൻ ആരുടെ തേരുരുളുകളുടെ ഗംഭീരശബ്ദത്തെ പ്രതിദ്ധ്വനിപ്പിക്കുന്നു? അല്ലയോ വിദ്യുൽപ്പിണരുകളെ, നിങ്ങൾ ആരുടെ തിരുനാമത്തിന്റെ അഭൗമികലിപികളെ ആകാശമണ്ഡലത്തിൽ ലേഖനം ചെയ്യുന്നു? അല്ലയോ ജലധരങ്ങളെ, നിങ്ങൾ ആരുടെ മഹാശക്തിയെ വെള്ളിവീണക്കമ്പികളിൽ കീർത്തിക്കുന്നു? ഉഗ്രവാതങ്ങളെ, നിങ്ങൾ ആരുടെ ക്രോധനിശ്വാസ പരമ്പരകളെ പ്രചണ്ഡഗർജ്ജനം ചെയ്തു വാഴ്ത്തുന്നു? ഗിരിതടങ്ങളെ തകർത്തുപായുന്ന ഘോരനിർഝരങ്ങളെ, നിങ്ങൾ ആരുടെ കാൽപ്പെരുമാറ്റത്തിന്റെ ഭീകരദ്ധ്വാനത്തെ മാറ്റൊലി കൊള്ളിക്കുന്നു? മഹാന്ധകാരമെ, ഭവാൻ ആരുടെ പാദപങ്കേരുഹസ്പർശനത്തിനായി പാരിടപ്പരപ്പിൽ നീലപ്പരവതാനി വിരിക്കുന്നു?

അല്ലയോ സർവചരാചരസ്രഷ്ടകനായ സ്വാമിൻ, അമേയപ്രദനായ ജഗൽപ്രഭോ, അനന്ത ശക്തിനികേതനമെ, അഖണ്ഡദയാസ്വരൂപമെ, അപ്രമേയമഹിമാവെ, പിതാവെ, ഈ നിന്ദ്യനായ, നിസ്സാരനായ, ഈ നിരാശ്രയനായ മൺകട്ടയെ, മനുഷ്യകീടത്തെ, ഈ പുൽക്കൊടിയെ തൃക്കൈ നീട്ടി ക്ഷണത്തിൽ ഉദ്ധരിക്കുമാറാകണേ, എന്റെ നിസ്സാരത എത്ര വമ്പിച്ചതാണെന്നു കണ്ട് അടിയനിതാ ലജ്ജകൊണ്ടും പശ്ചാത്താപംകൊണ്ടും പൊടിയിലേയ്ക്കു തല താഴ്ത്തുന്നു.

### IV


എന്റെ തോണി എന്നെന്നും ബലവത്തരമായിരിക്കുമെന്നും, മാർഗ്ഗദീപം സദാ പ്രകാശിച്ചുകൊണ്ടിരിക്കുമെന്നും പ്രാപ്യസ്ഥാനത്തെത്തുവോളം വഴി നിർബാധമായിരിക്കുമെന്നും, ഞാൻ വൃഥാ വിശ്വസിച്ചു. ശക്തിയുണ്ടെന്ന് അഭിമാനിക്കുന്തോറും, ചുക്കാൻ തിരിപ്പാൻ ഉത്സാഹിക്കുന്തോറും, ഞാൻ എന്നെത്തന്നെ രക്ഷിപ്പാൻ ശ്രമിക്കുന്തോറും, ഈ ചെറുതോണി അപഥത്തിലേയ്ക്കും, അപകടത്തിലേയ്ക്കും സദാ ഒഴുകിപ്പോകുന്നു. അയ്യോ! ദുഃഖപര്യവസായിയായ ഈ തടാകത്തിൽ ഈ തോണിയുടെ കഥ അവസാനിക്കുകയോ? ഇനി ഒരൊറ്റ താൾകൂടി എന്റെ ജീവിതഗ്രന്ഥത്തിൽ ശേഷിച്ചിട്ടില്ലയോ?

ഇതാ അന്ധകാരം! ഇതാ അഗാധഗർത്തം! അയ്യോ സങ്കേതം എവിടെയാണ്? ആലംബം എവിടെയാണ്?

➲9


# ചരിത്രവഴികളിലൂടെ സഞ്ചരിച്ച കെ.എൻ.പണിക്കർ


**രാജസ്ഥാൻ സർവകലാശാലയിൽ എം.എ ഇംഗ്ലീഷ് സാഹിത്യത്തിൽ ചേരാമെന്നും സായാഹ്നക്ലാസിലൂടെ എൽ.എൽ.ബിക്കു പഠിക്കാമെന്നു മായിരുന്നു ആഗ്രഹം. എന്നാൽ ആ വർഷം മുതൽ രണ്ടാമതൊരു പഠനത്തിനുള്ള സൗകര്യം സർവകലാശാല നിർത്തലാക്കിയിരുന്നു. മറ്റു മാർഗ്ഗമില്ലാതെ ബിരുദാനന്തര ബിരുദത്തിനു ചേർന്നു. വിഷയത്തിൽ മാറ്റം വരുത്തി 'ആധുനിക ഇന്ത്യാ ചരിത്രത്തിൽ' പഠനം തുടങ്ങി. പ്രൊഫ.വി.പി.എസ്. രഘുവംശി എന്ന അദ്ധ്യാപകനെ കാണുവാനും പരിചയപ്പെടുവാനും കഴിഞ്ഞത് വിഷയമാറ്റത്തിനു കാരണമായി**





അവർ ചെറു പ്രായത്തിൽ തന്നെ വിധവയായി. രാമായണത്തിലെയും മഹാഭാരതത്തിലെയും കഥകൾ അവർ മനോഹരമായി വിവരിച്ചിരുന്നു. തികഞ്ഞ ഈശ്വരവിശ്വാസിയായിരുന്നു എങ്കിലും പ്രകൃതം അതിനു വിപരീതമായിരുന്നു. പൊതുവെയുള്ള മാമൂലുകളെ അവർ നിരസിച്ചിരുന്നു. അവർ വിധവയായിരുന്നുഎങ്കിലും മറ്റൊരു പുരുഷനോടൊപ്പം ജീവിച്ചു. അയാളോടൊപ്പം പുകവലിക്കുകയും മദ്യപിക്കുകയും ചെയ്തു. മറ്റുള്ളവർ 'ചിന്നപ്പൻ' എന്നു വിളിക്കുമ്പോൾ അവർ 'നാരായണൻ' എന്നേ വിളിച്ചിരുന്നുള്ളു. അതുകൊണ്ടു തന്നെ കെ.എൻ.പണിക്കർക്ക് അവരോടു പ്രത്യേകമായ ഒരടുപ്പം ഉണ്ടായിരുന്നു. ജീവിതത്തിന്റെ വൈരുദ്ധ്യം അവരിൽ നിന്നാണ് പഠിച്ചത്. ജീവിത വഴികൾ ചരിത്രവഴികളായി രൂപാന്തരപ്പെട്ടപ്പോൾ അതേ വൈരുദ്ധ്യത്തെ ഉൾക്കൊള്ളുന്നതാണ് ശരിയായ മാർഗ്ഗമെന്ന പാഠമാണ് ചിറ്റമ്മ കെ.എൻ.പണിക്കർക്കു പകർന്നു നൽകിയത്.

കെ.എൻ.പണിക്കർക്ക് രണ്ടു വയസ്സുള്ളപ്പോഴാണ് അച്ഛന്റെ മരണം. അമ്മ മറ്റൊരു വിവാഹം കഴിച്ചു. ആദ്യത്തെ വിവാഹത്തിൽ മൂന്ന് ആൺമക്കളും രണ്ടാമത്തെ വിവാഹത്തിൽ മൂന്ന് ആൺമക്കളും മൂന്നു പെൺമക്കളും. മൂത്ത സഹോദരൻ സിംഗപ്പൂരിൽ ജോലി ചെയ്തിരുന്നതിനാൽ അത്യാവശ്യ ചെലവുകൾക്കുള്ള പണം നാട്ടിലെത്തിച്ചിരുന്നു. ചാവക്കാടുള്ള ഡിസ്ട്രിക്ട് ഹയർ സെക്കണ്ടറി സ്കൂളിലേക്കുള്ള ദൂരം അഞ്ചു കിലോമീറ്ററാണ്. യാത്രാസൗകര്യം ഇല്ലാതിരുന്നതിനാൽ മറ്റുള്ളവരെപ്പോലെ നടന്നാണ് പൊയ്ക്കൊണ്ടിരുന്നത്. പഠനത്തിൽ മിടുക്കനായിരുന്നതിനാൽ മെരിറ്റ് സ്കോളർഷിപ്പ് ലഭിച്ചിരുന്നു. സർഗ്ഗാത്മകതയിലേക്കുള്ള വഴി തെളിച്ചത് രാമൻ മാഷ് ആയിരുന്നു. ഒഴുവു സമയങ്ങളിൽ വായിക്കുന്നതിനുള്ള സാഹചര്യമൊരുക്കിയത് അദ്ദേഹമാണ്. സാമൂഹിക പാഠമാണ് അദ്ദേഹം പഠിപ്പിച്ചിരുന്നതെങ്കിലും പ്രശസ്തരുടെ കവിതകളെല്ലാം അദ്ദേഹത്തിന് മനപ്പാഠമായിരുന്നു. പത്താം ക്ലാസുവരെ വായിച്ചിരുന്നത് മലയാളം കൃതികളായിരുന്നു. ഞായറാഴ്ചകളിൽ വാര്യർ സാറിനോടൊപ്പം അടുത്തുള്ള കോളനിയിൽ പോകുമായിരുന്നു. അവിടെയുള്ള തോട്ടികളുടെ കുട്ടികളെ കുളിപ്പിക്കുകയും അവർക്കു ഭക്ഷണം നൽകുന്നതിൽ അദ്ദേഹത്തെ സഹായിച്ചിരുന്നു.






ശങ്കരനാരായണൻ മാഷാണ് ഇംഗ്ലീഷ് കൃതികൾ വായിക്കാനുള്ള പ്രേരണ നൽകിയത്. അദ്ദേഹത്തിന്റെ നിർബന്ധത്തിനു വഴങ്ങിയാണ് ജവഹർ ലാൽ നെഹ്റുവിന്റെ 'ഗ്ലിംഫസ് ഓഫ് വേൾഡ് ഹിസ്റ്ററി'യും 'ഡിസ്കവറി ഓഫ് ഇന്ത്യ'യും വായിക്കുന്നത്. ചരിത്രവായന ആകർഷകമായി. കൊളോണിയൽ വിരുദ്ധ സമരങ്ങളുടെ ഗാഥകളായിരുന്നു അവ. ഗണിതശാസ്ത്ര അദ്ധ്യാപകനായ കുഞ്ഞുണ്ണിരാജ, ചരിത്രവും ഭൂമിശാസ്ത്രവും പഠിപ്പിച്ച അബ്ദുൾ ഖാദർ, ഇംഗ്ലീഷ് അദ്ധ്യാപകനും പ്രഥമ അദ്ധ്യാപകനുമായ സുബ്രഹ്മണ്യ അയ്യർ എന്നിവർ കെ.എൻ.പണിക്കരുടെ പഠനത്തിലെ മാതൃകകളും വഴികാട്ടികളുമാണ്. സ്കൂൾ വിദ്യാഭ്യാസ കാലത്തെ സുഹൃത്ത് പുതൂർ ഉണ്ണിക്കൃഷ്ണൻ ആയിരുന്നു. പുതൂർ അന്നേ എഴുതി തുടങ്ങിയ ആളാണ്. ക്ഷേത്രനടയിൽ ഹിന്ദുമത ഗ്രന്ഥങ്ങൾ വിൽക്കുന്ന ഒരു ബുക് സ്റ്റാൾ ഉണ്ടായിരുന്നു. അവിടെ അപൂർവ്വമായി സാഹിത്യകൃതികൾ വില്പനക്കായി വച്ചിരുന്നു. മിക്കവാറും ആദ്യകൃതികൾ വാങ്ങുന്നത് പുതൂരോ, പണിക്കരോ ആയിരിക്കും.

ക്ഷേത്രപണ്ഡിതന്മാർ നടത്തിയിരുന്ന സെമിനാറിൽ വച്ചാണ് ആദ്യമായി ജി.ശങ്കരക്കുറുപ്പിനെ കാണുന്നത്. ഹാളിന്റെ മുന്നിൽ അഹിന്ദുക്കൾക്ക് പ്രവേശനം ഇല്ലായെന്ന് എഴുതിയിരുന്നു. ഇതിൽ പ്രതിഷേധിച്ച് ജി.ശങ്കരക്കുറുപ്പിന് ഒരു കുറിപ്പെഴുതി നൽകി. മതപരമായ കാര്യങ്ങൾ ഒഴിവാക്കിക്കൊണ്ടാണ് അദ്ദേഹം അവിടെ സംസാരിച്ചത്. 'ഇവിടേക്കു വരുമ്പോൾ എന്റെ കാലിൽ നീരുണ്ടായിരുന്നു. ഇപ്പോൾ ഹൃദയത്തിൽ വിങ്ങലുമായിട്ടാണ് മടങ്ങുന്നത്' എന്ന പ്രസ്താവം താൻ നല്കിയ കുറുപ്പിന്റെ മറുപടിയാണെന്ന് കെ.എൻ.പണിക്കരുടെ വിശ്വാസം.

ഇന്ത്യ സ്വതന്ത്രമാകുമ്പോൾ കെ.എൻ.പണിക്കരുടെ പ്രായം പതിനൊന്നു വയസ്സ്. സമരവഴികളിലൂടെയാണ് സ്വാതന്ത്ര്യം നേടിയതെന്ന് മനസ്സിലായെങ്കിലും ചരിത്രപരമായ അതിന്റെ പ്രാധാന്യം മനസ്സിലായിരുന്നില്ല. നാട്ടിലെല്ലാം സാംസ്കാരിക പരിപാടികൾ നടന്നു. വീട്ടിൽ മൂത്ത സഹോദരൻ ഗാന്ധിജിയുടെയും നെഹ്റുവിന്റെയും ചിത്രം ചുമരിൽ തൂക്കി. വീടിനു മുന്നിൽ ദേശീയ പതാക ഉയർത്തി. അമ്മ പായസം വിളമ്പി. അതായിരുന്നു സ്വാതന്ത്ര്യത്തെക്കുറിച്ചുള്ള ഓർമ്മ.


കുടുംബത്തിൽ ഒരു ഡോക്ടർ ഉണ്ടാകണമെന്ന് എല്ലാവരും ആഗ്രഹിച്ചിരുന്നു. അതിനുവേണ്ടിയാണ് കെ.എൻ.പണികർ പാലക്കാട് വിക്ടോറിയ കോളേജിൽ ചേർന്നതും ഫിസിക്സ്, കെമിസ്ട്രി, ബയോളജി തുടങ്ങിയ വിഷയങ്ങൾ പഠിച്ചു തുടങ്ങിയതും. മദ്രാസ് മെഡിക്കൽ കോളേജിൽ അപേക്ഷ അയച്ചു. യോഗ്യത മാത്രമല്ല; സ്വാധീനം കൂടിയുണ്ടാവണമെന്ന് പിന്നീടാണ് മനസ്സിലായത്. ഇന്റർവ്യൂ പ്രഹസനമായിരുന്നു. നീതി നിഷേധിക്കപ്പെട്ടു എന്ന തോന്നലിൽ ദുഃഖിതനായി. തുടർന്നു പഠിക്കുവാൻ തീരുമാനിച്ചു. അതേ കോളേജിൽ കെമിസ്ട്രിക്ക് ചേർന്നു. അക്കാലത്തെ ഡിഗ്രി പഠനത്തിന്റെ കാലാവധി രണ്ടുവർഷമായിരുന്നു. ക്ലാസിക്കുകളും ആധുനിക നോവലുകളും ധാരാളമായി വായിച്ചു. മാനവികതയും സ്വാതന്ത്ര്യവും അത്തരം കൃതികളിൽ നിന്നും മനസ്സിലാക്കി. ഷേക്സ്പിയർ, മിൽട്ടൺ, ബൈറൺ, ഷെല്ലി, വേർഡ്സ്വർത്ത് തുടങ്ങിയവർ അനിവാര്യമായ വായനയുടെ ഭാഗമായി. ഓസ്വാൾഡ് സ്പെംഗ്ലറിന്റെ പടിഞ്ഞാറിന്റെ അധഃപതനം, എച്.ജി.വെൽസിന്റെ വിശ്വചരിത്രം തുടങ്ങിയ അതിദീർഘങ്ങളായ കൃതികൾ വിരസതയില്ലാതെ വായിച്ചു. പ്രൊഫസറും ലൈബ്രേറിയനുമായ കെ.ശ്രീധരൻ നായരാണ് ലൈബ്രറിയിലെ പുസ്തകങ്ങൾ എങ്ങനെയാണ് ശരിയായി ഉപയോഗിക്കേണ്ടതെന്ന് പഠിപ്പിച്ചത്.

വിക്ടോറിയ കോളേജിലെ പഠനകാലത്താണ് രാഷ്ട്രീയ വിദ്യാഭ്യാസത്തിന്റെ അടിസ്ഥാന തത്ത്വങ്ങളുമായി പരിചയപ്പെടുന്നത്. കേരളത്തിലെ ആദ്യകാല കമ്യൂണിസ്റ്റായിരുന്ന കെ. ദാമോദരന്റെ ഭാര്യ പത്മത്തിന്റെയും കെ.കുട്ടിക്കൃഷ്ണന്റെയും നേതൃത്വത്തിൽ ഗുരുവായൂരിൽ പ്രവർത്തിച്ചിരുന്ന 'മുന്നണി വായനശാല'യിൽ സ്ഥിരം വായനക്കാരനായി. സോഷ്യലിസത്തെക്കുറിച്ചും റഷ്യൻ വിപ്ലവത്തെക്കുറിച്ചും ചൈനയെക്കുറിച്ചുമുള്ള പുസ്തകങ്ങൾ വായിച്ചു. ലൈബ്രറിയിൽ നടന്ന കാലിക പ്രശ്നങ്ങളെക്കുറിച്ചുള്ള ചർച്ചകളിൽ പങ്കെടുത്തു. ഇവിടെയുള്ള മാർക്സിസ്റ്റ് സാഹിത്യവും ചർച്ചകളുമാണ് കെ.എൻ.പണിക്കരെ ഇടതുപക്ഷത്തേക്കു പിടിച്ചുനിർത്തിയത്. നെഹ്റുവിന്റെ ലിബറൽ ആശയങ്ങളോടു താല്പര്യമുണ്ടായി. അതേ സമയം സമൂഹത്തിൽ അന്തർലീനമായിരിക്കുന്ന അനീതികൾ നെഹ്റുവിന്റെ നയങ്ങൾക്ക് പര്യാപ്തമല്ലായെന്ന തോന്നലുമുണ്ടായി. മാർക്സിസ്റ്റ് നേതാക്കളായ ഇ.എം.എസ്. നമ്പൂതിരിപ്പാട്, കെ.ദാമോദരൻ, സി. ഉണ്ണിരാജ തുടങ്ങിയവരുടെ ലഘുലേഖനങ്ങൾ പുതിയ കാഴ്ചപ്പാടുകൾക്ക് കാരണമായി. ഇടതുപക്ഷ അവബോധം സൃഷ്ടിക്കുന്നതിൽ മലയാള സാഹിത്യവും കാര്യമായ പങ്കുവഹിച്ചു.

കോളേജിലെ അന്തരീക്ഷം രാഷ്ട്രീയത്തിന് അനുകൂലമായിരുന്നില്ല. ഉയർന്ന ജീവിതനിലവാരത്തിലുള്ള വിദ്യാർത്ഥികളിൽ ഏറെപ്പേരും അരാഷ്ട്രീയക്കാരായിരുന്നു. ജീവിതം എങ്ങനെ സാമ്പത്തികമായി മെച്ചപ്പെടുത്താം എന്നതുമാത്രമായിരുന്നു അവരുടെ ചിന്ത. ആയംകുറിശ്ശി ശങ്കരൻ, എം.ടി.കുഞ്ഞുമുഹമ്മദ്, ബാലൻ, സുന്ദരൻ തുടങ്ങിയവർ സ്റ്റുഡൻസ് ഫെഡറേഷൻ അംഗങ്ങളും പാർട്ടിയുടെ കാൻഡിഡേറ്റ് അംഗങ്ങളുമായിരുന്നു. വടകരയിൽ കൂടിയ എസ്.എഫിന്റെ വാർഷിക സമ്മേളനത്തിൽ മലബാർ ജില്ലാ പ്രസിഡന്റായി ശങ്കരനേയും വൈസ് പ്രസിഡന്റായി കെ.എൻ.പണിക്കരെയും തെരഞ്ഞെടുത്തു. കോളേജ് യൂണിയനിലേക്കും അസോസിയേഷനിലേക്കുമുള്ള മത്സരത്തിനു മുന്നോടിയായി നടന്ന മലയാളം അസോസിയേഷനിൽ കെ.എൻ.പണിക്കർ മത്സരിച്ചു. മുൻ സെക്രട്ടറി എം.ടി. വാസുദേവൻനായർ ആയിരുന്നു. കെ.എൻ.പണിക്കർ സ്റ്റുഡൻസ് ഫെഡറേഷൻ പ്രസിഡന്റ് സ്ഥാനാർത്ഥിയായി മത്സരിച്ചു വിജയിച്ചു. യൂണിയൻ വാർഷികത്തിന് കോളേജിലെ മുൻ വിദ്യാർത്ഥിയും നരവംശ ശാസ്ത്രജ്ഞനുമായ ചിറയ്ക്കൽ ടി.ബാലകൃഷ്ണൻ നായർ മുഖ്യാതിഥിയായി. എം.ടിയും പുതൂരും അവരുടേതായ കഥാസമാഹാരങ്ങൾ ഇക്കാലത്തു പ്രസിദ്ധീകരിച്ചിരുന്നു. ഇതിനെ പിൻതുടർന്നുകൊണ്ട് കെ.എൻ.പണിക്കർ തന്റെ 'നീളുന്ന തീനാമ്പുകൾ' എന്ന കഥാസമാഹാരം പ്രസിദ്ധീകരിച്ചു.


വക്കീൽ ആകണമെന്നതായിരുന്നു ആഗ്രഹം. ചെന്നൈയിലെ പഠനം ചെലവേറിയതായിരിക്കുമെന്നും രാജസ്ഥാനിലേക്കു കൊണ്ടുപോകാമെന്നും ജ്യേഷ്ഠൻ പറഞ്ഞു. രാജസ്ഥാൻ സർവകലാശാലയിൽ എം.എ ഇംഗ്ലീഷ് സാഹിത്യത്തിൽ ചേരാമെന്നും സായാഹ്നക്ലാസിലൂടെ എൽ.എൽ.ബിക്കു പഠിക്കാമെന്നുമായിരുന്നു ആഗ്രഹം. എന്നാൽ ആ വർഷം മുതൽ രണ്ടാമതൊരു പഠനത്തിനുള്ള സൗകര്യം സർവകലാശാല നിർത്തലാക്കിയിരുന്നു. മറ്റു മാർഗ്ഗമില്ലാതെ ബിരുദാനന്തര ബിരുദത്തിനു ചേർന്നു. വിഷയത്തിൽ മാറ്റം വരുത്തി 'ആധുനിക ഇന്ത്യാ ചരിത്രത്തിൽ' പഠനം തുടങ്ങി. പ്രൊഫ.വി.പി.എസ്. രഘുവംശി എന്ന അദ്ധ്യാപകനെ കാണുവാനും പരിചയപ്പെടുവാനും കഴിഞ്ഞത് വിഷയമാറ്റത്തിനു കാരണമായി. ഇരുപത്തിനാലാം വയസ്സിൽ രഘുവംശിയുടെ ഇന്ത്യൻ ദേശീയ പ്രസ്ഥാനത്തെക്കുറിച്ചുള്ള പി.എച്.ഡി പ്രബന്ധം വിദ്യാർത്ഥികളുടെ ടെക്സ്റ്റ് ബുക്കായി മാറിയിരുന്നു. പതിനെട്ടാം നൂറ്റാണ്ടിലെ സാമൂഹിക ചരിത്രത്തെക്കുറിച്ചുള്ള ആദ്യകാല പഠനം എന്ന നിലയിലാണ് അത് പ്രശസ്തമായത്. രഘുവംശിയുടെ മാർഗ്ഗനിർദ്ദേശത്തിലാണ് എം.എ. ഡിഗ്രിയുടെ പ്രബന്ധമായ 'മേധാവിത്വത്തിനു വേണ്ടിയുള്ള ആംഗ്ലോ– മറാത്താ യുദ്ധങ്ങൾ' എന്ന പ്രബന്ധം തയ്യാ

# ചരിത്രവഴികളിലൂടെ സഞ്ചരിച്ച കെ.എൻ.പണിക്കർ



റാക്കിയത്. അവിടെയും കെ.എൻ.പണിക്കർക്ക് വെറുമൊരു വിദ്യാർത്ഥിയായിരിക്കുവാൻ കഴിഞ്ഞില്ല. ജയ്പൂരിലുള്ള മലയാളികളെ ഒന്നിച്ചു കൊണ്ടുവരുവാനുള്ള ശ്രമം ആരംഭിച്ചു. പ്രധാന ഉത്സവങ്ങളിൽ മാത്രമായിരുന്നു അവർ കൂടിയിരുന്നത്. ടി.ജി.മേനോൻ, യു.രാജഗോപാൽ എന്നീ സുഹൃത്തുക്കളെ കൂട്ടി 'രാജസ്ഥാനി മലയാളി സമാജ'ത്തിനു തുടക്കമിട്ടു. പതിനാറ് അംഗങ്ങളായിരുന്നു ആദ്യം ഉണ്ടായിരുന്നത്.

ബിരുദാനന്തര ബിരുദം പൂർത്തിയാക്കി ന്യൂ ഡൽഹിയിലെ സ്കൂൾ ഓഫ് ഇന്റർനാഷണൽ സ്റ്റഡീസിൽ ചേരാനായിരുന്നു കെ.എൻ.പണിക്കരുടെ തീരുമാനം. ആ സന്ദർഭത്തിലാണ് ഉദയ്പൂരിലെ മുൻ ദിവാനും സ്വിറ്റ്സർലണ്ടിലെ മുൻ അംബാസിഡറുമായിരുന്ന ഡോ.മോഹൻസിങ് മേഹ്ത്ത രാജസ്ഥാൻ സർവകലാശാലയുടെ വൈസ് ചാൻസിലറായി നിയമിതനാകുന്നത്. അദ്ദേഹത്തെ ആദരിക്കാൻ ചരിത്രവിഭാഗം തീരുമാനിച്ചു. ഹിസ്റ്ററി അസോസിയേഷന്റെ പ്രസിഡന്റായ കെ.എൻ.പണിക്കർക്ക് സ്വാഗതം പറയുവാനുള്ള അവസരം ലഭിച്ചു. പരിപാടി കഴിഞ്ഞപ്പോൾ വിദ്യാർത്ഥിയെക്കുറിച്ച് കൂടുതലായി ചോദിച്ചറിഞ്ഞു. ന്യൂ ഡൽഹിയ്ക്ക് പോകേണ്ടായെന്നും രഘുവംശിയുടെ ഗൈഡിൽ പി.എച്.ഡിക്കു ചേരുവാനും നിർദ്ദേശിച്ചു. അതൊരു വഴിത്തിരിവായിരുന്നു. ഗവേഷണ പദ്ധതിയെക്കുറിച്ച് മുൻകൂട്ടി ഒരു സംഗ്രഹം തയ്യാറാക്കി സമർപ്പിച്ചു. കൊളോണിയൽ ഇന്ത്യയുടെ രാഷ്ട്രീയ ചരിത്രത്തിലാണ് ഗവേഷണം ആരംഭിച്ചത്. അതുവരെ അങ്ങനെയൊരു വിഷയം ആരും തെരഞ്ഞെടുത്തിരുന്നില്ല. ഇതേകാലത്തു തന്നെ സർവകലാശാലയിലെ ചരിത്രവിഭാഗത്തിലെ താല്ക്കാലിക അദ്ധ്യാപകനായി. അതേ വിഭാഗത്തിലെ അദ്ധ്യാപികയായിരുന്ന ഉഷയുമായി സ്നേഹത്തിലായി. അത് വിവാഹത്തിലെത്തി. ഉഷ മാർവാഡി ബ്രാഹ്മണകുടുംബത്തിലെ അംഗമായിരുന്നു. അവർ ആര്യസമാജത്തിൽ വിശ്വസിച്ചിരുന്നതിനാൽ അവരുടെ ഭാഗത്തുനിന്നും എതിർപ്പുണ്ടായില്ല. എന്നാൽ കെ.എൻ. പണിക്കരുടെ വീട്ടുകാർ ആദ്യം എതിർക്കുകയും പിന്നീട് അംഗീകരിക്കുകയും ചെയ്തു.




മേഹ്ത്തയുടെ ദീർഘവീക്ഷണത്തിന്റെ ഫലമായി നിരവധി പ്രഗത്ഭർ സർവ്വകലാശാലയുടെ ഭാഗമായി. ഏറ്റവും പ്രഗത്ഭരായവർ ഓരോ വിഭാഗത്തിന്റെയും ചുമതലക്കാരായി. കെ.എൻ. പണിക്കർക്ക് രാജസ്ഥാൻ കോളേജിലും മഹാറാണീസ് കോളേജിലും താല്ക്കാലിക അദ്ധ്യാപകനായി.

1960ലാണ് കെ.എൻ.പണിക്കരുടെ ഡൽഹിദിനങ്ങൾ ആരംഭിക്കുന്നത്. നാഷണൽ ആർക്കൈവ്സ് ഓഫ് ഇന്ത്യയിൽ നിന്നും പ്രബന്ധത്തിന് ആവശ്യമായ വിവരങ്ങൾ സമാഹരിക്കുന്നതിന്റെ ഭാഗമായിട്ടാണ് ഡൽഹിയിൽ എത്തുന്നത്. ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പബ്ലിക്ക് അഡ്മിനിസ്ട്രേഷന്റെ ചുമതലയിൽ ആധുനിക ഇന്ത്യാ ചരിത്രത്തിന്റെ ഉപാധികൾ കണ്ടെത്താനുള്ള ഒരു പദ്ധതിക്ക് തുടക്കമിട്ടപ്പോൾ അതിന്റെ റിസേർച്ച് അസിസ്റ്റന്റായി ചുമതലയേൽക്കാമോ എന്ന നിർദ്ദേശമുണ്ടായി. അക്കാദമിക് പഠനത്തിന് ഇതു സഹായകമാകുമെന്നു രഘുവംശിയും നിർദ്ദേശിച്ചു. പ്രോജക്ടിന്റെ ഭാഗമായി ഗുജറാത്ത്, ആന്ധ്രാപ്രദേശ്, രാജസ്ഥാൻ, മുംബൈ, കർണ്ണാടകം, തമിഴ്നാട്, കേരളം തുടങ്ങിയ സംസ്ഥാനങ്ങൾ സന്ദർശിച്ചു. എല്ലാ സംസ്ഥാനങ്ങളിലുമുള്ള റിക്കാർഡ് ഓഫീസുകൾ സന്ദർശിക്കുകയും ചരിത്രോപാധികൾ മനസ്സിലാക്കുകയും ചെയ്തു. ഇന്ത്യയുടെ ഭരണചരിത്രം രചിക്കുക എന്ന ദൗത്യവുമായി പ്രൊഫ.ബി.ബി. മിശ്ര ഇൻസ്റ്റിറ്റ്യൂട്ടിൽ വന്നു. കെ.എൻ.പണിക്കരുടെ സേവനം അദ്ദേഹം ആവശ്യപ്പെടുകയും ഇൻസ്റ്റിറ്റ്യൂട്ട് അതംഗീകരിക്കുകയും ചെയ്തു. അവിടെ ഏതാണ്ട് ആറുമാസം പ്രവർത്തിച്ചു.

ഹൻസ് രാജ് കോളേജിൽ ഒഴിവുണ്ടെന്നു മനസ്സിലാക്കി അപേക്ഷിക്കുകയുണ്ടായി. പ്രൊഫസറും ചരിത്രവിഭാഗം മേധാവിയുമായ പ്രൊഫ.ബിശ്വേശ്വർ പ്രസാദായിരുന്നു ഇന്റർവ്യൂ നടത്തിയത്. അദ്ദേഹം കെ.എൻ. പണിക്കരിലെ ചരിത്രകാരനിൽ തൃപ്തനായി. താല്ക്കാലിക നിയമനമായിരുന്നുവെങ്കിലും പ്രിൻസിപ്പൽ ശാന്തി നാരായണൻ പുതിയ പോസ്റ്റ് ഉണ്ടാക്കി നിയമനം ഉറപ്പുവരുത്തി.1965 മുതൽ 1972വരെ അവിടെ ജോലി ചെയ്തു. റസിഡൻസിയെ പ്രദേശികതലത്തിൽ നോക്കിക്കാണുന്നതിലുള്ള ഗവേഷണം ലക്ഷ്യത്തിലെത്തുകയുണ്ടായി. ഇതോടെ കെ.എൻ.പണിക്കരുടെ താല്പര്യം സാമൂഹിക ചരിത്രത്തിലേക്കു മാറി. മലബാറിന്റെ സാമൂഹിക ചരിത്രമായിരുന്നു അതിൽ പ്രധാനപ്പെട്ടത്. വി.ഡി.കോസാംബിയുടെ രീതിശാസ്ത്രത്തോടായിരുന്നു താല്പര്യം. ആശയചരിത്രത്തെ എങ്ങനെ സമീപിക്കണമെന്ന് ബിപൻ ചന്ദ്രയിലൂടെയാണ് മനസ്സിലാക്കിയത്. ഇറ്റാലിയൻ ചിന്തകനായ ഗ്രാംഷിയുടെ ചിന്തയോടായിരുന്നു ആഭിമുഖ്യം. മതവും മാധ്യമങ്ങളും ഫലപ്രദമായി പ്രയോജനപ്പെടുത്തിക്കൊണ്ട് ഭരണവർഗ്ഗം മാറ്റിയെടുക്കുന്നുവെന്ന ഗ്രാംഷിയുടെ നിരീക്ഷണം കെ.എൻ.പണിക്കരുടെ പഠനമേഖലയെ വിപുലപ്പെടുത്തി. ചരിത്രത്തെ നിർണ്ണയിക്കുന്ന സാമ്പത്തിക

**പൂനെയിൽ തുടക്കം കുറിച്ച ഇന്ത്യൻ നാഷണൽ സോഷ്യൽ ഫോറത്തിന്റെ നേതൃത്വത്തിൽ വർഗീയതയെക്കുറിച്ച് ഒരു കമ്മീഷൻ രൂപീകരിച്ചപ്പോൾ കെ.എൻ.പണിക്കർ അതിന്റെ അദ്ധ്യക്ഷനായി. ഓരോ ഗ്രാമങ്ങളിലെയും ചെറിയ സംഘങ്ങളിൽ നിന്നുമായിരിക്കണം വർഗീയതയ്ക്ക് എതിരെയുള്ള ആശയരൂപീകരണം എന്നത് കെ.എൻ.പണിക്കർക്ക് ഏറെ ഇഷ്ടപ്പെട്ട വിഷയമായിരുന്നു. ഇതിന്റെ പശ്ചാത്തലത്തിലാണ് 'അജണ്ട ഫോർ കൾച്ചറൽ ആക്ഷൻ ആന്റ് അതർ എസ്സേസ്' എന്ന ലഘുലേഖ തയ്യാറാക്കിയത്. സംഘപരിവാറിന്റെ ആശയങ്ങളെ നേരിടുന്നതിനായി രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ സാംസ്കാരിക പഠനകേന്ദ്രം ആരംഭിക്കുന്നതിനുള്ള ആലോചനയ്ക്കു തുടക്കമിട്ടു. പ്രഗത്ഭരായ ചരിത്രകാരന്മാരുടെ പിന്തുണയും സാമ്പത്തിക വാഗ്ദാനങ്ങളും ഉണ്ടായി എങ്കിലും രാഷ്ട്രീയ ഇടപെടുകൾ അതിനു തടസ്സമായി.**

ശക്തികൾ മാത്രമല്ലായെന്നുള്ള നിലപാടുകളിലെത്തിച്ചേരുവാൻ ഈ പഠനം കെ.എൻ.പണിക്കരെ പ്രേരിപ്പിച്ചു.

1972ൽ ജെ.എൻ.യുവിലെ സെന്റർ ഫോർ ഹിസ്റ്റോറിക്കൽ സ്റ്റഡീസിൽ അസോസിയേറ്റ് പ്രൊഫസറായി നിയമിതനായി. ഡോ.കെ.എൻ. പണിക്കരുടെ ധൈഷണിക ജീവിതം ഫലപ്രാപ്തിയിലെത്തിയ കാലഘട്ടമായിരുന്നു അത്. ഷിംലയിലെ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ് സ്റ്റഡീസിന്റെ ഫെലോഷിപ്പ് ലഭിച്ചത് ഗവേഷണമേഖലയിൽ സഹായകമായി. രൺധീർ സിംഗ്, റൊമീള ഥാപർ, കെ.എൻ.രാജ്, ബിപൻ ചന്ദ്ര, ബി.എൻ. ഗാംഗുലി തുടങ്ങിയ പ്രശസ്തരോടൊപ്പം പ്രവർത്തിക്കുവാനുള്ള അവസരം ലഭിക്കുകയും അവരുടെ നിലവാരത്തിലെത്തുവാനും കെ.എൻ.പണിക്കർക്ക് കഴിഞ്ഞു.

1975ൽ പ്രധാനമന്ത്രി ഇന്ദിരാ ഗാന്ധി അടിയന്തിരാവസ്ഥ പ്രഖ്യാപിക്കുമ്പോൾ കെ.എൻ.പണിക്കർ ഗവേഷണത്തിന്റെ ഭാഗമായി ലണ്ടനിലായിരുന്നു. ഇന്ത്യയിൽ എത്തിയ പണിക്കർ രാജ്യം നേരിടുന്ന അപകടകരമായ അവസ്ഥ നേരിൽ കണ്ടു. ബൗദ്ധിക മേഖലപോലും നിശബ്ദമായിരുന്നു. ഒറ്റപ്പെട്ട പ്രതിഷേധം ഉണ്ടായത് ജെ.എൻ.യുവിലായിരുന്നു. വിദ്യാർത്ഥികളായ പ്രകാശ് കാരാട്ടും സീതാറാം യെച്ചൂരിയും വിദ്യാർത്ഥികളെ കൂട്ടിവരുത്തി പ്രതിഷേധിച്ചു. രാജ്യം അടിയന്തിരാവസ്ഥയിൽ നിന്നും മുക്തമായി.

ഡോ.കെ.എൻ പണിക്കർ, ബിപൻ ചന്ദ്ര, ഹർബൻസ് മുഖ്യ എന്നിവരെ കൂട്ടി രാമകൃഷ്ണപുരത്തെ തിരഞ്ഞെടുക്കപ്പെട്ട ആളുകൾക്ക് മാർക്സിസ്റ്റ് ഗ്രന്ഥങ്ങൾ പരിചയപ്പെടുത്തുന്ന നിശാക്ലാസുകൾ ആരംഭിച്ചു. വർഗീയതയെ നേരിടുവാനുള്ള തുടക്കമായിരുന്നു അത്.

വിവിധ സാംസ്കാരിക ചരിത്ര കൗൺസിലുകളുടെ പരിപാടികളിൽ കെ.എൻ. പണിക്കർ പങ്കെടുക്കുകയും മതനിരപേക്ഷതയുടെ ആവശ്യകത ബോധ്യപ്പെടുത്തുകയും ചെയ്തു. ഡൽഹിയുടെ മനസ്സിൽ ബോധപൂർവ്വമായ പാകിസ്ഥാൻ വെറുപ്പ് നിറഞ്ഞിരുന്നു. അതു ഹിന്ദുതീവ്രതയുടെ ആക്കം വർദ്ധിപ്പിക്കുകയും ചെയ്തിരുന്നു. നിലവിലുള്ള സാമൂഹിക രാഷ്ട്രീയ യാഥാർത്ഥ്യം ഉൾക്കൊണ്ടുകൊണ്ടുള്ള സമന്വയത്തിന്റെ പാതയിൽ നിന്നുകൊണ്ടാണ് വർഗീയതയ്ക്കെതിരെ കെ.എൻ.പണിക്കർ ഓരോ വിഷയത്തെയും സമീപിച്ചത്. അതിനു പിന്നിൽ വലിയ പഠനവും കണ്ടെത്തലുകളും ഉണ്ടായിരുന്നു.

പൂനെയിൽ തുടക്കം കുറിച്ച ഇന്ത്യൻ നാഷണൽ സോഷ്യൽ ഫോറത്തിന്റെ നേതൃത്വത്തിൽ വർഗീയതയെക്കുറിച്ച് ഒരു കമ്മീഷൻ രൂപീകരിച്ചപ്പോൾ കെ.എൻ.പണിക്കർ അതിന്റെ അദ്ധ്യക്ഷനായി. ഓരോ ഗ്രാമങ്ങളിലെയും ചെറിയ സംഘങ്ങളിൽ നിന്നുമായിരിക്കണം വർഗീയതയ്ക്ക് എതിരെയുള്ള ആശയരൂപീകരണം എന്നത് കെ.എൻ.പണിക്കർക്ക് ഏറെ ഇഷ്ടപ്പെട്ട വിഷയമായിരുന്നു. ഇതിന്റെ പശ്ചാത്തലത്തിലാണ് 'അജണ്ട ഫോർ കൾച്ചറൽ ആക്ഷൻ ആന്റ് അതർ എസ്സേസ്' എന്ന ലഘുലേഖ തയ്യാറാക്കിയത്. സംഘപരിവാറിന്റെ ആശയങ്ങളെ നേരിടുന്നതിനായി രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ സാംസ്കാരിക പഠനകേന്ദ്രം ആരംഭിക്കുന്നതിനുള്ള ആലോചനയ്ക്കു തുടക്കമിട്ടു. പ്രഗത്ഭരായ ചരിത്രകാരന്മാരുടെ പിന്തുണയും സാമ്പത്തിക വാഗ്ദാനങ്ങളും ഉണ്ടായി എങ്കിലും രാഷ്ട്രീയ ഇടപെടുകൾ അതിനു തടസ്സമായി. തന്റെ ജീവിതത്തിലെ നിരാശയുടെ അനുഭവമായിട്ടാണ് കെ.എൻ.പണിക്കർ ഇതിനെ കാണുന്നത്. ഇന്ത്യൻ സംസ്കാരത്തെ ഹിന്ദുമതത്തിന്റെ ചട്ടക്കൂട്ടിൽ നിന്നും മോചിപ്പിക്കുക എന്നത് വലിയ സാഹസികതയും സ്വപ്നവുമായി ശേഷിക്കുന്നു എന്ന യാഥാർത്ഥ്യം അദ്ദേഹം ഉത്കണ്ഠാകുലനാക്കി.

ഹിന്ദുവർഗീയതയുടെ പ്രത്യക്ഷതയായിരുന്നു രാമജന്മഭൂമി പ്രക്ഷോഭം. ചരിത്രത്തെ രാഷ്ട്രീയ നേട്ടത്തിനുവേണ്ടി വക്രീകരിച്ച സംഭവമായിരുന്നു അത്. 1528ൽ മുഗൾ ചക്രവർത്തിയായിരുന്ന ബാബറുടെ സേനാനായകൻ മീർ ബക്കി പണിത പള്ളിയായിരുന്നു അത്. രാമക്ഷേത്രം പൊളിച്ചിട്ടാണ് പള്ളി പണിതത് എന്നായിരുന്നു ഹിന്ദു സംഘടനകളുടെ നിലപാട്. പള്ളി പൊളിച്ച് അവിടെ രാമക്ഷേത്രം പണിയണം എന്നതായിരുന്നു അവരുടെ ആവശ്യം. അയോധ്യ ഒരു രാഷ്ട്രീയവിഷയമായി മാറിയതിനാൽ ചരിത്രകാരന്മാർ അതിൽ ഇടപെടുമോ എന്നതും ചർച്ചാവിഷയമായി.

വിശ്വാസവും ചരിത്രവും രണ്ടാണെന്ന നിലപാടിലാണ് ജെ.എൻ.യുവിലെ


# ചരിത്രവഴികളിലൂടെ സഞ്ചരിച്ച കെ.എൻ.പണിക്കർ



**ഇന്ത്യൻ സ്വാതന്ത്ര്യസമരത്തെ ഇന്ത്യയുടെ കാഴ്ചപ്പാടിൽ എഴുതുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ച പദ്ധതിയാണ് 'ടുവേഴ്സ് ഫ്രീഡം പ്രോജക്ട്'. പത്തുവർഷം കൊണ്ട് പത്ത് വോള്യം പ്രസിദ്ധീകരിക്കുക എന്നതായിരുന്നു ലക്ഷ്യം. പി.എൻ. ചോപ്ര, പ്രൊഫ.ഇർഫാൻ ഹബീബ്, ഗ്രാനേന്ദ്ര പാണ്ഡെ, ബിപൻ ചന്ദ്ര തുടങ്ങിയവരായിരുന്നു ആദ്യ വോള്യങ്ങളുടെ ചുമതല വഹിച്ചിരുന്നത്. 1940നെക്കുറിച്ചുള്ള നാലാം വോള്യത്തിന്റെ ചുമതല ഡോ.കെ.എൻ.പണിക്കർക്ക് ആയിരുന്നു.**


ചരിത്രവിഭാഗം നിലകൊണ്ടത്. ചരിത്രവിഭാഗത്തിന്റെ അദ്ധ്യക്ഷൻ എന്ന നിലയിൽ അത് തന്റെ ദൗത്യമാണെന്ന് വിശ്വസിച്ച കെ.എൻ.പണിക്കർ അദ്ധ്യാപകരെയും വിദ്യാർത്ഥികളെയും കൂട്ടിവരുത്തി സെമിനാർ നടത്തി. അതിന്റെ പശ്ചാത്തലത്തിൽ പക്ഷപാതമില്ലാതെ, മുൻവിധിയില്ലാതെ തയ്യാറാക്കിയ ലഘുലേഖയാണ് 'പൊളിറ്റിക്കൽ അബ്യൂസ് ഓഫ് ഹിസ്റ്ററി'. ഇന്ത്യൻ സമൂഹത്തിന്റേതായ പ്രശ്നം ചരിത്രവസ്തുതകളുടെ തെറ്റോ ശരിയോ സ്ഥാപിച്ചുകൊണ്ടല്ല; രാഷ്ട്രീയ തീരുമാനത്തിലൂടെയോ നീതിന്യായ സംവിധാനത്തിലൂടെയോ ആണ് പരിഹാരം കാണേണ്ടത് എന്നതായിരുന്നു അതിന്റെ അന്തസത്ത.

രാഷ്ട്രീയ സംവിധാനത്തിലൂടെ പള്ളി തകർക്കപ്പെടുകയും നീതിന്യായ സംവിധാനത്തിലൂടെ അവിടെ ക്ഷേത്രം ഉയരുകയും ചെയ്തു എന്നതായിരുന്നു കോടതി വിധിയിലൂടെ സംഭവിച്ചത്. ലഘുലേഖ ഹിന്ദുവിരുദ്ധ പ്രചരണ ആയുധമായി ചിത്രീകരിക്കപ്പെടുകയും ജെ.എൻ.യുവിലെ ചരിത്ര വിഭാഗം വർഗീയവാദികളാൽ തെറ്റിദ്ധരിക്കപ്പെടുകയും ചെയ്തു. മാർക്സിയൻ ചരിത്രകാരന്മാർ തങ്ങളുടെ രാഷ് ട്രീയ വീക്ഷണം പ്രചരിപ്പിക്കുവാൻ വേണ്ടി സെക്യുലർ ചരിത്രത്തെ സമർത്ഥമായി ഉപയോഗിക്കുന്നു എന്നാണ് സംഘപരിവാർ പ്രചരിപ്പിച്ചത്. ചരിത്രകാരന്മാരുടെ അഖിലേന്ത്യ സംഘടനയായ 'ഇന്ത്യൻ ഹിസ്റ്ററി കോൺഗ്രസ്' ഇതിനെ പ്രതിരോധിച്ചുവെങ്കിലും അവിടെ ഉയർന്ന ആശയങ്ങൾ താഴെതട്ടിൽ എത്താതെ പോകുകയും ചെയ്തു.










2008ൽ ഡോ.കെ.എൻ.പണിക്കരെ 'ഇന്ത്യൻ ഹിസ്റ്ററി കോൺഗ്രസിന്റെ' അദ്ധ്യക്ഷനായി തെരഞ്ഞെടുത്തു. അന്ന് അദ്ദേഹം നടത്തിയ പ്രസംഗത്തിലെ വിഷയം സാംസ്കാരിക ചരിത്രത്തോടുള്ള അവഗണന ആയിരുന്നു. സാംസ്കാരിക ചരിത്രം അവഗണിക്കപ്പെടുമ്പോൾ, അവിടെ പിന്തിരിപ്പൻ ശക്തികൾ കടന്നുകയറും എന്നതായിരുന്നു വിഷയം.

ആദ്യത്തെ ബി.ജെ.പി സർക്കാർ അധികാരത്തിൽ വന്നപ്പോൾ സാംസ്കാരിക കടന്നുകയറ്റവും രണ്ടാം ബി.ജെ.പി.സർക്കാർ അധികാരത്തിൽ വന്നപ്പോൾ ചരിത്രാധികാരത്തിലേക്കും അവരുടെ സംഘ സ്വാധീനം പ്രയോജനപ്പെടുത്തി. ലിബറൽ സ്വഭാവമുള്ള പല ചരിത്രകാരന്മാരും അവരോടൊപ്പം കൂടി. പുതിയ ചരിത്ര നിർമ്മിതിക്കുള്ള സാഹചര്യം ഉണ്ടായി. ശാസ്ത്രീയ ചരിത്രത്തെ സാങ്കല്പിക ചരിത്രത്തിലേക്കു കൊണ്ടുപോകുന്നതിലുള്ള പരിശ്രമം തുടർന്നുകൊണ്ടേയിരിക്കുന്നു. ഇതിനെ എങ്ങനെയൊക്കെ പ്രതിരോധിക്കാം എന്ന ചിന്തയിലായിരുന്നു ഇടതുപക്ഷ ചരിത്രകാരന്മാർ.

ജെ.എൻ.യു വിമർശിക്കപ്പെട്ടു; തെറ്റിദ്ധരിക്കപ്പെട്ടു; ഇടതുപക്ഷ രാഷ്ട്രീയത്തിന്റെ താവളമെന്ന് ചിത്രീകരിക്കപ്പെട്ടു. പത്രപ്രവർത്തകനായ അരുൺ ഷൂരി ചരിത്രകാരനായി മാറിയെന്ന് കെ.എൻ.പണിക്കർ. കെ.എൻ.പണിക്കരെ അദ്ദേഹം വിശേഷിപ്പിച്ചത് 'ഇന്ത്യൻ മാർക്സിസ്റ്റ് ചരിത്രകാരന്മാരുടെ പ്രധാന നേതാവ്' എന്നാണ്. ഇന്ത്യൻ കൗൺസിൽ ഫോർ ഹിസ്റ്റോറിക്കൽ റിസേർച്ചിനെ (ഐ.സി.എച്ച്.ആർ) പണം കൊള്ളയടിക്കാനുള്ള സ്ഥാപനമായി ചിത്രീകരിക്കുകയും അവിടെ രചിക്കുന്ന ചരിത്രത്തെ കമ്യൂണിസ്റ്റ് ചരിത്രമെന്ന് വിശേഷിപ്പിക്കുകയും ചെയ്തു.

ഇന്ത്യൻ സ്വാതന്ത്ര്യസമരത്തെ ഇന്ത്യയുടെ കാഴ്ചപ്പാടിൽ എഴുതുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ച പദ്ധതിയാണ് 'ടുവേഴ്സ് ഫ്രീഡം പ്രോജക്ട്'. പത്തുവർഷം കൊണ്ട് പത്ത് വോള്യം പ്രസിദ്ധീകരിക്കുക എന്നതായിരുന്നു ലക്ഷ്യം. പി.എൻ. ചോപ്ര, പ്രൊഫ.ഇർഫാൻ ഹബീബ്, ഗ്രാനേന്ദ്ര പാണ്ഡെ, ബിപൻ ചന്ദ്ര തുടങ്ങിയവരായിരുന്നു ആദ്യ വോള്യങ്ങളുടെ ചുമതല വഹിച്ചിരുന്നത്.

1940നെക്കുറിച്ചുള്ള നാലാം വോള്യത്തിന്റെ ചുമതല ഡോ.കെ.എൻ.പണിക്കർക്ക് ആയിരുന്നു. മുരളി മനോഹർ ജോഷി മാനവ വിഭവശേഷി വകുപ്പ് മന്ത്രിയായി. എല്ലാ നടപടികളും പൂർത്തിയാക്കിയ നാലാം വോള്യം ഓക്സ്ഫോർഡ് യൂണിവേഴ്സിറ്റി പ്രസ്സിനു കൈമാറി. എന്നിട്ടും പ്രസിദ്ധീകരണം തടസ്സപ്പെട്ടു. ഇതിനെതിരെ ബൗദ്ധികതലങ്ങളിൽ നിന്നും പ്രതിഷേധം ഉയർന്നു. അമർത്യസെൻ, പ്രൊഫ.എറിക് ഹോബ്സ് ബാം തുടങ്ങിയവർ ഐ.സി.എച്ച്.ആറിന്റെ നടപടിയിൽ പ്രതിഷേധിച്ചു. ഇന്ത്യൻ ഹിസ്റ്ററി കോൺഗ്രസ് പ്രതിഷേധപ്രമേയം പാസ്സാക്കി. വിവിധ പ്രസിദ്ധീകരണശാലക്കാർ പുസ്തകം പ്രസിദ്ധീകരിക്കാമെന്ന് വാഗ്ദാനം ചെയ്തു.

രണ്ടായിരത്തി അഞ്ഞൂറു പേജുള്ള വോള്യത്തിന്റെ തൊള്ളായിരം പേജുകൾ മൂന്നംഗ കമ്മിറ്റിയുടെ പരിശോധനയ്ക്കു വിട്ടു. പ്രൊഫ.വൈകുണ്ഠം, പ്രൊഫ.കപിൽ കുമാർ എന്നിവർ ചെറിയ തിരുത്തലുകൾ നൽകി നാലാം വോള്യം പ്രസിദ്ധീകരണയോഗ്യമെന്ന് നിർദ്ദേശിച്ചു. ഇതിനിടയിൽ ഐ.സി.എച്ച്.ആറിലുള്ള വോള്യം നഷ്ടപ്പെട്ടിരുന്നു. ഡോ.കെ.എൻ.പണിക്കരുടെ കൈവശമുണ്ടായിരുന്ന പ്രതിയിൽ നിന്നാണ് 2010ൽ ആ നാലാം വോള്യം പ്രസിദ്ധീകരിക്കുന്നത്.

ചരിത്രത്തെ ദുർവ്യാഖ്യാനം ചെയ്യുന്നതിൽ ആവിഷ്കാരലോകം പ്രതികരിച്ചു. പ്രഭാഷണത്തിനായി അമേരിക്കയിൽ നിന്നും കാനഡയിൽ നിന്നും ക്ഷണം ഉണ്ടായി. അമേരിക്കയിലെ ഹാർവാർഡ്, യേൽ, പെൻസിൽവാനിയ തുടങ്ങിയ പത്തു സർവ്വകലാശാലകളിൽ പ്രഭാഷണം നടത്തി. പ്രതിഷേധിക്കാൻ എത്തിയ സിലിക്കൽ വാലിയിലെ സംഘപരിവാർ സംഘത്തെ ചരിത്രകാരൻ റിച്ചാർഡ് ഫാർമാർ ശക്തമായി വിമർശിച്ചു.

വർഗീയത എങ്ങനെയാണ് ആധുനിക വിദ്യാഭ്യാസം ലഭിച്ച ഇന്ത്യൻ സമൂഹത്തെ അന്ധരാക്കുന്നത് എന്ന തരത്തിലുള്ള റിപ്പോർട്ടിങ്ങാണ് അവിടെയാകെ പ്രചരിച്ചത്. തുടർന്ന് പ്രഭാഷണ പരമ്പര തന്നെയുണ്ടായി. സിഡ്നിയിലും, ഹോങ്കോംഗിലും, റോമിൽ നടന്ന ചരിത്രകാരന്മാരുടെ സമ്മേളനത്തിലും ഡോ.കെ.എൻ.പണിക്കർ ക്ഷണിതാവായി. ഐ.സി.എച്ച്.ആറിന്റെ ചെയർമാൻ ബി.ആർ.ഗ്രോവറും വിദേശകാര്യ വകുപ്പും ഇന്ത്യൻ സർക്കാരിനെതിരാണെന്ന പ്രതിഷേധം ഉയർത്തിയെങ്കിലും അതൊന്നും ഒരു രാജ്യവും കണക്കിലെടുത്തില്ല. എന്നാൽ ഇന്ത്യയിൽ ചരിത്രരചനയിൽ വക്രീകരണം നടന്നു. എൻ.സി.ആർ.ടി പ്രസിദ്ധീകരിച്ച പുസ്തകങ്ങളിൽ ബോധപൂർവ്വമായ തിരുത്തലുകൾ സംഭവിച്ചു. ഗവൺമെന്റ് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഹിന്ദുത്വ വക്താക്കളെ നിയമിക്കുകയുണ്ടായി. ഐ.സി.എച്ച്.ആറിലും ഫിലിം ആൻഡ് ടെലിവിഷൻ ഇൻസ്റ്റിറ്റ്യൂട്ടിലും അത്തരത്തിലുള്ള മാറ്റങ്ങൾ പ്രകടമായി.

മൂന്ന് പതിറ്റാണ്ടുകാലം ജെ.എൻ.യുവിൽ പ്രവർത്തിച്ചു. വൈസ് ചാൻസിലർ എക്സിക്യൂട്ടീവ് കമ്മിറ്റി അംഗം, പെഴ്സ്പെക്റ്റീവ് പ്ലാനിങ് കമ്മിറ്റി അദ്ധ്യക്ഷൻ തുടങ്ങിയ നിലകളിൽ ഡോ.കെ.എൻ.പണിക്കർ പ്രവർത്തിച്ചു. 65 കോടിയുടെ പദ്ധതി അവതരണം അത്തരത്തിലുള്ള ഒന്നായിരുന്നു. വൈസ് ചാൻസിലർ ഉൾപ്പെടെയുള്ളവർ അപ്രായോഗികം എന്നു വിലയിരുത്തിയെങ്കിലും ശുപാർശ പൂർണ്ണമായി അംഗീകരിക്കുകയുണ്ടായി. അതിന്റെ ഫലമായിട്ടാണ് തത്ത്വചിന്തയ്ക്കുവേണ്ടി ഒരു സെന്റർ സ്ഥാപിതമായത്. വരുന്ന 20 വർഷത്തേക്ക് ജെ.എൻ.യുവിന് ഒരു മാർഗ്ഗരേഖ തയ്യാറാക്കുക എന്ന ദൗത്യമായിരുന്നു ഒടുവിൽ സർവ്വകലാശാല ഏല്പിച്ചത്. ജെ.എൻ.യുവിൽ നടന്ന വിടവാങ്ങൽ പ്രസംഗത്തിൽ ആയിരത്തോളം വിദ്യാർത്ഥികളെ സാക്ഷിനിർത്തി ഇടതുപക്ഷ പ്രതിരോധത്തെക്കുറിച്ചും മതനിരപേക്ഷതയെക്കുറിച്ചും അദ്ദേഹം ആവർത്തിച്ചു.

British Diplomacy in North India (1985), Against Lord and State: Religion and Peasant Uprising in Malabar (1989), Culture and Consciousness in Modern India (1990), Culture Ideology and Hegemony; Intellectuals and social consciouness in Colonial India (1996), Communal Threat Action and Other Essays (2002), Before the Night Falls: Foreboardings of Fascism in India (2002), Colonial Culture and Resistance (2009), History as a site of struggle (2013), Society and Culture in Kerala (2017) തുടങ്ങിയവയാണ് പ്രശസ്തമായ കൃതികൾ.

John Malcom's Political History of India (1980), Communalism in India: History Politics and Culture (1991), National and Left Movements in India (1990), Peasant Protest and Revolt in Malabar (1990), The Making of History (2000), Toward Freedom (2011), The Concerned Indians Guide to Communalism (2019), Caste in Kerala (2020) എന്നിവയാണ് എഡിറ്റു ചെയ്ത മറ്റു കൃതികൾ.

മലബാർ കലാപം, മഹാത്മാവിന്റെ മരണം, സാംസ്കാരിക ഭൗതിക സംവാദം തുടങ്ങിയ കൃതികൾ മലയാളത്തിലുള്ള രചനകളാണ്. പ്രധാന ഇംഗ്ലീഷ് കൃതികളുടെ മലയാള വിവർത്തനവും പ്രസിദ്ധീകരിച്ചിട്ടുണ്ട്. കെ.എൻ.പണിക്കരുടെ ആത്മകഥയാണ് 'കലുഷിതമായ കാലം'.

2000 ഡിസംബറിൽ ഡോ.കെ.എൻ.പണിക്കർ കാലടി ശ്രീശങ്കരാചാര്യ സംസ്കൃത സർവകലാശാലയുടെ മൂന്നാമത് വൈസ് ചാൻസിലറായി. 50 വർഷത്തിനുശേഷമുള്ള ഔദ്യോഗിക മടക്കം. സംസ്കൃത പഠനത്തിനായി ആരംഭിച്ച സർവ്വകലാശാലയിൽ ഒരു ചരിത്രകാരനെ വൈസ് ചാൻസിലറായി നിയമിച്ചതിലുള്ള പ്രതിഷേധം അവിടെയും പ്രകടമായി. സംസ്കൃത പഠനത്തോടൊപ്പം മറ്റു പല വിഷയങ്ങളിലും പഠനം നടത്തുക എന്നതാണ് സർവ്വകലാശാലയുടെ ലക്ഷ്യമെന്ന് ആദ്യ പ്രോജക്ടിൽ തന്നെ വ്യക്തമാക്കിയിട്ടുള്ളതിനാൽ വികലമായ പ്രചരണങ്ങളെല്ലാം അസ്ഥാനത്തായി. വാർദ്ധയിലെ ഹിന്ദി സർവകലാശാല, ഹൈദരബാദിലെ ഉർദു സർവക

# ചരിത്രവഴികളിലൂടെ സഞ്ചരിച്ച കെ.എൻ.പണിക്കർ




ലാശാല എന്നിവയുടെ പരിമിതി മനസ്സിലാക്കി കാലഹരണപ്പെടുവാൻ സാധ്യതയുള്ള ഒരു സർവ്വകലാശാലയായി മാറാതിരിക്കുവാനുള്ള നയരൂപീകരണത്തിന് നേതൃത്വം നൽകി. പഠനം സെമസ്റ്റർ രീതിയിലാക്കി. പരീക്ഷ നടത്തിപ്പിന്റെ ചുമതല വകുപ്പ് അദ്ധ്യക്ഷനിലാക്കി. പാഠ്യക്രമം നവീകരിച്ചു. അദ്ധ്യാപക തസ്തികയുടെ പേരിൽ നിരസിക്കപ്പെട്ട യു.ജി.സി. അംഗീകാരം ലഭിക്കുന്നതിനായുള്ള ശ്രമങ്ങൾക്ക് തുടക്കം കുറിച്ചു. ആർക്കിടെക്ടിനൊക്കൊണ്ട് സർവകലാശാലയ്ക്കായി ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കി. അതിനു ശേഷം അക്കാദമിക് കെട്ടിടങ്ങൾ നിർമ്മിച്ചു. ബിരുദാനന്തര ബിരുദ വിദ്യാർത്ഥികൾക്കായി ഒരു അക്കാദമിക് സമുച്ചയം, സ്റ്റുഡൻസ് സെന്റർ, കായിക വിനോദങ്ങൾക്കായി സെന്റർ, മെച്ചപ്പെട്ട ലൈബ്രറി എന്നിവയെല്ലാം ഇക്കാലത്തെ ഭൗതിക സാഹചര്യങ്ങളാണ്.

സർവ്വകലാശാലയുടെ സംരക്ഷണത്തിനായി വൈസ് ചാൻസിലറെ പുറത്താക്കണമെന്ന് ഹൈക്കോടതിയിൽ ഒരു കേസ് ഫയൽ ചെയ്യുകയുണ്ടായി. ആ കേസ് ഹൈക്കോടതി തള്ളി. സർവ്വകലാശാലയിൽ വൈരുദ്ധ്യാത്മിക ഭൗതികവാദം പ്രചരിപ്പിക്കുന്നു എന്ന് പ്രചരണം നടത്തി. കേന്ദ്ര മന്ത്രി മുരളി മനോഹർ ജോഷി തിരുവനന്തപുരത്തെത്തിയപ്പോൾ കാലടി സർവ്വകലാശാലയുടെ വൈസ് ചാൻസിലറിനെതിരെ പ്രസ്താവന നടത്തി. കെ.എൻ. പണിക്കർ കേന്ദ്രമന്ത്രിക്ക് തുറന്ന കത്തെഴുതി. സംസ്കൃത സർവ്വകലാശാല 24 വകുപ്പുകളുള്ള ഒരുസ്ഥാപനമാണെന്ന് അതിൽ അടിവരയിട്ടു. അതോടെ അത്തരത്തിലുള്ള വിവാദത്തിനു അവസാനവുമായി.

2001ൽ ഡോ.കെ.എൻ.പണിക്കർ 'കേരള കൗൺസിൽ ഫോർ ഹിസ്റ്റോറിക്കൽ റിസർച്ചി'ന്റെ അദ്ധ്യക്ഷനായി. ഗസറ്റിയർ വകുപ്പിന് രൂപമാറ്റം വരുത്തിയാണ് കെ.സി.എച്ച്.എസ് ആരംഭിച്ചത്. യു.ഡി.എഫ് അധികാരത്തിൽ വന്നതിനെ തുടർന്ന് സെപ്റ്റംബർ 22ന് കെ.എസി.എച്ച്.ആർ പിരിച്ചുവിട്ടു. കൗൺസിൽ കോടതിയെ സമീപിച്ചു. കോടതി സർക്കാരിനെ നിശിതമായി വിമർശിച്ചു. കൗൺസിലിനു സ്വതന്ത്രമായി പ്രവർത്തിക്കാനുള്ള അവസരം ഇതോടെ ലഭിച്ചു. രേഖകൾ സൂക്ഷിക്കുന്ന ഒരു സ്ഥാപനം മാത്രമായിരുന്നില്ല കെ.സി.എച്ച്.ആർ. സെമിനാറുകളും പ്രഭാഷണങ്ങളും നടത്തി. ഗവേഷണത്തിന് ഫെലോഷിപ്പ് ഏർപ്പെടുത്തി. പ്രാദേശിക ചരിത്രത്തെ പ്രോത്സാഹിപ്പിക്കുന്നതിനായി 400 കുടുംബങ്ങളുടെ ചരിത്രം സമാഹരിച്ചു. പൊതുജനപങ്കാളിത്തത്തോടെ പഴഞ്ചൊല്ലുകൾ സമാഹരിച്ചു പ്രസിദ്ധീകരിച്ചു. 2006ൽ നടത്തിയ അന്തർദേശീയ സെമിനാർ വൻവിജയമായി. കേരള ചരിത്രം ഡിജിറ്റലൈസും ചെയ്തു. കൗൺസിലിന്റെ ബൃഹത്തായ പദ്ധതി 'പട്ടണം' ഉത്ഖനനം ആയിരുന്നു. പന്ത്രണ്ടു വർഷത്തെ പ്രതിഫലമില്ലാത്ത സേവനത്തെ തുടർന്ന് ഡോ.കെ.എൻ.പണിക്കർ അതിന്റെ ചുമതലയിൽ നിന്നും വിരമിച്ചു.

2006ൽ ഇടതു മുന്നണി അധികാരത്തിൽ വന്നു. വിദ്യാഭ്യാസ വകുപ്പ് മന്ത്രിയായ എം.എ.ബേബി ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ സാരഥ്യം ഡോ.കെ.എൻ.പണിക്കരെ ഏല്പിച്ചു. കൗൺസിലിന്റെ പ്രവർത്തനങ്ങൾക്ക് ഒരു രൂപരേഖ തയ്യാറാക്കി. 2008 മാർച്ച് 18ന് കൗൺസിലിന്റെ പ്രവർത്തനം ആരംഭിച്ചു. മെമ്പർ സെക്രട്ടറി തോമസ് ജോസഫായിരുന്നു. ബിരുദ പാഠ്യപദ്ധതിയിൽ മാറ്റം വരുത്തി. അദ്ധ്യാപകരെ അതിനു പ്രാപ്തിയുള്ളവരാക്കുന്നതിനായി 200 ശില്പശാലകൾ സംഘടിപ്പിച്ചു. ക്ലസ്റ്റർ സമ്പ്രദായവും സെമസ്റ്റർ രീതിയും ഓപ്പൺ സർവ്വകലാശാലയും കൗൺസിലിന്റെ പുതിയ കാൽവയ്പുകളായി. 2012ൽ അദ്ധ്യക്ഷസ്ഥാനത്തു നിന്നും വിരമിച്ചു.




2010ൽ സാഹിത്യത്തിനും പത്രപ്രവർത്തനത്തിനും പ്രാധാന്യം നൽകി ഒരു ഓൺലൈൻ പോർട്ടൽ ആരംഭിച്ചു. ഇന്ത്യൻ റുമിനേഷൻസ് എന്ന പേരിലുള്ള പോർട്ടൽ വളരെ പെട്ടെന്നു തന്നെ ശ്രദ്ധാകർഷിച്ചു. ചരിത്രത്തിന്റെയും സംസ്കാരത്തിന്റെയും ബഹുമുഖ വൈവിധ്യങ്ങളെ സംരക്ഷിച്ചു കൊണ്ടു മാത്രമെ സെക്കുലർ സമൂഹമായി ഇന്ത്യയ്ക്കു നിലനിൽക്കാൻ കഴിയുകയുള്ളൂ എന്ന ആശയം പ്രഭാഷണ സഞ്ചാരങ്ങളിലൊക്കെ പ്രകടമാക്കിയിരുന്നു. ഒരു ദേശത്തിന്റെ ആത്മാവിലൂടെ സത്യസന്ധമായി സഞ്ചരിക്കുമ്പോൾ മാത്രമെ യഥാർത്ഥ ചരിത്രം വെളിപ്പെടുകയുള്ളൂ എന്ന അടിയുറച്ച് വിശ്വസിക്കുകയും അതിനായി അക്ഷീണം പരിശ്രമിക്കുകയും ചെയ്തു.

അഞ്ചു പതിറ്റാണ്ടുകാലം ന്യൂഡൽഹിയിലും പതിനേഴ് വർഷക്കാലം കേരളത്തിലും ചരിത്രാന്വേഷണത്തിൽ മാനവികതയുടെ സ്ഥാനം ബോധ്യപ്പെടുത്തിയ ആഗോള പ്രശസ്തനായ ഡോ.കെ.എൻ. പണിക്കർ 2026 മാർച്ച് 9ന്, എൺപത്തിയൊമ്പതാമത് വയസ്സിൽ തിരുവനന്തപുരത്ത് അന്തരിച്ചു.

## എന്റെ ഗുരുനാഥൻ

**വള്ളത്തോൾ നാരായണമേനോൻ**

**ലോ**കമേ തറവാടു തനിയ്ക്കീച്ചെടികളും
പുൽകളും പുഴുക്കളും കൂടിത്തൻ കുടുംബക്കാർ;
        ത്യാഗമെന്നതേ നേട്ടം; താഴ്മതാനഭ്യുന്നതി
        യോഗവിത്തേവം ജയിക്കുന്നിതെൻ ഗുരുനാഥൻ.
താരകാമണിമാല ചാർത്തിയാലതും കൊള്ളാം!
കാറണിച്ചളി നീളെപ്പുരണ്ടാലതും കൊള്ളാം;
        ഇല്ലിഹ സംഗം ലേപമെന്നിവ; സമസ്വച്ഛ-
        മല്ലയോ വിഹായസ്സ്, വ്വണ്ണമെൻ ഗുരുനാഥൻ
ദുർജ്ജന്തു വിഹീനമാം ദുർലഭതീർത്ഥ ഹ്രദം,
കജ്ജളോദ്ഗമമില്ലാത്തോരു മംഗളദീപം.
        പാമ്പുകൾ തീണ്ടീടാത്ത മാണിക്യമഹാനദി,
        പാഴ്നിഴലുണ്ടാക്കാത്ത പൂനിലാവെന്നാചാര്യൻ.
ശസ്ത്രമെന്നിയേ ധർമ്മ സംഗരം നടത്തുന്നോൻ,
പുസ്തകമെന്യേ പുണ്യാദ്ധ്യാപനം പുലർത്തുന്നോൻ.
        ഔഷധമെന്യേ രോഗം ശമിപ്പിപ്പവൻ, ഹിംസാ-
        ദോഷമെന്നിയേ യജ്ഞം ചെയ്വനെന്നാചാര്യൻ.
ശാശ്വതമഹിംസയാണമ്മഹാത്മാവിൻ വ്രതം;
ശാന്തിയാണവിടേയ്ക്കു പരദേവത പണ്ടേ;
        ഓതുമാറുണ്ടദ്ദേഹ: 'മഹിംസാമണിച്ചട്ട-
        യേതുടവാളിൻ കൊടുവായ്ത്തല മടക്കാത്തു?'
ഭാര്യയെക്കണ്ടെത്തിയ ധർമ്മത്തിൻ സല്ലാപങ്ങ-
ളാര്യസത്യത്തിൻ സദസ്സിങ്കലെസ്സംഗീതങ്ങൾ
*        *        *
ക്രിസ്തുദേവന്റെ പരിത്യാഗശീലവും, സാക്ഷാൽ
കൃഷ്ണനാം ഭഗവാന്റെ ധർമ്മരക്ഷോപായവും,
        ബുദ്ധന്റെയഹിംസയും, ശങ്കരാചാര്യരുടെ
        ബുദ്ധിശക്തിയും, രന്തിദേവന്റെ ദയാവായ്പും,
ശ്രീഹരിശ്ചന്ദ്രന്നുള്ള സത്യവും, മുഹമ്മദിൻ
സ്ഥൈര്യവുമൊരാളിൽച്ചേർന്നൊത്തുകാണണമെങ്കിൽ
        ചെല്ലുവിൻ ഭവാന്മാരെൻ ഗുരുവിൻ നികടത്തി;-
        ലല്ലായ്കിലവിടുത്തെച്ചരിത്രം വായിക്കുവിൻ!



## ചിത്രമെഴുത്തിന്റെ ഐതിഹ്യമാല

ആശ്രിതാവനതല്പരനായുള്ളോവെ, അണുവിലും അണുവിൽ നിന്ന്അനന്തകോടി ഭൂതങ്ങളെ അവതരിപ്പിച്ച പരമോദാരനായ ജഗൽപിതാവെ, കരയണയാതുഴലുന്ന ഈ ഏഴയെ ഉദ്ധരിപ്പാനായി അവിടുന്ന് ഈ പുഴവക്കത്തേയ്ക്ക് അതിവേഗത്തിൽ കടന്നുവരണേ, കടന്നുവരണേ.

ദൂരെ മരക്കൂട്ടങ്ങളുടെ ഇടയിലൂടെ, അപ്പോൾ ആരുടെയോ രഥചക്രങ്ങളുടെ ഭയങ്കരരടിതം കേൾക്കുമാറായി. ശംഖനാദത്തിന്റെ ഗംഭീരോത്തുംഗഡംബരത്താൽ പുൽമാലികളിൽ പള്ളിമാൻപേടകൾ സുഖപ്രസൂതകളായിച്ചമയുകയും, വിൺവീഥി നിറഞ്ഞ പോർവാളുകളുടെ ഝംഝനശ്രുതിയാൽ മേലേയ്ക്കു പറന്ന മദനവിവശകളായ വെള്ളിൽപക്ഷികൾ, വലാഹകസംയോഗത്താൽ ആനന്ദകുതുകികളായിത്തീരുകയും ചെയ്തു. കനകക്കിന്നരി മിന്നുന്ന പൊൻനീരാളിച്ചെങ്കൊടികൾ നഭസ്ഥലം എങ്ങും ആതമ്രകാന്തി ചിതറി പറന്നു. തേർപ്പൊൻ ചക്രങ്ങളുടെ തൂർണ്ണഭ്രമണസംഘർഷണത്താൽ കടുംപാറക്കെട്ടുകളെ അടർത്തി തെറിപ്പിച്ചുകൊണ്ട് ആകാശമണ്ഡലത്തിൽ അവിടവിടെ ചക്രവാതം ഉയരുകയും കാഹളദ്ധ്വാനത്തിന്റെ ഗംഭീര ബൃംഹിതത്താൽ ചക്രവാളം അറുതിയില്ലാതെ വിറകൊള്ളുകയും ചെയ്തു. വായുമണ്ഡലമോ അത്യുന്മേഷപ്രദമായ സുഗന്ധപരിമളബഹളത്താൽ പുളകഞ്ചിതമായും ചമഞ്ഞു.

അതാരായിരിക്കാം? ആരുതന്നെ ആയിരിക്കാം? ഘനപുഷ്പങ്ങൾ അനഘസ്വരൂപനായ ഏതൊരു സാമ്രാജ്യനാഥന്റെ എഴുന്നള്ളത്തിൽ രഥവീഥികളെ കുളിർനീർരേതൻ തൂകി ശുദ്ധീകരിക്കുന്നു. മിന്നൽപ്പിണരുകൾ ഏതൊരു ചക്രവർത്തിയുടെ ഘോഷയാത്രയിൽ വെള്ളിവെഞ്ചാമരം വീശുന്നു? അംഭോധരങ്ങൾ ഏതൊരു അഭിവന്ദ്യപുരുഷന്റെ പുരപ്രവേശത്തിൽ ആനയമ്പാരി നിരത്തുന്നു? വടവൃക്ഷശിഖരങ്ങൾ ഏതൊരു പരമ്പുരുഷന്റെ പാർശ്വതലത്തിൽ ആലവട്ടം ചാർത്തുന്നു. ഏതൊരു കാമകോമളന്റെ പള്ളിത്തേരോട്ടത്തിൽ കദളിവാഴത്താളുകൾ നീലത്തഴ പരത്തുന്നു?

അല്ലയോ രാജരാജാധിപതി ആയുള്ളോവെ, സർവശക്തനായ സ്വാമിൻ, അവിടുത്തെ മണിത്തോരുരുളുകളെ ത്വരിപ്പിച്ച് അടിയന്റെ സമീപത്തേയ്ക്ക് എഴുന്നരുളുമാറാകണെ. നാശത്തിൽനിന്നും, അജ്ഞതയിൽനിന്നും, അഹംബുദ്ധിയിൽനിന്നും, പ്രാപഞ്ചികസരിത്തിലെ അഗാധഗർത്തത്തിൽനിന്നും അടിയനെ ഉദ്ധരിക്കുമാറാകണെ.

പുഴവക്കത്തെ കാട്ടുചെടിപ്പടർപ്പുകളുടെ ഇടയിലൂടെ ആ കനകരഥാരൂഢൻ എന്നെ നോക്കി പുഞ്ചിരിയിട്ടു. പക്ഷേ, ഞാൻ അതുല്യപ്രഭാമണ്ഡിതമായ അവിടത്തെ സ്വർഗ്ഗീയസുകുമാരവദനം ഒരു നോക്കു കാണുന്നതിനുമുമ്പായി അവിടുന്നു തളിർപ്പാളികളുടെ ഇടയിൽ മറഞ്ഞുകളഞ്ഞു. കാട്ടിന്റെ വല്ലൊരു കോണിലും അവിടുന്ന് ഉണ്ടായിരിക്കുമെന്നു കരുതി ഞാൻ ആ ഭാഗത്തേയ്ക്കു വഞ്ചി തിരിപ്പാൻ വൃഥാ പ്രയത്നിച്ചു. എന്റെ പ്രാണനായകനായുള്ളോവെ, എന്നെ രക്ഷിപ്പാനായി, ഈ ചെറുവഞ്ചിയിലേയ്ക്കു കടന്നുവരണമേ എന്ന് ഞാൻ ശരണാർത്ഥിയായി ഉറക്കെ നിലവിളിച്ചു.




മേഖലയോടുള്ള ആവേശവും ഉത്സാഹവും വർദ്ധിച്ചിരിക്കുകയാണ്. ഭാവിയിൽ, ഇത് കൂടുതൽ യുവാക്കളെ സ്പോർട്സിലേക്ക് വരാൻ പ്രേരിപ്പിക്കും. ജമ്മു കശ്മീരിലെ ജനങ്ങൾക്ക് കായിക വിനോദങ്ങളോട് അതിയായ അഭിനിവേശമുണ്ട്. പ്രധാന കായിക മത്സരങ്ങളുടെ ഹബ്ബായി സംസ്ഥാനം മാറുന്നതിൽ എനിക്ക് സന്തോഷമുണ്ട്. ഖേലോ ഇന്ത്യ വിന്റർ ഗെയിംസിനുള്ള വേദിയായി ഗുൽമാർഗ് ഇതിനകം തന്നെ പ്രസിദ്ധമാണ്. ഫുട്ബോൾ പോലുള്ള കായിക ഇനങ്ങളും ഇവിടുത്തെ യുവാക്കൾക്കിടയിൽ വളരെ ജനപ്രിയമാണ്. ജമ്മു കശ്മീരിലെ അത്‌ലറ്റുകളുടെ ഈ വിജയ പരമ്പര ഭാവിയിലും തുടരുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു.

എന്റെ പ്രിയപ്പെട്ട നാട്ടുകാരേ,
ഞാൻ പലപ്പോഴും പറയാറുണ്ട്, "जो खेलेगा वो खिलेगा" കളിക്കുന്നവർക്കേ ശോഭിക്കാനാവൂ മുമ്പ് അത്ര പ്രചാരത്തിലില്ലാതിരുന്ന കായിക ഇനങ്ങളെപ്പോലും നമ്മുടെ രാജ്യത്തെ യുവാക്കൾ ഇപ്പോൾ സ്വീകരിക്കുന്നത് കാണുമ്പോൾ എനിക്ക് സന്തോഷമുണ്ട്. ഉത്തർപ്രദേശിൽ നിന്നുള്ള പ്രതിഭാധനനായ അത്‌ലറ്റ് ഗുൽവീർ സിംഗ് അത്തരമൊരു കായിക ഇനത്തിൽ മികവ് തെളിയിച്ചു. ഏതാനും ആഴ്ചകൾക്ക് മുമ്പ്, ന്യൂയോർക്ക് സിറ്റി ഹാഫ് മാരത്തണിൽ മൂന്നാം സ്ഥാനം നേടി അദ്ദേഹം ചരിത്രം സൃഷ്ടിച്ചു. ഒരു മണിക്കൂറിനുള്ളിൽ ഹാഫ് മാരത്തൺ പൂർത്തിയാക്കിയ ആദ്യ ഭാരതീയ അത്‌ലറ്റായി അദ്ദേഹം മാറി. സ്ക്വാഷ് കളിക്കാരിയായ അനാഹത് സിംഗ് സ്ക്വാഷ് ഓൺ ഫയർ ഓപ്പണിൽ പ്രശസ്തമായ ഒരു അന്താരാഷ്ട്ര കിരീടം സ്വന്തമാക്കി. വെറും 17 വയസ്സിലാണ് അവർ ഈ വിജയം നേടിയത്. ഇതോടെ, പി.എസ്.എ. ലോക റാങ്കിംഗിൽ ടോപ്20യിൽ ഇടം നേടിയ ഏറ്റവും പ്രായം കുറഞ്ഞ ഏഷ്യൻ വനിതാ അത്‌ലറ്റായി അവർ മാറി. അസ്മിത അത്‌ലറ്റിക്സ് ലീഗിനെക്കുറിച്ചും ഞാൻ മനസ്സിലാക്കി. മാർച്ച് 8 ന് വനിതാ ദിനത്തോടനുബന്ധിച്ച് നിരവധി കായിക പരിപാടികൾ അവർ ഭംഗിയായി സംഘടിപ്പിച്ചു. ഏകദേശം 2 ലക്ഷം പെൺകുട്ടികൾ ലീഗിൽ പങ്കെടുത്തു. രാജ്യത്ത് നടക്കുന്ന കായികമേഖലയിലെ ഈ പരിവർത്തനത്തിൽ സ്ത്രീശക്തി നിർണായക പങ്ക് വഹിക്കുന്നത് കാണുന്നത് സന്തോഷകരമാണ്.

സുഹൃത്തുക്കളേ,
നിങ്ങൾ എല്ലാവരും അവരവരുടെ ഫിറ്റ്നസിൽ ശ്രദ്ധിക്കണമെന്ന് ഞാൻ എപ്പോഴും അഭ്യർത്ഥിക്കാറുണ്ട്. അന്താരാഷ്ട്ര യോഗ ദിനത്തിന് 100 ദിവസത്തിൽ താഴെ മാത്രം ശേഷിക്കെ, ലോകമെമ്പാടും യോഗയോടുള്ള താൽപര്യം ക്രമാനുഗതമായി വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. ആഫ്രിക്കയിലെ ജിബൂട്ടിയിൽ, അൽമിസ് തന്റെ അരവിന്ദ് യോഗ സെന്റർ വഴി യോഗ പ്രചരിപ്പിക്കുന്നു. അദ്ദേഹം മറ്റ് പല സ്ഥലങ്ങളിലുമുള്ള ആളുകളെ യോഗ പഠിപ്പിക്കുന്നു. ഇൻസ്റ്റാഗ്രാമിലെ കണ്ടന്റ് ക്രിയേറ്റർ യുവരാജ് ദുവയുടെ പോസ്റ്റിനുള്ള എന്റെ മറുപടിയിൽ നിങ്ങളിൽ പലരും കമന്റ് ചെയ്തു. മധുരം കഴിക്കുന്നത് കുറയ്ക്കാൻ അദ്ദേഹത്തിന്റെ അച്ഛനോട് പറയാൻ അദ്ദേഹം എന്നോട് അഭ്യർത്ഥിച്ചിരുന്നു. എന്റെ അഭ്യർത്ഥന അദ്ദേഹത്തിന്റെ അച്ഛനിൽ നല്ല സ്വാധീനം ചെലുത്തിയതിൽ എനിക്ക് സന്തോഷമുണ്ട്. നിങ്ങളും മധുരം കഴിക്കുന്നത് കുറയ്ക്കാനും, ഞാൻ മുൻപ് പറഞ്ഞിട്ടുള്ളതുപോലെ, പാചക എണ്ണയുടെ ഉപഭോഗം 10 ശതമാനം കുറയ്ക്കാനും അഭ്യർത്ഥിക്കുന്നു. ഈ ചെറിയ ശ്രമങ്ങൾ നിങ്ങളെ അമിതവണ്ണത്തിൽ നിന്നും ജീവിതശൈലിയുമായി ബന്ധപ്പെട്ട രോഗങ്ങളിൽ നിന്നും അകറ്റി നിർത്തും.

എന്റെ പ്രിയപ്പെട്ട നാട്ടുകാരേ,
കരത് കരത് അഭ്യാസ് കേ, ജട്മത് ഹോത്ത് സുജാൻ എന്നൊരു പഴഞ്ചൊല്ലുണ്ട്, അതായത് തുടർച്ചയായി പരിശീലിക്കുമ്പോൾ നമുക്ക് കൂടുതൽ ബുദ്ധിശക്തി ലഭിക്കും. സജീവമായി പങ്കെടുക്കുമ്പോഴാണ് ആളുകൾ നന്നായി പഠിക്കുന്നത്. ബെംഗളൂരുവിൽ വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട ഒരു നവസംരംഭത്തെക്കുറിച്ച് ഞാൻ മനസ്സിലാക്കി. പ്രയോഗ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എഡ്യൂക്കേഷൻ റിസർച്ച് എന്ന സ്ഥാപനം ഇവിടെ ഒരുകൂട്ടർ നടത്തുന്നു. ഗവേഷണ പ്രോജക്ടുകളിൽ ഈ ടീമിന് പ്രത്യേക ശ്രദ്ധയാണ്. സ്കൂൾ തലത്തിൽ ശാസ്ത്ര പഠനം ജനപ്രിയമാക്കുന്നതിൽ ഈ ടീം ഏർപ്പെട്ടിരിക്കുന്നു. അവർ അന്വേഷൺഎന്ന പേരിൽ ഒരു പരീക്ഷണം നടത്തിയിട്ടുണ്ട്, അതിലൂടെ 9ാം ക്ലാസ്സ് മുതൽ 12ാം ക്ലാസ്സ് വരെയുള്ള വിദ്യാർത്ഥികൾക്ക് രസതന്ത്രം, ഭൗമശാസ്ത്രം, വെൽനെസ് തുടങ്ങിയ മേഖലകളിൽ നൂതനാശയങ്ങൾ കൊണ്ടുവരാനുള്ള അവസരം ലഭിക്കുന്നു കൂടാതെ, വിദ്യാർത്ഥികൾക്ക് ഗവേഷണത്തിൽ മികച്ച അനുഭവവും അവരുടെ പ്രോജക്ടുകൾ പബ്ലിഷ് ചെയ്യാനുള്ള ഒരു പ്ലാറ്റ്ഫോമും ലഭിക്കുന്നു.

സുഹൃത്തുക്കളേ,
പരീക്ഷ പേ ചർച്ചയ്ക്കിടെ, ചില വിദ്യാർത്ഥികൾ എന്നോട് പറഞ്ഞു, അവർ സയൻസ് പഠിക്കാൻ ആഗ്രഹിക്കുന്നു, പക്ഷേ അവർ അതിനെ ഭയപ്പെടുന്നു. ഈ ദിശയിലുള്ള പ്രയോഗ് ടീമിന്റെ ശ്രമങ്ങൾ വളരെ പ്രശംസനീയമാണ്. ഈ സംരംഭം വിദ്യാർത്ഥികൾക്ക് സയൻസുമായി ഇടപഴകാനും പ്രാക്ടിക്കലായി എന്തെങ്കിലും ചെയ്തു കാണിക്കാനും അവസരം നൽകുന്നു. നമ്മൾ സ്വന്തമായി എന്തെങ്കിലും ചെയ്തുനോക്കുമ്പോൾജിജ്ഞാസയും താൽപ്പര്യവും ഉണ്ടാകുന്നു. ആർക്കറിയാം, എന്റെ ഈ യുവസുഹൃത്തുക്കളിൽ ചിലരെങ്കിലും ഭാവിയിലെ ഏറ്റവും മികച്ച ശാസ്ത്രജ്ഞരായി മാറില്ലെന്ന്.

സുഹൃത്തുക്കളേ,
നാഗാ സമൂഹം വിദ്യാഭ്യാസത്തിലൂടെ ഭൂതകാലത്തെ സംരക്ഷിക്കാനും ഭാവിയെ കെട്ടിപ്പടുക്കാനും ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. അവർ അവരുടെ ഗോത്ര പാരമ്പര്യങ്ങളെ വളരെയധികം ബഹുമാനിക്കുന്നു. അവയിൽ അഭിമാനം കൊള്ളുന്നു.അതേസമയം ആധുനിക സമീപനം നിലനിർത്തുകയും ചെയ്യുന്നു. നാഗാ ഗോത്രവിഭാഗങ്ങൾക്ക് ഒരു പരമ്പരാഗത മൊറുങ് പഠന സമ്പ്രദായമുണ്ടായിരുന്നു, അതിൽ മുതിർന്നവർ അവരുടെ അനുഭവങ്ങളിലൂടെ യുവാക്കൾക്ക് പരമ്പരാഗത അറിവും ചരിത്രവും ജീവിതനൈപുണ്യവും പകർന്നു നൽകിയിരുന്നു. കാലക്രമേണ, ഈ സിസ്റ്റം മൊറുങ് വിദ്യാഭ്യാസ ആശയമായി പരിണമിച്ചു. ഇതിലൂടെ, ഗണിതം, ശാസ്ത്രം തുടങ്ങിയ വിഷയങ്ങളിൽ താൽപ്പര്യം കാണിക്കാൻ അവർ കുട്ടികളെ പ്രോത്സാഹിപ്പിക്കുന്നു. ഇതിൽ, സമൂഹത്തിലെ മുതിർന്നവർ കഥകൾ, നാടൻ പാട്ടുകൾ, പരമ്പരാഗത ഗെയിമുകൾ എന്നിവയിലൂടെ കുട്ടികളെ ലൈഫ് സ്കില്ലുകൾ പഠിപ്പിക്കുന്നു. ഈ രീതിയിൽ, നാഗാലാൻഡ് അതിന്റെ സാംസ്കാരിക പൈതൃകം നിലനിർത്തിക്കൊണ്ട് കുട്ടികളുടെ വിദ്യാഭ്യാസം മുന്നോട്ട് കൊണ്ടുപോകുന്നു. നിങ്ങളുടെ പ്രദേശത്തെ അത്തരം ശ്രമങ്ങളെക്കുറിച്ച് നിങ്ങൾക്കറിയാമെങ്കിൽ, തീർച്ചയായും പങ്കിടുക.

എന്റെ പ്രിയപ്പെട്ട നാട്ടുകാരേ,
രാജ്യത്തിന്റെ പല ഭാഗങ്ങളിലും വേനൽക്കാലം ആരംഭിച്ചു.ജലസംരക്ഷണത്തോടുള്ള നമ്മുടെ പ്രതിബദ്ധത പുതുക്കേണ്ട സമയമാണിത്. കഴിഞ്ഞ 11 വർഷത്തിനിടയിൽ, जल संचय अभियान ജനങ്ങളെ ജാഗരൂഗരാക്കിയിട്ടുണ്ട്. ഈ കാമ്പെയ്നിന്റെ കീഴിൽ, രാജ്യത്തുടനീളം ഏകദേശം 50 ലക്ഷം കൃത്രിമ ജലസംഭരണികൾ നിർമ്മിച്ചിട്ടുണ്ട്. ജലപ്രതിസന്ധി പരിഹരിക്കുന്നതിനായി എല്ലാ ഗ്രാമങ്ങളിലും കമ്മ്യൂണിറ്റി തലത്തിലുള്ള ശ്രമങ്ങൾ ഇപ്പോൾ നടക്കുന്നുണ്ടെന്ന് കാണുന്നതിൽ എനിക്ക് സന്തോഷമുണ്ട്. ചിലയിടങ്ങളിൽ പഴയ കുളങ്ങൾ വൃത്തിയാക്കുകയാണെങ്കിൽ ചിലയിടങ്ങളിൽ മഴവെള്ളം സംരക്ഷിക്കാനുള്ള ശ്രമങ്ങൾ നടക്കുന്നു. അമൃത് സരോവർ അഭിയാന്റെ കീഴിൽ, രാജ്യത്തുടനീളം ഏകദേശം 70,000 അമൃത് സരോവറുകൾ നിർമ്മിച്ചിട്ടുണ്ട്. മഴക്കാലം വരുന്നതിന് മുമ്പ് ഈ തടാകങ്ങളുടെ ശുചീകരണവും ആരംഭിച്ചു. ഇന്ന്, പ്രചോദനാത്മകമായ ചില ഉദാഹരണങ്ങൾ പങ്കിടാൻ ഞാൻ ആഗ്രഹിക്കുന്നു. പൊതുജന പങ്കാളിത്തത്തോടെ ജലസംരക്ഷണം എത്രത്തോളം വ്യാപകമാകുമെന്ന് ഈ ഉദാഹരണങ്ങൾ തെളിയിക്കുന്നു.

സുഹൃത്തുക്കളേ,
ത്രിപുരയിലെ ജംപുയി കുന്നുകളിൽ സ്ഥിതി ചെയ്യുന്ന വാങ്മുൻ ഗ്രാമം 3,000 അടി ഉയരത്തിലാണ് സ്ഥിതി ചെയ്യുന്നത്. ഈ ഗ്രാമം കടുത്ത ജലപ്രതിസന്ധി നേരിടുകയായിരുന്നു. വേനൽക്കാലത്ത്, ഗ്രാമവാസികൾ വെള്ളം കൊണ്ടുവരാൻ ദീർഘദൂരം സഞ്ചരിക്കുമായിരുന്നു. ഒടുവിൽ, ഓരോ മഴത്തുള്ളിയും സംരക്ഷിക്കാൻ ഗ്രാമവാസികൾ തീരുമാനിച്ചു. ഇന്ന്, വാങ്മുൻ ഗ്രാമത്തിലെ മിക്കവാറും എല്ലാ വീടുകളിലും പുരപ്പുറ ജലസംരക്ഷണ മാർഗങ്ങൾ സ്ഥാപിച്ചിട്ടുണ്ട്. ഒരുകാലത്ത് ജലക്ഷാമം നേരിട്ടിരുന്ന ഈ ഗ്രാമം ജലസംരക്ഷണത്തിന്റെ പ്രചോദനാത്മകമായ ഒരു ഉദാഹരണമായി മാറിയിരിക്കുന്നു.

സുഹൃത്തുക്കളേ,
ഛത്തീസ്ഗഢിലെ കൊറിയ ജില്ലയിലും ഇതുപോലൊരു സവിശേഷ സംരംഭം കണ്ടു. ഇവിടുത്തെ കർഷകർ ലളിതവും എന്നാൽ ഫലപ്രദവുമായ ഒരു ആശയം നടപ്പിലാക്കി. അവർ ചെറിയ റീചാർജ് കുളങ്ങളും സോക്ക് പിറ്റുകളും അവരുടെ വയലുകളിൽ നിർമ്മിച്ചു, അങ്ങനെ മഴവെള്ളം വയലുകളിൽ തങ്ങിനിൽക്കാനും ക്രമേണ ഭൂമിക്കടിയിലേക്ക് ഒഴുകാനും തുടങ്ങി. ഇന്ന്, ഈ പ്രദേശത്തെ 1,200ലധികം കർഷകർ ഈ മാതൃക സ്വീകരിച്ചു കഴിഞ്ഞു. ഗ്രാമത്തിലെ ഭൂഗർഭ ജലത്തിന്റെ തോത് ഗണ്യമായി മെച്ചപ്പെട്ടു. അതുപോലെ, തെലങ്കാനയിലെ മഞ്ചേരിയാൽ ജില്ലയിലെ മുധി

**ഛത്തീസ്ഗഢിലെ കൊറിയ ജില്ലയിലും ഇതുപോലൊരു സവിശേഷ സംരംഭം കണ്ടു. ഇവിടുത്തെ കർഷകർ ലളിതവും എന്നാൽ ഫലപ്രദവുമായ ഒരു ആശയം നടപ്പിലാക്കി. അവർ ചെറിയ റീചാർജ് കുളങ്ങളും സോക്ക് പിറ്റുകളും അവരുടെ വയലുകളിൽ നിർമ്മിച്ചു, അങ്ങനെ മഴവെള്ളം വയലുകളിൽ തങ്ങിനിൽക്കാനും ക്രമേണ ഭൂമിക്കടിയിലേക്ക് ഒഴുകാനും തുടങ്ങി. ഇന്ന്, ഈ പ്രദേശത്തെ 1,200ലധികം കർഷകർ ഈ മാതൃക സ്വീകരിച്ചു കഴിഞ്ഞു. ഗ്രാമത്തിലെ ഭൂഗർഭ ജലത്തിന്റെ തോത് ഗണ്യമായി മെച്ചപ്പെട്ടു. അതുപോലെ, തെലങ്കാനയിലെ മഞ്ചേരിയാൽ ജില്ലയിലെ മുധിഗുണ്ട ഗ്രാമത്തിലും ആളുകൾ ഒത്തുചേർന്ന് ജലപ്രശ്നം പരിഹരിച്ചു. 400 കുടുംബങ്ങൾ അവരുടെ വീടുകളിൽ സോക്ക് പിറ്റുകൾ നിർമ്മിച്ചു.**




ഗുണ്ട ഗ്രാമത്തിലും ആളുകൾ ഒത്തുചേർന്ന് ജലപ്രശ്നം പരിഹരിച്ചു. 400 കുടുംബങ്ങൾ അവരുടെ വീടുകളിൽ സോക്ക് പിറ്റുകൾ നിർമ്മിച്ചു, ഇത് ജലസംരക്ഷണത്തിനായി നടത്തിയ ഒരു ബഹുജന വിപ്ലവമായി. ഇതുമൂലം, ഗ്രാമത്തിലെ ഭൂഗർഭജലത്തിന്റെ നില മെച്ചപ്പെട്ടു. മാത്രമല്ല, മലിനമായ വെള്ളം മൂലമുണ്ടാകുന്ന രോഗങ്ങളും ഗണ്യമായി കുറഞ്ഞു.

എന്റെ പ്രിയപ്പെട്ട നാട്ടുകാരേ,

നമ്മുടെ മത്സ്യത്തൊഴിലാളി സഹോദരീസഹോദരന്മാർ കടലിന്റെ യോദ്ധാക്കൾ മാത്രമല്ല, സ്വയം പര്യാപ്തഭാരതത്തിന്റെ ശക്തമായ അടിത്തറയും കൂടിയാണ്. പ്രഭാതത്തിനുമുമ്പ് കടലിലെ തിരമാലകളോട് പോരാടി, അവർ കുടുംബാംഗങ്ങളെയും അതോടൊപ്പം രാജ്യത്തിന്റെ സമ്പദ്വ്യവസ്ഥയെയും ശക്തിപ്പെടുത്താൻ പരിശ്രമിക്കുന്നു. കഠിനാധ്വാനികളായ ഈ മത്സ്യത്തൊഴിലാളികൾ ഇന്ന് അനായാസമായ ജീവിതം നയിക്കുന്നു. തുറമുഖ വികസനമായിക്കൊള്ളട്ടെ മത്സ്യത്തൊഴിലാളി ഇൻഷുറൻസാകട്ടെ, നിരവധി സംരംഭങ്ങൾ അവർക്ക് വളരെയധികം പ്രയോജനപ്പെടുന്നു. കാലാവസ്ഥാ വ്യതിയാനങ്ങൾ കടലിലെ അവരുടെ പ്രവർത്തനങ്ങളെ വളരെയധികം സ്വാധീനിക്കുന്നുവെന്ന് നമുക്കറിയാം. ഇത് മനസ്സിലാക്കി, സാങ്കേതികവിദ്യയിലൂടെ അവർക്ക് പൂർണ്ണ പിന്തുണ ഉറപ്പുവരുത്തുന്നു. അത്തരം ശ്രമങ്ങളിലൂടെ നമ്മുടെ മത്സ്യബന്ധന മേഖല സമ്പന്നമാകുക മാത്രമല്ല, നവീകരിക്കാനുള്ള ആവേശം വളർത്തുകയും ചെയ്യുന്നതിൽ ഞാൻ വളരെയധികം സന്തോഷിക്കുന്നു. ഇന്ന്, മത്സ്യബന്ധന, കടൽപ്പായൽ മേഖലകളിൽ നൂതനാശയങ്ങളുടെ പ്രാവർത്തികമാക്കൽ നടക്കുന്നുണ്ട്, നമ്മുടെ മത്സ്യത്തൊഴിലാളി സഹോദരീസഹോദരന്മാർ സ്വയംപര്യാപ്തരാകുകയാണ്. ഒഡീഷയിലെ സംബൽപൂരിലെ സുജാത ഭൂയാൻ ഒരു വീട്ടമ്മയാണ്. എന്നാൽ എന്തെങ്കിലും പുതുതായി ചെയ്തുകൊണ്ട് അവർതന്റെ കുടുംബത്തെ സഹായിക്കാൻ ആഗ്രഹിച്ചു. അതിനായി, കുറച്ച് വർഷങ്ങൾക്ക് മുമ്പ്, അവർ ഹിരാക്കുഡ് റിസർവോയറിൽ മത്സ്യക്കൃഷി ആരംഭിച്ചു. ആദ്യ ദിവസങ്ങൾ അവർക്ക് എളുപ്പമായിരുന്നില്ല. കാലാവസ്ഥാ വ്യതിയാനങ്ങൾ, മത്സ്യങ്ങൾക്ക് ഭക്ഷണം ക്രമീകരിക്കൽ, വീട്ടിലെ ചുമതലകൾ തുടങ്ങി നിരവധി വെല്ലുവിളികൾ അവർ നേരിട്ടു. പക്ഷേ അവരുടെ മനസ്സ് അചഞ്ചലമായി തുടർന്നു. വെറും രണ്ടോ മൂന്നോ വർഷത്തിനുള്ളിൽ, അവർ തന്റെ ശ്രമങ്ങളെ വിജയകരമായഒരു ബിസിനസാക്കി മാറ്റി. ഇന്ന്, അവരുടെ വിജയം സമൂഹത്തിലെ സ്ത്രീകൾക്ക് ഒരു പുതിയ കിരണമായി മാറിയിരിക്കുന്നു.

സുഹൃത്തുക്കളേ,

ലക്ഷദ്വീപിലെ മിനിക്കോയിൽ നിന്നുള്ള ഹാവ്വ ഗുൽസാറിന്റെ കഥ നമ്മുടെ അമ്മമാരുടെയും സഹോദരിമാരുടെയും അത്ഭുതകരമായ ദൃഢനിശ്ചയത്തെ എടുത്തുകാണിക്കുന്നു. അവർ ഒരു മത്സ്യ സംസ്കരണ യൂണിറ്റ് നടത്തിയിരുന്നു. എന്നാൽ നല്ലൊരു കോൾഡ് സ്റ്റോറേജ് സൗകര്യം കൂടി ഉണ്ടെങ്കിൽ കൂടുതൽ മികച്ച രീതിയിൽ പ്രവർത്തിക്കാൻ കഴിയുമെന്ന് അവർ കരുതി. അതിനാൽ, ഒരു കോൾഡ് സ്റ്റോറേജ് യൂണിറ്റ് സ്ഥാപിക്കാൻ അവർ തീരുമാനിച്ചു. ഇന്ന്, ഇത് അവരുടെ ശക്തിയായി മാറിയിരിക്കുന്നു. ഇപ്പോൾ, മികച്ച പ്ലാനിങ്ങോടെ അവർക്ക് തന്റെ ബിസിനസ്സ് നടത്താൻ കഴിയുന്നു.

സുഹൃത്തുക്കളേ,

ഇന്ന് രാജ്യമെമ്പാടും പ്രചോദനാത്മകമായ പ്രവർത്തനങ്ങൾ നടക്കുന്നു. ബേൽഗാവിയിലെ ശിവ്ലിംഗ് സതപ്പ ഹുദ്ദാർ പരമ്പരാഗത കൃഷിയിൽ നിന്ന് വ്യത്യസ്തമായ ഒരു പാത തിരഞ്ഞെടുത്തു. ഇതിനായി അദ്ദേഹം ഒരു കുളത്തിൽ ഫാം സൃഷ്ടിച്ചു. ഈ ബിസിനസിനായി അദ്ദേഹത്തിന് പരിശീലനവും ലഭിച്ചു. ഇപ്പോൾ, അദ്ദേഹം തന്റെ കുളത്തിലെ മത്സ്യം വിറ്റ് നല്ല വരുമാനം നേടുന്നു. അതുപോലെതന്നെ കടൽപ്പായലിന്റെ ആവശ്യകത കണ്ട്, പലരും കടൽപ്പായൽ കൃഷി നടത്തിഗണ്യമായ നേട്ടങ്ങളും കൊയ്യുന്നു. മത്സ്യബന്ധനമേഖലയിൽ ജോലി ചെയ്യുന്ന എല്ലാവരെയും ഞാൻ വീണ്ടും അഭിനന്ദിക്കുന്നു. നമ്മുടെ സമ്പദ് വ്യവസ്ഥയെ ശക്തിപ്പെടുത്താനുള്ള അവരുടെ ശ്രമങ്ങൾ വളരെ പ്രശംസനീയമാണ്.

എന്റെ പ്രിയപ്പെട്ട നാട്ടുകാരേ,

സമൂഹം സ്വയം മുന്നോട്ട് കുതിക്കുമ്പോൾ, ചെറിയ ശ്രമങ്ങൾ പോലും വലിയ മാറ്റത്തിന് അടിത്തറയായി മാറുന്നു. നമ്മുടെ രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ ഇത്തരം നിരവധി ഉദാഹരണങ്ങൾ കാണാം. അവ നമ്മെ ഇതുതന്നെ പഠിപ്പിക്കുന്നു. അടുത്തിടെ, ഉത്തർപ്രദേശിലെ വാരണാസിയിൽ പ്രചോദനാത്മകമായ ഒരു പ്രയത്നം കണ്ടു. അവിടെ, ഒരു മണിക്കൂറിനുള്ളിൽ 2,51,000ത്തിലധികം തൈകൾ നട്ടുപിടിപ്പിച്ചു, അങ്ങനെ ഒരു പുതിയ ഗിന്നസ് വേൾഡ് റെക്കോർഡ് ഉണ്ടായി. ഇതിൽ ഏറ്റവും ശ്രദ്ധേയമായ കാര്യം ആയിരക്കണക്കിന് ആളുകളുടെ ഒരുമിച്ചുള്ള പങ്കാളിത്തമായിരുന്നു. വിദ്യാർത്ഥികൾ, യുവാക്കൾ, സന്നദ്ധ സംഘടനകൾ, വിവിധ സ്ഥാപനങ്ങൾ ഒക്കെ ഈ പ്രവർത്തനം സാധ്യമാക്കാൻ ഒന്നിച്ചു. ഏക് പേഡ് മാം കേ നാംഎന്ന കാമ്പെയ്നിലും ഇതേ തരത്തിലുള്ള പൊതുജനപങ്കാളിത്തം പ്രകടമാണല്ലോ. ഈ കാമ്പെയ്നിന്റെ കീഴിൽ, രാജ്യമെമ്പാടും കോടിക്കണക്കിന് മരങ്ങൾ നട്ടുപിടിപ്പിച്ചിട്ടുണ്ട്.

സുഹൃത്തുക്കളേ,

നാഗാലാൻഡിലെ ചിസാമി ഗ്രാമത്തിൽ നിന്ന് വളരെ പ്രോത്സാഹനജനകമായ ഒരു ശ്രമം ഉയർന്നുവന്നിട്ടുണ്ട്. ചിസാമി ഗ്രാമത്തിലെ സ്ത്രീകൾ ഒരുമിച്ചുചേർന്ന് 150ലധികം ഇനം പരമ്പരാഗത വിത്തുകൾ സംരക്ഷിക്കുന്നു. ഗ്രാമത്തിലെ സ്ത്രീകൾ തന്നെ നടത്തുന്ന ഒരു കമ്മ്യൂണിറ്റി സീഡ് ബാങ്കിലാണ് ഈ വിത്തുകൾ സംരക്ഷിക്കുന്നത്. അരി, തിന, ചോളം, പയർവർഗ്ഗങ്ങൾ, പച്ചക്കറികൾ, വിവിധതരം ഔഷധസസ്യങ്ങൾ എന്നിവ ഇതിൽ ഉൾപ്പെടുന്നു. അറിവുകൾ സംരക്ഷിക്കുകയും പാരമ്പര്യങ്ങൾ നിലനിർത്തുകയും ഭാവി തലമുറയ്ക്ക് ശക്തമായ അടിത്തറയിടുകയും ചെയ്യുന്ന ഒരു ശ്രമമാണിത്.

സുഹൃത്തുക്കളേ,

ലോകം ഇന്ന് കാലാവസ്ഥാ വ്യതിയാനം പോലുള്ള വെല്ലുവിളികളെ നേരിടുമ്പോൾ, പരിഹാരങ്ങൾ എല്ലായ്പ്പോഴും അകലെയല്ലെന്ന് ഇത്തരം ശ്രമങ്ങൾ നമ്മെ പഠിപ്പിക്കുന്നു. പലപ്പോഴും നമ്മുടെ സ്വന്തം പരമ്പരാഗത അറിവുകളും കൂട്ടായ പരിശ്രമങ്ങളും നമുക്ക് മുന്നോട്ടുള്ള ഏറ്റവും ശക്തമായ പാത വാഗ്ദാനം ചെയ്യുന്നു.

എന്റെ പ്രിയപ്പെട്ട നാട്ടുകാരേ,

നിങ്ങൾ ഇന്ന് വലുതോ ചെറുതോ ആയ നമ്മുടെ ഏതെങ്കിലും നഗരം സന്ദർശിക്കുകയാണെങ്കിൽ, തീർച്ചയായും ഒരു മാറ്റം നിങ്ങൾ ശ്രദ്ധിക്കും. വീടുകളുടെ മേൽക്കൂരകളിൽ സോളാർ പാനലുകൾ സ്ഥാപിച്ചിരിക്കുന്നത് നിങ്ങൾക്ക് കാണാം. കുറച്ച് വർഷങ്ങൾക്ക് മുമ്പ് വരെ, ഇത് കുറച്ച് വീടുകളിൽ മാത്രമേ കണ്ടിരുന്നുള്ളൂ. എന്നാൽ ഇന്ന്, പി.എം. സൂര്യ ഘർ മുഫ്ത് ബിജ്ലി യോജനയുടെ സ്വാധീനം രാജ്യത്തിന്റെ എല്ലാ കോണുകളിലും കാണപ്പെടുന്നു. ഈ പദ്ധതിയിലൂടെ ഗുജറാത്തിലെ സുരേന്ദ്രനഗർ ജില്ലയിലെ പായൽ മുംജ്പാരയുടെ ജീവിതത്തിൽ വലിയ മാറ്റം വന്നിരിക്കുന്നു. സൂര്യ ഇനിഷ്യേറ്റീവിലൂടെ സൗരോർജ്ജ സാങ്കേതികവിദ്യയിൽ പരിശീലനം നേടിയ അവർ നാല് മാസത്തെ സോളാർ പി.വി. ടെക്നീഷ്യൻ കോഴ്സ് പൂർത്തിയാക്കി. അവർ ഇപ്പോൾ ഒരു നൈപുണ്യമുള്ള സോളാർ ടെക്നീഷ്യനായി മാറിയിരിക്കുന്നു. ഒരു സോളാർ സംരംഭക എന്ന നിലയിൽ പായൽ പ്രശസ്തയാണ്. അടുത്തുള്ള ജില്ലകളിലെ സോളാർ റൂഫ്ടോപ്പ് ഇൻസ്റ്റലേഷനുകളിലൂടെ അവർ എല്ലാ മാസവും ആയിരക്കണക്കിന് രൂപ സമ്പാദിക്കുന്നു.

സുഹൃത്തുക്കളേ,

മീററ്റിൽ നിന്നുള്ള അരുൺ കുമാറും ഇപ്പോൾ തന്റെ പ്രദേശത്തെ ഒരു ഊർജ്ജ ദാതാവായി മാറിയിരിക്കുന്നു. അടുത്തിടെ, ഡൽഹിയിൽ നടന്ന ഒരു പരിപാടിയിൽ അരുൺ കുമാർ പങ്കെടുക്കുകയും തന്റെ അനുഭവങ്ങൾ പങ്കുവെക്കുകയും ചെയ്തു. വൈദ്യുതി ബില്ലുകൾ ലാഭിക്കുക മാത്രമല്ല, തന്റെ മിച്ച വൈദ്യുതി വിൽക്കുകയും ചെയ്യുന്നുണ്ടെന്ന് അദ്ദേഹം പറഞ്ഞു.

സുഹൃത്തുക്കളേ,

ജയ്പൂരിൽ നിന്നുള്ള മുരളീധർ സമാനമായ വിജയം നേടിയിട്ടുണ്ട്. മുമ്പ്, അദ്ദേഹത്തിന്റെ കൃഷി ഡീസൽ പമ്പിനെ ആശ്രയിച്ചിരുന്നു, അതിന് എല്ലാ വർഷവും ആയിരക്കണക്കിന് രൂപ ചിലവാകുമായിരുന്നു. അദ്ദേഹം ഒരു സോളാർ പമ്പ് സ്ഥാപിച്ചപ്പോൾ, കൃഷി രീതി പൂർണ്ണമായും മാറി. ഇപ്പോൾ അദ്ദേഹത്തിന് ഇന്ധനത്തെക്കുറിച്ച് വിഷമിക്കേണ്ടതില്ല, കൃത്യസമയത്ത് ജലസേചനം നടക്കുന്നു, അദ്ദേഹത്തിന്റെ വാർഷിക വരുമാനവും വർദ്ധിച്ചു. ഏറ്റവും പ്രധാനപ്പെട്ട കാര്യം ഇപ്പോൾ അദ്ദേഹത്തിന്റെ കുടുംബം ശുദ്ധ ഊർജ്ജം ഉപയോഗിച്ച് മെച്ചപ്പെട്ട ജീവിതം നയിക്കുന്നു എന്നതാണ്.

സുഹൃത്തുക്കളേ,

പി.എം. സൂര്യ ഘർ മുഫ്ത് ബിജ്ലി യോജനയുടെ ഗുണങ്ങൾ വടക്കുകിഴക്കൻ സംസ്ഥാനങ്ങളിലും ലഭിക്കുന്നുണ്ട്. ത്രിപുരയിൽ, റിയാങ് ഗോത്രത്തിലെ നിരവധി ഗ്രാമങ്ങളിൽ വൈദ്യുതി പ്രശ്നങ്ങൾ ഉണ്ടായിരുന്നു. ഇപ്പോൾ, സോളാർ മിനി ഗ്രിഡുകൾ വഴി, അവരുടെ വീടുകൾ പ്രകാശപൂരിതമായി. ഇപ്പോൾ സന്ധ്യയ്ക്കു ശേഷവും അവിടത്തെ കുട്ടികൾക്ക് പഠിക്കാൻ കഴിയുന്നു. ആളുകൾക്ക് അവരുടെ മൊബൈൽ ഫോണുകൾ ചാർജ് ചെയ്യാൻ കഴിയുന്നു. ഗ്രാമത്തിന്റെ സാമൂഹിക ജീവിതവും മാറിയിരിക്കുന്നു.

സുഹൃത്തുക്കളേ,

രാജ്യത്ത് സൗരോർജ്ജ വിപ്ലവത്തിന്റെ എണ്ണമറ്റ ഉദാഹരണങ്ങളുണ്ട്. ഈ വിപ്ലവത്തിൽ നിങ്ങളും പങ്ക് ചേരൂ, മറ്റുള്ളവരെയും ചേർക്കൂ.

എന്റെ പ്രിയപ്പെട്ട നാട്ടുകാരേ,

എല്ലാ മാസവും മൻ കി ബാത്പരിപാടിക്കായി രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്ന് എനിക്ക് അസംഖ്യം സന്ദേശങ്ങൾ ലഭിക്കുന്നു. ഉൾപ്രദേശങ്ങളിലെ ആളുകൾ ഈ പരിപാടി എത്രമാത്രം താല്പര്യത്തോടെ കേൾക്കുന്നുവെന്നും ഈ സന്ദേശങ്ങൾ വെളിപ്പെടുത്തുന്നു. നിങ്ങളുടെ നിർദ്ദേശങ്ങൾ വായിക്കുമ്പോൾ, ഇത് വെറുമൊരു പരിപാടിയല്ല; നമ്മൾ പരസ്പരം പങ്കിടുന്ന സംഭാഷണമായി ഇത് മാറിയിരിക്കുന്നുവെന്നാണ് എനിക്ക് തോന്നുന്നത്. നിങ്ങളുടെ നിർദ്ദേശങ്ങളും അനുഭവങ്ങളും ഈ പരിപാടി തുടർച്ചയായി മെച്ചപ്പെടുത്താൻ എനിക്ക് പ്രേരണ നൽകുന്നു. നിങ്ങളുടെ ചുറ്റുപാടുകളിൽ നിന്നുള്ള പ്രേരണാദായകമായ കഥകൾ പങ്കിടുന്നത് തുടരുക. ഒരുപക്ഷേ നിങ്ങളുടെ ചെറിയ പരിശ്രമം മറ്റൊരാളുടെ ജീവിതത്തിൽ വലിയ മാറ്റം വരുത്താം, ചിലർക്ക് മുന്നോട്ട് പോകാൻ ധൈര്യം നൽകാം. ഇതുതന്നെയാണ് റേഡിയോയുടെ യഥാർത്ഥ ശക്തി. രാജ്യത്തിന്റെ വിവിധ കോണുകളിലുള്ള ആളുകളെ ഒരേ ചിന്ത, ഒരേ വികാരം, ഒരേ ലക്ഷ്യം എന്നിവയുമായി ഇത് ബന്ധിപ്പിക്കുന്നു. പുതിയ സ്വാധീനമുള്ള വ്യക്തികളുമായി, മുന്നോട്ട് പോകാൻ നമുക്ക് പുതിയ ഊർജ്ജം നൽകുന്ന ചില ശ്രമങ്ങളുമായിഅടുത്ത മാസം നമ്മൾ വീണ്ടും ഒത്തുചേരും.

അതുവരെ, സ്വയം പരിപാലിക്കുക, സ്വന്തം കുടുംബത്തെയും പരിപാലിക്കുക, ആരോഗ്യത്തോടെയിരിക്കുക, സന്തോഷത്തോടെയിരിക്കുക.

നന്ദി, ഒരായിരം നന്ദി.

# Important Days and Dates in April 2026

1st April- **Odisha Day**

Odisha Day, also known as Utkal Divas, marks the formation of the state of Odisha on April 1, 1936. This day celebrates Odisha's rich history, culture, and contributions while honoring the efforts that led to its recognition as a separate state.

1st April: **Prevention of Blindness Week**

It is observed from April 1 to April 7 to spread awareness about the causes of blindness and ways to prevent them.

2nd April - **World Autism Awareness Day**

World Autism Awareness Day is observed on April 2 to raise awareness about autism and educate people about it.

2 April- **International Fact-Checking Day**

On April 2, the world celebrates International Fact-Checking Day, which focuses on correcting the record and shielding the public from false information or "fake news." The International Fact-Checking Network (I.F.C.N. ), which collaborates with several media outlets worldwide, is responsible for its official promotion. The fact that April 2 happens the day after April Fools' Day adds to the date's significance by subtly highlighting the dichotomy between "fool vs fact."

4 April- **International Day of Mine Awareness**

Every Year on 4 April International Day for Mine Awareness and Assistance in Mine Action is observed to spread awareness about the threat caused by landmines to the safety, health, and lives of civilian populations and encourages state Governments to develop mine-clearing programs.

4 April- **International Carrot Day**

In 2003, the lively root's first annual festival was held with the sole purpose of honouring the essential salad ingredient. At present, the event is celebrated with great joy and interest in France, Italy, Sweden, Russia, Australia, Japan, and the United Kingdom.

5 April- **National Maritime Day**

On 5th April every year in India National Maritime day is observed because on this date in 1919 navigation history was created SS Loyalty, the first ship of The Scindia Steam Navigation Company Ltd journeyed to the United Kingdom. It was a red-letter day in the account of Indian navigation.

5 April- **International Day of Conscience**

The United Nations General Assembly observes the International Day of Conscience to recognise the significance of the human conscience. An essential intellectual characteristic that sets humans apart from the rest of the animal kingdom is the conscience.

6 April - **International Day of Sports For Development And Peace**

An annual celebration of the ability of sport to promote social change, community development, and peace and understanding is observed as the International Day of Sport for Development and Peace.

6 April- **Rama Navami**

Rama Navami is a Hindu festival that celebrates the birth of Lord Rama, the seventh incarnation of Lord Vishnu. Devotees observe the day with prayers, fasting, and recitations from the Ramayana, honoring Rama's virtues and teachings.

7 April- **World Health Day**

Therefore, World Health Day is celebrated worldwide every year on the 7th of April. Various programs and arrangements are managed by the World Health Organization. It was the first time celebrated in 1950.

10 April - **World Homoeopathy Day (WHD)**

WHD is observed every year on 10 April to pay tribute to the founder and father of the Homeopathy system of medicine Dr. Christian Friedrich Samuel Hahnemann. The main aim of this day is to spread knowledge about Homeopathic medicine in public health. In fact from 10 April to 16 April World Homeopathy Week is celebrated annually and is organized by the World Homeopathy Awareness Organisation. Basically, this day is celebrated both for homoeopaths and also for those who have been healed with homoeopathy.

10 April - **Siblings Day**

Siblings are an important part of our lives. One cannot imagine his or her life without siblings. To honour our siblings, to show affection, to appreciate one another. National Siblings Day is celebrated every year on April 10. In India, the occasion of Raksha Bandhan celebrates the special bond between siblings. Siblings Day is celebrated in many parts of the world like the United Kingdom, Australia, India, etc. but is not federally recognized.

April 10- **Mahavir Jayanti**

This is the most auspicious day for Jains and is observed by the Jain community across the world in memory of the last spiritual teacher of Jainism (Mahavir). This year it is celebrated on April 10.

11 April - **National Safe Motherhood Day (NSMD)**

NSMD is observed on 11 April every year to create awareness about maternity facilities, lactating women, and also for proper health care given to women.

11 April- **World Parkinson's Day**

World Parkinson's Day is observed annually on April 11 to bring attention to this degenerative condition of the neurological system. Over 10 million people worldwide suffer from Parkinson's disease, according to the latest data from the Parkinson's Foundation.

April 12- **Hanuman Jayanti**

Hanuman Jayanti, a Hindu holiday, commemorates the birth of the Hindu deity and ardent Lord Rama devotee. The festival is celebrated on the full moon day of the Hindu month of Chaitra in the majority of Indian states.

13 April - **Jallianwala Bagh Massacre**

It took place on 13 April 1919 at Amritsar and is also known as the Amritsar massacre. On this day, British troops under the Command of Gen Dyer fired on a large crowd of unarmed Indians in Amritsar in Punjab of India. Several hundred people were killed and many hundreds were wounded.

April 13: **Baisakhi Day**

It is a spring harvest festival that is celebrated every year on April 13 or 14 by members of the Punjabi community. This year it is celebrated on April 13 It is one of the significant festivals for Sikhs, which is observed in India and throughout the world.

14 April- **B.R. Ambedkar Remembrance Day**

B.R. Ambedkar Remembrance Day is also known as Ambedkar Jayanti or Bhim Jayanti which is observed on 14 April to commemorate the memory of B.R. Ambedkar. This day celebrates the birthday of Baba Saheb Bhimrao Ambedkar, an Indian politician, and social rights activist.

April 14: **Puthandu or Tamil New Year**

The first day of the year on the Tamil calendar is called Puthandu, commonly known as Tamil New Year. This celebration usually falls on April 14 of the Gregorian calendar. It is celebrated with traditional ceremonies, eating, and cultural events in the Indian state of Tamil Nadu as well as in some regions of Sri Lanka and Malaysia.

April 14: **Solar New Year or Mesha Sankranti**

In the Hindu lunisolar calendar, Mesha Sankranti denotes the first day of the solar cycle year, which is also known as the solar New Year. It symbolises a particular solar movement that marks the sun's entry into the sign of Aries, according to ancient Sanskrit literature. In the Assamese, Odia, Punjabi, Malayalam, Tamil, and Bengali calendars, the solar cycle year is important. The day also serves as the foundation for important Buddhist, Sikh, and Hindu festivals.

April 14: **Vishu**

Vishu, the cultural festival celebrates the Hindu New Year in the part of Kerala, Tulu Nadu, and Mahe of India. According to the Malayalam solar calendar, the first month of Medam is referred to as Vishu. It is observed annually on April 15. The Malayalam New Year is observed with tremendous fervour and pomp for a better future full of optimism and hope.

April 15: **Pohela Boishakh**

The first day of the Bengali calendar is called Poila Boishakh, often referred to as Bangla Noboborsho. It is observed on April 14 in Bangladesh and April 15 in the Indian states of West Bengal, Tripura, Jharkhand, and Assam (Barak Valley), according to the lunisolar calendar. The Bengali business class begins its fiscal year on this day as well.

17 April - **World Haemophilia Day**

World Haemophilia Day is observed on 17 April every year to increase awareness about hemophilia disease and other inherited bleeding disorders. In 1989, World Haemophilia Day was started by the World Federation of Haemophilia (WFH) in honor of WFH founder Frank Schnabel's birthday.

18 April- **World Heritage Day**

This day is observed every year on 18 April to preserve the human heritage and recognize the efforts of all the relevant organizations in the field. This day was announced by the International Council on Monuments and Sites (ICOMOS) in 1982 and was approved by the General Assembly of UNESCO in 1983.

19 April - **World Liver Day**

It is observed on 19 April to spread awareness about the diseases related to the liver. The liver is the second largest organ in the body. After the brain, it is also the second most complex organ in the body. It performs various crucial functions associated with digestion, immunity, metabolism, and the storage of nutrients within the body.

21 April - **National Civil Service Day**

Every year on 21 April Civil Service Day is celebrated to rededicate and recommit themselves to the cause of the people. On this day Civil servants from various parts of the country come together, share their experiences and also learn about others' experiences of working in the public sector.

22 April- **World Earth Day**

This day is observed every year on 22 April to mark the anniversary of the birth of the modern environmental movement in 1970. In the Universe Earth is the only planet where life is possible and so it is necessary to maintain this natural asset. World Earth Day is celebrated to increase awareness about the importance of the planet.

23 April - **World Book and Copyright Day**

Every year on 23rd April this day is celebrated to promote the enjoyment of books and reading. It is necessary to recognize the magical powers of books because they generate a link between the past and the future, a bridge between generations and across cultures.

# IMPORTANT DAYS AND DATES IN APRIL 2026

23 April - **English Language Day**

English Language Day is celebrated on 23 April annually and is a United Nations (UN) observance day. The day coincides with both the birthday and death day of William Shakespeare and World Book Day

24 April - **National Panchayati Raj Day**

National Panchayati Raj Day is celebrated every year on 24 April in India. On this day Constitution came into force with effect on 24 April 1993. In 2010 the first National Panchayati Raj Day was celebrated. A new part in the Constitution Part IX was added bypassing the 73rd Amendment Act from Article 243 to 243 (O) titled "The Panchayats" and a new Eleventh Schedule consisting of 29 subjects within the functions of Panchayats was also added.

24 April- **Sachin Tendulkar's Birthday**

The God of Cricket has set an example as the best cricketer who was loved by all the people in the world. He is an inspiration to millions of people and is also known as a master blaster, little master, etc.

24 April- **World Day For Animals in Laboratories**

World Lab Animal Day is another name for World Day For Animals In Laboratories, observed every year on April 24 globally. The purpose of this day is to draw attention to the suffering and killing of animals that take place in laboratories all around the world.

25 April - **World Malaria Day**

World Malaria Day is celebrated every year on 25 April to raise awareness about the disease malaria, how to control it, and how to eradicate it completely. In 2008, the first Malaria Day was celebrated, which was developed from Africa Malaria Day, which was an event observed since 2001 by the African governments. At the 60th session of the World Health Assembly in 2007, it was proposed that Africa Malaria Day be changed to World Malaria Day.

25 April- **World Penguin Day**

World Penguin Day is celebrated annually on April 25. The day raises awareness about penguin conservation and the importance of protecting these charismatic birds and their habitats. It coincides with the annual northern migration of Adélie penguins in Antarctica.

26 April - **World Intellectual Property Day**

This day is celebrated every year on 26 April and was established by the World Intellectual Property Organisation (WIPO) in 2000 to raise awareness of how patents, copyright, trademarks, and designs impact daily life. And also it plays an important role that intellectual property rights play in encouraging innovation and creativity.

27 April- **World Tapir Day**

World Tapir Day is marked every year on April 27 in an effort to bring attention to these seriously endangered species of Tapir and to promote protection for present and future generations. The purpose of the day is to spread knowledge about this unpopular animal and prevent the extinction of this endangered species.

27 April- **World Design Day**

The day honours all facets of design, including form, aesthetics, and functionality. Additionally, it advances visual communication, graphic design, awareness, promotion, management, and training on a global scale. The purpose of World Design Day is to inspire and increase public awareness of the importance of design.

28 April - **World Day for Safety and Health at Work**

This day is observed on 28 April every year by the International Labour Organisation (ILO) since 2003. This day marks how to improve occupational safety, and health and looks to continue these efforts through several changes like technology, demographics, climate change, etc.

29 April - **International Dance Day**

It is observed on April 29 annually and is also known as World Dance Day. It is a wake-up call for governments, politicians, and institutions that have not yet recognized the importance of dance.

29 April- **International Astronomy Day**

International Astronomy Day is observed twice a year, on May 15 and October 9, respectively, just before the first quarter moon of spring and fall. Doug Berger, who at the time served as the president of the Astronomical Association of Northern California, established World Astronomy Day. He wanted to pique urban residents' interest in astronomy.

29 April- **International Sculpture Day**

Every year, on the last Saturday in April, which occurs on April 29 this year, we mark International Sculpture Day. It is a celebration that honours sculpting and works that have been sculpted.

30 April - **World Veterinary Day**

Every year on the last Saturday of April, people around the world come together to raise awareness about the vital roles that veterinarians play. The World Organization creates this day for animal health and the World Veterinary Association.

30 April- **International Jazz Day**

Every year on April 30, World Jazz Day is observed to honour the origins of jazz and its global impact. Jazz, which is referred to as "America's classical music," originated in New Orleans more than a century ago. In 2011, the UN and renowned jazz musician Herbie Hancock collaborated to establish International Jazz Day.

April 30- **Ayushman Bharat Diwas**

The purpose of Ayushmaan Bharat Diwas is to promote the goals of the Ayushman Bharat Yojana. This program demonstrates the accomplishment of Indian government goals that are in line with the UN's Sustainable Development Goals (SDGs).

# പ്ലീഡർ അയ്യങ്കാരുടെ രാമേശ്വരം കൗപീനം

**ചില ദിവസങ്ങളിൽ കോടതിയിൽനിന്നു സൈക്കിൾ റിക്ഷയിൽ കയറി തിരികെ മഠത്തിലേക്ക്, എത്തേണ്ട ദിശയോ, വഴിയുടെ പേരു പോലും സ്വാമി മറക്കുന്നു. ഈ അവസ്ഥ അറിയാതിരിക്കാൻ ഓരോ തരത്തിലുള്ള വിദ്യകൾ പ്രയോഗിക്കാൻ തുടങ്ങി.**

തിരിഞ്ഞ് ഗൃഹസ്ഥാശ്രമം നേടി. സ്വാമീ... സന്യാസത്തിന് കൗപീനം ഒന്നും വേണ്ട. നല്ല ഉറച്ച മനസ്സു മതി."

റപ്പായി തമാശയും കാര്യവും കലർത്തി ഈ സാരാംശം സ്വാമിക്കു മുൻപിൽ വിളമ്പി. ഇടയ്ക്കിടയ്ക്ക് ഇവർ ഇങ്ങനെയാണ്. കൊണ്ടുവന്ന കൗപീനത്തിൽ അഞ്ചെണ്ണം താണുപിള്ളയ്ക്കു കൊടുത്തിട്ട് സ്വാമി വല്ലപ്പോഴൊക്കെ ചോദിക്കും, താണുപിള്ളെ! കൗപീനം കെട്ടിയിട്ട് സുഖമല്ലെ? 'ബഹുവിശേഷം' എന്നു പിള്ളേച്ചൻ മറുപടി പറയും.

വർഷങ്ങൾ അങ്ങനെ കടന്നുപോയിക്കൊണ്ടിരുന്നു. അയ്യങ്കാർ വക്കീലിന് ഓർമക്കുറവ് പൂർവാധികം ബാധിച്ചു. പല കക്ഷികളുടെയും പേരുകൾ പെട്ടെന്ന് ഓർമയിൽ എത്താതായി. നാട്ടുഭാഷയിൽ പറഞ്ഞാൽ റിലെ വിട്ടു തുടങ്ങി. എന്തിന് സ്വന്തം ഗുമസ്തന്റെ പേരുപോലും പറയാൻ ബുദ്ധിമുട്ട്. തനിക്ക് ഓർമക്കുറവുണ്ടെന്ന് അറിയാമെങ്കിലും, ഇല്ലെന്നു നടിച്ചും അഭിനയിച്ചും മുൻപോട്ടുപോയി.

ചില ദിവസങ്ങളിൽ കോടതിയിൽനിന്നു സൈക്കിൾ റിക്ഷയിൽ കയറി തിരികെ മഠത്തിലേക്ക്, എത്തേണ്ട ദിശയോ, വഴിയുടെ പേരുപോലും സ്വാമി മറക്കുന്നു. ഈ അവസ്ഥ അറിയാതിരിക്കാൻ ഓരോ തരത്തിലുള്ള വിദ്യകൾ പ്രയോഗിക്കാൻ തുടങ്ങി.

സൈക്കിൾ റിക്ഷയിൽ കയറിയ ശേഷം മെയിൻ റോഡിലേക്കു റിക്ഷാ കയറ്റാൻ കൈയാംഗ്യത്തിൽ നിർദേശിക്കും. റോഡിന്റെ പേര് ഓർമയിൽ എത്താത്തപ്പോൾ, വീടിരിക്കുന്ന ദിക്കിലേക്കു കൈചൂണ്ടി റിക്ഷാ മുൻപോട്ടുപോകാൻ പറയും. കുറേദൂരം പോകുമ്പോൾ, വക്കീലദ്ദേഹത്തിന് ഏതു വഴിയിലുള്ള വീട്ടിലേക്കാണ് പോകേണ്ടതെന്നു ചോദിച്ചാൽ, അടുത്തു കാണുന്ന ഏതെങ്കിലും മുക്കിൽ റിക്ഷാ നിർത്താൻ നിർദേശിക്കും. അവിടെ നിൽക്കുന്ന ഏതെങ്കിലുമൊരാളോടോ തൊട്ടടുത്തു കട നടത്തുന്നവരോടോ, അയ്യങ്കാരുടെ മഠത്തിലേക്കു പോകുന്ന വഴി ചോദിക്കാൻ ആവശ്യപ്പെടും. സ്ഥലവാസിയായ ആളോ കടയുടെ ഉടമയോ ചോദ്യം കേട്ട് അയ്യോ സ്വാമിയുടെ മഠത്തിലേക്കു പോകേണ്ടത് അടുത്ത ഇടത്തോട്ടു കിടക്കുന്ന വഴിയല്ലെ? സ്വാമി റിക്ഷയിൽ ഉണ്ടല്ലോ, എന്നിട്ടെന്തിനാ ഞങ്ങളോട് ചോദിച്ചത്?' അറിയാവുന്നവർ തിരിച്ചു പലപ്പോഴും ചോദിച്ചിട്ടുണ്ട്.

ഈ അടവുനയം കണ്ട് അയ്യങ്കാരോട് ഒരിക്കൽ ഒരു റിക്ഷാക്കാരൻ ചോദിച്ചു:

"അല്ല വക്കീലദ്ദേഹത്തിന് സ്വന്തം മഠത്തിലേക്കു പോകാനുള്ള വഴി അറിയില്ലെ? എന്തിനാണ് ഇവരോടൊക്കെ ചോദിക്കുന്നത്?"

"എടേയ്! അറിയാഞ്ഞിട്ടല്ല. അവിടെയുള്ളവർക്ക് എന്റെ മഠം എവിടെയാണെന്ന് അറിയാമോ എന്ന് അന്വേഷിച്ചതാ."

അയ്യങ്കാർ തന്റെ സ്വതസ്സിദ്ധമായ ബുദ്ധി ഉപയോഗിച്ചു മറവി മറച്ചുപിടിക്കാൻ കഠിനയത്നം തുടർന്നുകൊണ്ടേയിരുന്നു. ഒരു ദിവസം അദ്ദേഹം രാവിലെ കോടതിയിലേക്കു പോകുവാനുള്ള ഒരുക്കങ്ങൾ തുടങ്ങി. തലപ്പാവ് ഗുമസ്തൻ കെട്ടിവച്ചു, തിരുനെറ്റിയിൽ ത്രിശൂലത്തിൽ കുറിവരച്ചു, മുണ്ടുടുത്തു ബെൽറ്റ് മുറുക്കിക്കെട്ടി. കാലിൽ ഷൂസ് ധരിച്ചു. തൂവെള്ള ഉടുപ്പും ഓവർകോട്ടും ധരിച്ചു. അല്പനേരം കഴിഞ്ഞ് അദ്ദേഹം അങ്ങോട്ടും ഇങ്ങോട്ടും ഗൗരവത്തിൽ ആലോചിച്ചു നടന്നു. അകത്തെ മുറിയിൽ കയറി എന്തോ തപ്പിയിട്ട് കിട്ടാതെ വന്നപ്പോൾ ദ്വേഷ്യഭാവത്തിൽ ഭാര്യയെ വിളിച്ച് ചോദിച്ചു:

"താത്തീ...! എന്നുടെ കൗപീനം എവിടെ?"

ഗുമസ്തനും താത്തീം പെട്ടെന്ന് അവിടെയും ഇവിടെയും കയറിയിറങ്ങി അന്വേഷിച്ചു.

"ഇവിടെ അകത്ത്, അലക്കി ഉണക്കിയ അഞ്ചെണ്ണം അയയിൽ ഒന്നിച്ച് തൂക്കി ഇട്ടിരുന്നു. ഒന്നും കാണുന്നില്ല. രാവിലെ വരെ അതു ഞാനിവിടെ കണ്ടതാണ്." ഭാര്യ സാക്ഷീകരിച്ചു.

അയ്യങ്കാരുടെ നടപ്പിൽ അല്പം അപാകത തോന്നി, ഗുമസ്തൻ താണുപിള്ള ബഹുമാനപുരസരം രഹസ്യത്തിൽ ഓഫിസിന്റെ മൂലയിൽ അദ്ദേഹത്തെ വിളിച്ചുകൊണ്ടുപോയി മൊഴിഞ്ഞു:

"അല്ല, വക്കീലദ്ദേഹം, ആ ഉടുത്ത മുണ്ട് ഒന്നൊന്നെ പൊക്കി കാണിക്കാമോ? ഞാനൊന്നു സൂക്ഷിച്ചുനോക്കട്ടെ."

സ്വാമി അല്പം നാണത്തോടെ തുണി പൊക്കി. ഗുമസ്തൻ താണുപിള്ള കുനിഞ്ഞ് ഒന്നേ നോക്കിയുള്ളു. പെട്ടെന്ന് തലയുയർത്തി അദ്ഭുതത്തിൽ ചോദിച്ചു:

"വക്കീലദ്ദേഹം ഇതെന്തവാ! അഞ്ചു കൗപീനങ്ങൾ ഒന്നിച്ചുകെട്ടിയിരിക്കുന്നു."

അദ്ദേഹം അതിനും ന്യായീകരണം കണ്ടെത്തി. തന്റെ മറവിരോഗം മറച്ചു വയ്ക്കാൻ ഗുമസ്തൻ താണുപിള്ളയോട് മറുപടിയായി പറഞ്ഞു:

"എടെയ് താണുപിള്ളെ! തന്നോട് പല തവണ പറഞ്ഞിട്ടില്ലെ, രാമേശ്വരം കൗപീനം എത്രണ്ണം കെട്ടിയാലും അതവിടെ ഉണ്ടോ എന്നറിയില്ല."

"വക്കീലദ്ദേഹം, എല്ലാം അഴിച്ചുവച്ചിട്ട് ഒന്നു കെട്ടിക്കൊണ്ടു പോകാമല്ലോ. താമസിക്കണ്ട. കോടതി ബഞ്ചിൽ കയറാറായി."

"എടെയ് താണുപിള്ളെ! കെട്ടിയതു കെട്ടി, റൊമ്പ സുഖമുണ്ട്, ഇനിം അഴിക്കത്തില്ല, താൻ ശീഘ്രം സൈക്കിൾ റിക്ഷ വിളിച്ചോണ്ടുവാ. ഒരു സീക്രട്ട് കാര്യം കൂടിയുണ്ട്. താൻ ആ റപ്പായി വക്കീലിനോട് ഇവിടെ നടന്നതു ചൊല്ലേണ്ട. അഞ്ചെണ്ണം ഒന്നിച്ചുകെട്ടിക്കൊണ്ടാ ഞാൻ കോടതിയിൽ എത്തിയിരിക്കുന്നതെന്നും ചൊല്ലണ്ടാ, കേട്ടോ"

**വാൽക്കഷണം:**

ചിലർ ഓർമശക്തിയെ തല്ലിക്കെടുത്തുമ്പോൾ പ്രകൃത്യാ ഓർമയില്ലെങ്കിലും ഉണ്ടെന്നു നടിക്കുന്നവരുടെ ഇടയിൽ ജീവിതാവസാനം വരെ ഓർമ വരദാനമായി അനുഭവിക്കുന്നവരുമുണ്ട്.